# സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി 2016

## മാർഗരേഖ (Lineamenta)

## ആധുനിക ലോകത്തിലെ വെല്ലുവിളികളും സഭയുടെ പ്രത്യുത്തരവും

### ജീവിതത്തിലെ ലാളിത്യം, കുടുംബത്തിലെ സാക്ഷ്യം, പ്രവാസികളുടെ ദൗത്യം

"മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്
സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ"
(മത്താ:5:16)

*മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയ*
*മൗണ്ട് സെന്റ് തോമസ്, കാക്കനാട്, കൊച്ചി - 682030*

15 മാർച്ച്, 2016

***Title:***

ആധുനിക ലോകത്തിലെ വെല്ലുവിളികളും സഭയുടെ പ്രത്യുത്തരവും: ജീവിതത്തിലെ ലാളിത്യം, കുടുംബത്തിലെ സാക്ഷ്യം, പ്രവാസികളുടെ ദൗത്യം

***Published and distributed by:***

The Secretariat, The Syro-Malabar Major Archiepiscopal Assembly-2016, Mount St. Thomas, Kakkanad,
Kochi – 682 030, Kerala, India

***Layout and Printing:***

Viani Printings, Ernakulam, Ph.: 0484 2401635

(For private circulation only)

# ഉള്ളടക്കം

**ആമുഖം** 06

## ഒന്നാം വിഭാഗം

## ലാളിത്യം സഭയിലും വ്യക്തിജീവിതത്തിലും

**ആമുഖം** 12

1. **ഈശോയുടെ ലളിത ജീവിതവും പ്രബോധനങ്ങളും** 13
   - 1.1. ഈശോ മിശിഹാ - ലാളിത്യത്തിന്റെ മാതൃക 13
   - 1.2. ഈശോയുടെ ആന്തരിക സ്വാതന്ത്ര്യം: ലാളിത്യത്തിന്റെ ഉദാത്തഭാവം 14
   - 1.3. ക്രിസ്തുവിന്റെ ലാളിത്യവും ക്രിസ്തുശിഷ്യന്റെ പങ്കുവയ്ക്കുവാനുള്ള വിളിയും 17
2. **ലളിതജീവിതം സഭാപ്രബോധനങ്ങളിൽ** 20
   - 2.1. വിശുദ്ധലാളിത്യവും ക്രൈസ്തവജീവിതവും 20
   - 2.2. ലാളിത്യവും വിഭവങ്ങളുടെ വിനിയോഗവും 22
   - 2.3. ലാളിത്യവും പരിസ്ഥിതി ആത്മീയതയും 24
3. **ലാളിത്യ ജീവിതം അഭിമുഖീകരിക്കുന്ന ആധുനിക വെല്ലുവിളികൾ** 25
   - 3.1. ഉപഭോഗസംസ്കാരവും മാനവപുരോഗതിയും 25
   - 3.2. അനുദിനജീവിതത്തിലെ ആഡംബരഭ്രമം 27
   - 3.3. ആഘോഷങ്ങളിലും അനുഷ്ഠാനങ്ങളിലും ആർഭാടം 29
4. **സീറോ മലബാർ സഭയും ലാളിത്യ ആദ്ധ്യാത്മികതയും - ചില പ്രായോഗിക വിചിന്തനങ്ങൾ** 33
   - 4.1. സഭയിലെ അജപാലന നേതൃത്വം 33
   - 4.2. സഭയിലെ സന്യസ്തർ 35
   - 4.3. ഇടവകയും അജപാലനശൈലികളും 36
   - 4.4. അജപാലനമേഖലയിലെ ആധുനിക വെല്ലുവിളികൾ 37
   - 4.5. ക്രിസ്തീയ കുടുംബത്തിലെ ലാളിത്യ വെല്ലുവിളികൾ

ഉപസംഹാരം 40

ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ 42

## രണ്ടാം വിഭാഗം

## കുടുംബത്തിലെ സാക്ഷ്യം

ആമുഖം 45

### ഒന്നാം ഭാഗം

### കുടുംബത്തിന്റെ സുവിശേഷം

1. കുടുംബത്തെക്കുറിച്ചുള്ള ദൈവികപദ്ധതി 46
2. കുടുംബം - ഗാർഹികസഭയെന്ന നിലയിൽ 49
3. കുടുംബം സമൂഹത്തിന്റെ അടിസ്ഥാനകോശമെന്ന നിലയിൽ 51

### രണ്ടാം ഭാഗം

### ആധുനിക കുടുംബത്തിന്റെ വെല്ലുവിളികൾ

1. കുടുംബത്തിന്റെ ഘടനയും സുസ്ഥിരതയും 52
2. സ്നേഹവും വൈകാരികപക്വതയും 54
3. സാമൂഹിക-സാംസ്കാരിക, സാമ്പത്തിക, പരിസ്ഥിതിക വെല്ലുവിളികൾ 56

### മൂന്നാം ഭാഗം

### ഇന്ന് കുടുംബത്തെ ഗുണസമ്പന്നമാക്കാനുള്ള പ്രായോഗികരീതികൾ

1. കുടുംബത്തിന്റെ സുവിശേഷം പ്രഖ്യാപിക്കൽ 59
2. കുടുംബങ്ങളെയും യുവദമ്പതികളെയും സഹഗമിക്കൽ 63
3. കുടുംബവും ക്രൈസ്തവ പരിശീലനവും 65

ഉപസംഹാരം 67
ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ 68

## മൂന്നാം വിഭാഗം

## പ്രവാസികളുടെ ദൗത്യം
## വെല്ലുവിളികളും വീക്ഷണങ്ങളും

ആമുഖം 71
1. പ്രവാസത്തിന്റെ ബൈബിളധിഷ്ഠിതവും ദൈവശാസ്ത്രപരവുമായ കാഴ്ചപ്പാടുകൾ 71
2. പ്രവാസത്തിന്റെ സ്വഭാവവും സങ്കീർണ്ണതയും 74
3. സീറോ മലബാർ പ്രവാസം: ചരിത്രവും വളർച്ചയും 77
4. പ്രവാസികളുടെ വെല്ലുവിളികൾ 81
5. സീറോ മലബാർ പ്രവാസത്തെക്കുറിച്ചുള്ള വീക്ഷണങ്ങൾ 86

ഉപസംഹാരം 103
ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ 103

# ആമുഖം

മാർത്തോമാക്രിസ്ത്യാനികളുടെയിടയിടയിൽ നിലവിലിരുന്ന "യോഗം" എന്ന് വിളിക്കപ്പെടുന്ന പുരാതന സഭാസംവിധാനത്തിന്റെ പുനരുദ്ധരിച്ചതും നവീകൃതവുമായ രൂപമാണ് സീറോമലബാർ സഭയുടെ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ അസംബ്ലി. സാധാരണയായി മേജർ ആർച്ചുബിഷപ് അഞ്ചു വർഷത്തിലൊരിക്കൽ അസംബ്ലി വിളിച്ചുകൂട്ടുകയും, സഭാശുശ്രൂഷകളുടെയും സേവനങ്ങളുടെയും വിവിധ മേഖലകൾ പുനരവലോകനം ചെയ്ത് കൂടുതൽ ഫലപ്രദമായ മാർഗ്ഗങ്ങൾ ആരായുകയും ചെയ്യുന്നു.[1] കാലത്തിന്റെ ചുവരെഴുത്തുകൾ മനസ്സിലാക്കി ആനുകാലിക ലോകത്തിൽ കൂടുതൽ ക്രിയാത്മകമായി വർത്തിക്കുന്നതിന് ഉപകരിക്കുന്ന കാര്യങ്ങൾ 2016 ഓഗസ്റ്റ് 25 മുതൽ 28 വരെ നടത്തപ്പെടുന്ന അസംബ്ലിയിൽ ചർച്ച ചെയ്യണമെന്ന് 2015 ജനുവരിയിൽ ചേർന്ന സീറോ മലബാർ സിനഡ് ആഗ്രഹിക്കുകയും അതിലേയ്ക്കായി സഭാ വിശ്വാസികളിൽനിന്ന് വിഷയങ്ങൾ ക്ഷണിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. അതനുസരിച്ച്, രൂപതകൾ, സന്യാസസ്ഥാപനങ്ങൾ, പ്രവാസിസമൂഹങ്ങൾ എന്നിവിടങ്ങളിൽ നിന്നും വിവിധ വിഷയങ്ങൾ സമാഹരിക്കുകയുണ്ടായി. അവയിൽ ഏറ്റവും കൂടുതൽ നിർദ്ദേശിക്കപ്പെട്ടവയായ, ജീവിതത്തിലെ ലാളിത്യം, കുടുംബത്തിലെ സാക്ഷ്യം, പ്രവാസികളുടെ ദൗത്യം എന്നീ മൂന്ന് ആനുകാലിക പ്രസക്തമായ വിഷയങ്ങൾ ഇന്നിന്റെ വെല്ലുവിളികൾക്കുള്ള സഭയുടെ പ്രത്യുത്തരമെന്നനിലയിൽ 2015 ഓഗസ്റ്റിൽ ചേർന്ന മെത്രാൻ സിനഡ് തിരഞ്ഞെടുത്തു. ഈ വിഷയത്രയങ്ങളെ മൂന്ന് കമ്മിറ്റികൾ പ്രത്യേകമായും സംയുക്തമായും പഠിക്കുകയും വിവിധ തലങ്ങളിൽ ചർച്ച ചെയ്യുകയുമുണ്ടായി. അവരുടെ അക്ഷീണപരിശ്രമം വഴിയായുള്ള കണ്ടെത്തലുകളാണ് ഈ മാർഗരേഖ (Lineamenta) മൂന്നു വിഭാഗങ്ങളിലായി അവതരിപ്പിച്ചിരിക്കുന്നത്. വിഷയബന്ധിയായി ഒരുക്കപ്പെട്ടിരിക്കുന്ന ഈ മാർഗരേഖ സഭാത്മകജീവിതവുമായി ബന്ധപ്പെട്ട വിവിധ മേഖ

[1] "Preamble, Statutes of the Major Archiepiscopal Assembly," in *The Code of Particular Law of the Syro-Malabar Church*, Part II, Syro-Malabar Major Archiepiscopal Curia, Mount St. Thomas, Kochi, 2013, p. 100.

ലകളുടെ സമ്പൂർണ്ണമായ അവതരണമൊ നവീകരണമൊ ഉൾക്കൊള്ളുന്നില്ലെങ്കിലും അവ അസംബ്ലിയിലെ ചർച്ചകൾക്ക് ദിശാബോധം നൽകുവാൻ പര്യാപ്തമാണെന്നതിൽ സംശയമില്ല. അപ്രകാരം സഭയിൽ പൊതുവായും അസംബ്ലിയിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് പ്രത്യേകമായും ആശയങ്ങളുടെയും, അനുഭവങ്ങളുടെയും, ആദ്ധ്യാത്മികദാനങ്ങളുടെയും പരസ്പരം പങ്കുവയ്ക്കലിന് ഇതു വഴിതെളിക്കും (1കൊറി 12: 4, 28; എഫേ 4:11).[2]

'ജീവിതത്തിലെ ലാളിത്യം' എന്നതാണ് വിഷയത്രയങ്ങളിൽ ഒന്നാമതായി ഈ മാർഗരേഖയിൽ വിശകലനം ചെയ്യുന്നത്. ക്രിസ്തുശിഷ്യരുടെ കൂട്ടായ്മയെന്ന നിലയിൽ ക്രൈസ്തവസഭ, നസ്രത്തിലെ ഈശോയുടെയും ശിഷ്യരുടെയും മാതൃക അനുകരിച്ച് നിരന്തരമായി ലളിതജീവിതശൈലിയിലേയ്ക്ക് തിരിയണം. ആധുനിക കാലഘട്ടത്തിൽ ഫ്രാൻസീസ് പാപ്പ സുവിശേഷമൂല്യങ്ങളുടെ ഉൾക്കാമ്പിനെക്കുറിച്ചുള്ള ചിന്തകൾ നമ്മിൽ ഉണർത്തിക്കൊണ്ട് ലാളിത്യത്തിന്റെ ആൾരൂപമായിത്തീർന്നിരിക്കുന്നു. അത്യാവശ്യത്തിനുപോലും ലഭിക്കാതെ വരുമ്പോഴും 'മതി' എന്നു പറയാനുള്ള ആത്മീയ കരുത്താണ് ലാളിത്യം. എന്നിരുന്നാലും ലാളിത്യമെന്നത് ആത്മീയപിശുക്ക് അല്ല; മറിച്ച് ഭൗതീകവസ്തുക്കളുടെ നീതിപൂർവ്വകവും മിതവുമായ ഉപയോഗത്തിനും ആവശ്യക്കാരുമായുള്ള ഔദാര്യപൂർണ്ണമായ പങ്കുവയ്ക്കലിനും അത് ഒരുവനെ നിർബന്ധിക്കുന്നു. ആത്യന്തികമായി, എല്ലാം സൃഷ്ടിച്ചവനും എല്ലാറ്റിന്റെയും ഉടയവനുമായ ദൈവത്തോടുള്ള ആനന്ദപൂർണ്ണമായ അടുപ്പം വഴിയാണ് ലളിതജീവിതം വളർത്തേണ്ടതും നിലനിർത്തേണ്ടതും. ഈശോ അഭിലഷിക്കുന്നപോലെയും ഒപ്പം കാലികലോകം ആഗ്രഹിക്കുന്നതുപോലെയും, ക്രിസ്ത്യാനികൾ തങ്ങളുടെ മനോഭാവത്തിലും പ്രവർത്തനശൈലികളിലും, സഭയുടെ ഘടനകളിലും കൂടുതൽ ലാളിത്യം പുലർത്തണം. സമൃദ്ധിയുടെ സംസ്ക്കാരത്തിൽ, ഈശോയുടെ ജീവിതത്തിലെ ലാളിത്യമെന്ന നന്മയെക്കുറിച്ച് ധ്യാനിക്കുവാൻ, അതിന്റെ വെളിച്ചത്തിൽ തന്റെ യഥാർത്ഥ ജീവിതത്തിന്റെ വഴികളെ വിലയിരുത്തു

---

[2] "Preamble, Statutes of the Major Archiepiscopal Assembly," in *The Code of Particular Law of the Syro-Malabar Church*, p. 100.

വാൻ, ഒരുവന് അസാമാന്യമായ ആത്മാർത്ഥതയും ധീരതയും ആവശ്യമാണ്. ഉപഭോഗവാദം, വ്യക്തിവാദം എന്നിവയാൽ സ്വാധീനിക്കപ്പെട്ട ഈ ലോകത്തിൽ, 'ജീവിതത്തിലെ ലാളിത്യം' എന്ന തലക്കെട്ടോടുകൂടിയ ഒന്നാംഭാഗം നമ്മെ ആത്മവിചിന്തനത്തിലേയ്ക്കും നവീകരണത്തിലേയ്ക്കും നയിക്കുന്നു.

'കുടുംബത്തിലെ സാക്ഷ്യം' എന്ന വിഷയമാണ് ഈ മാർഗരേഖയുടെ രണ്ടാം വിഭാഗത്തിൽ ചർച്ച ചെയ്യപ്പെടുന്നത്. കുറച്ചുവർഷങ്ങളായി ലോകം മുഴുവനിലുമുള്ള മെത്രാൻ സമിതികളുടെ അജപാലനശ്രദ്ധ മുഴുവനും കുടുംബത്തെ കേന്ദ്രീകരിച്ചുള്ളതാണ്. 2014 ഒക്ടോബർ 5 മുതൽ 19 വരെയും 2015 ഒക്ടോബർ 4 മുതൽ 25 വരെയും റോമിൽ നടന്ന രണ്ടു മെത്രാൻ സിനഡുകളിലും ക്രിസ്തീയ കുടുംബങ്ങൾ ആധുനിക കാലഘട്ടത്തിൽ അഭിമുഖീകരിക്കുന്ന വിവിധ വെല്ലുവിളികളാണ് പ്രധാനമായും ചർച്ച ചെയ്തത്. സാർവ്വത്രിക സഭയിൽ നടന്ന സിനഡൽ ചർച്ചകളുടെ പാത പിന്തുടർന്ന് അടുത്ത മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ അസംബ്ലിയുടെ വിചിന്തനത്തിനുള്ള ഒരു വിഷയമായി കുടുംബങ്ങളിലെ ക്രിസ്തീയ സാക്ഷ്യം എന്നത് തിരഞ്ഞെടുക്കുവാൻ സീറോ മലബാർ സിനഡ് തീരുമാനിക്കുകയുണ്ടായി. വിശുദ്ധഗ്രന്ഥം, സഭാപാരമ്പര്യങ്ങൾ, സഭാപ്രബോധനങ്ങൾ എന്നിവയ്ക്കാണ് ഈ മാർഗരേഖയിലെ കുടുംബത്തക്കുറിച്ചുള്ള പ്രഥമഭാഗം ഊന്നൽ കൊടുക്കുന്നത്. ത്രിതൈകസ്നേഹം മൂർത്തവത്ക്കരിക്കുന്നുവെന്ന രീതിയിൽ ദൈവശാസ്ത്ര യാഥാർത്ഥ്യമായും ഗാർഹിക സഭ എന്ന രീതിയിൽ സഭായാഥാർത്ഥ്യമായും സമൂഹത്തിന്റെ അടിസ്ഥാന ഘടകമെന്ന രീതിയിൽ രാഷ്ട്രീയ യാഥാർഥ്യമായും കുടുംബത്തെ വീക്ഷിക്കുവാനും വിലയിരുത്തുവാനും ആദ്യഭാഗം നമ്മെ ക്ഷണിക്കുന്നു. സമകാലിക കുടുംബങ്ങൾ നേരിടുന്ന പ്രധാനവെല്ലുവിളികളെ തിരിച്ചറിയുന്നതിനുള്ള പരിശ്രമമാണ് ഇതിന്റെ രണ്ടാംഭാഗത്തുള്ളത്. ആധുനിക കാലഘട്ടത്തിൽ കുടുംബജീവിതത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുവാനുള്ള ചില പ്രായോഗിക നിർദ്ദേശങ്ങളാണ് മൂന്നാം ഭാഗം മുന്നോട്ടു വയ്ക്കുന്നത്. സമകാലിക കുടുംബങ്ങൾ അഭിമുഖീകരിക്കുന്ന വെല്ലുവിളികളെ തിരിച്ചറിയുവാനും നമ്മുടെ കുടുംബങ്ങളെ തിരുക്കുടുംബങ്ങളാക്കി രൂപാന്തരപ്പെടുത്തുവാനുമുള്ള പ്രായോഗിക മാനങ്ങൾ കണ്ടെത്തുവാനും,

ഈ മാർഗരേഖയെ ചുവടുപിടിച്ചുള്ള ചർച്ച ഉപകരിക്കുമെന്ന് പ്രത്യാശിക്കുന്നു.

'പ്രവാസികളുടെ ദൗത്യം' എന്നതാണ് മൂന്നാമതായി ഈ മാർഗരേഖയിൽ ചർച്ച ചെയ്യുന്നത്. സീറോ മലബാർ വിശ്വാസികളുടെ പ്രേഷിതപ്രവർത്തനവും ഭാരതത്തിന്റെയും ലോകത്തിന്റെ തന്നെയും വിവിധ ഭാഗങ്ങളിലേയ്ക്കുള്ള കുടിയേറ്റവും മൂലം ഇന്ന് നമ്മുടെ സഭയ്ക്ക് ആഗോളമാനം കൈവന്നിരിക്കുന്നു. തത്ത്വത്തിൽ, മിഷൻ പ്രവർത്തനവും, കുടിയേറ്റവും ഒരേ നാണയത്തിന്റെ ഇരുവശങ്ങൾ പോലെയാണ്. വിശുദ്ധഗ്രന്ഥത്തിന്റെയും ദൈവശാസ്ത്രത്തിന്റെയും കാഴ്ചപ്പാടനുസരിച്ച്, ലോകത്തിന്റെ വിവിധ സാംസ്ക്കാരിക-ഭാഷാ-മത സാഹചര്യങ്ങളിൽ കർത്താവിന്റെ സുവിശേഷം പ്രഘോഷിച്ചുകൊണ്ട്, നമ്മുടെ വിശ്വാസത്തിന്റെ പിതാവായ തോമാശ്ലീഹായെപ്പോലെ, സാക്ഷ്യം വഹിക്കുവാൻ തിരഞ്ഞെടുക്കപ്പെട്ട ദൈവത്തിന്റെ ജനമാണ് പ്രവാസികൾ. വിശ്വാസത്തിന്റെയും പാരമ്പര്യങ്ങളുടെയും കൈമാറ്റത്തിലും, കുടുംബങ്ങളുടെ പവിത്രതയിലും നമ്മുടെ സഭയിലെ പ്രവാസികൾ അനുഭവിക്കുന്ന പ്രതിസന്ധികൾ അതിജീവിക്കുവാൻ, ലോകത്തിന്റെ എല്ലാ ഇടങ്ങളിലും മെച്ചപ്പെട്ട അജപാലനശുശ്രൂഷ നല്കുവാൻ സീറോമലബാർ സഭ നിർബന്ധിക്കപ്പെടുന്നു. തങ്ങളുടെ സഭയുടെയും സാംസ്ക്കാരത്തിന്റെയും തനിമയിൽ വളരുവാൻ സീറോമലബാർ വൈദീകരുടെ അജപാലന ശുശ്രൂഷ, സഭാതനയർക്ക് ആവശ്യമാണെങ്കിലും സഭയുടെ അധികാരപരിധിയിലുള്ള പരിമിതികൾ മൂലം പലപ്പോഴും, ഇത് നിഷേധിക്കപ്പെടുന്നു. എന്നിരുന്നാലും കല്യാൺ, ഫരീദാബാദ് തുടങ്ങിയ രൂപതകളുടെ സ്ഥാപനം, മറ്റു മിഷൻ രൂപതകൾ, അജപാലനപ്രവർത്തനത്തിനായുള്ള ഭാരതത്തിലുള്ള നമ്മുടെ മിഷൻ കേന്ദ്രങ്ങൾ, അമേരിക്കയിലുള്ള ചിക്കാഗോ രൂപത, കാനഡയിലുള്ള മിസ്സിസൗഗ എക്സാർക്കേറ്റ് എന്നിവ ആഗോള മിഷൻ പ്രവർത്തനത്തിനായുള്ള സീറോ മലബാർ സഭയുടെ തുറക്കപ്പെട്ട വാതായനങ്ങളാണ്. സീറോ മലബാർ പ്രവാസികളുടെ വിവിധ പ്രശ്നങ്ങൾ വരച്ചുകാണിക്കുന്നതു വഴി അവരുടെ പ്രതീക്ഷകളും ആശങ്കകളും സഭ മുഴുവനും ഉൾക്കൊള്ളുകയും മനസ്സിലാക്കുകയും ചെയ്യുമെന്ന് പ്രത്യാശിക്കാം.

സഭയുടെ ആത്മവിചിന്തനത്തിനും, വ്യക്തികൾ, കുടുംബങ്ങൾ, സ്ഥാപനങ്ങൾ എന്നീ തലങ്ങളിലുള്ള നവീകരണത്തിനുമായി ഒരുക്കുന്ന അമൂല്യഅവസരമാണ് മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ അസംബ്ലി. ഇന്നിന്റെ വെല്ലുവിളികൾക്കുള്ള സഭയുടെ പ്രത്യുത്തരം, വിശിഷ്യാ അനുദിനജീവിതത്തിലെ ലാളിത്യം, നമ്മുടെ കുടുംബങ്ങളിലെ ക്രിസ്തീയ സാക്ഷ്യം, ലോകത്തിന്റെ വിവിധഭാഗങ്ങളിൽ സീറോമലബാർ പ്രവാസികളുടെ ദൗത്യം എന്നിവ പ്രതിപാദിക്കുന്ന ഈ മാർഗരേഖയുടെ ശ്രദ്ധാപൂർവമായ പഠനവും തുറന്നചർച്ചകളും അസംബ്ലി-2016 ലെ വിവിധ സെഷനുകൾ ഫലപ്രദമായിത്തീരുവാൻ സഹായിക്കട്ടെ.

## ഒന്നാം വിഭാഗം

# ലാളിത്യം സഭയിലും വ്യക്തിജീവിതത്തിലും

# ആമുഖം

1) ഉപഭോഗ സംസ്കാരത്തിന്റെ ഒരു കാലഘട്ടത്തിലാണല്ലോ നാം ജീവിക്കുന്നത്. ജീവിതം കൂടുതൽ സുഖകരമാക്കാനുതകുന്ന വസ്തുക്കൾ ഉത്പാദിപ്പിക്കുകയും അവ ധാരാളം ആളുകൾ ഉപയോഗിക്കാൻ ഇടവരുത്തുകയും ചെയ്യുന്ന വ്യാവസായിക സംസ്കാരമാണ് ഇന്നു പടർന്നുകൊണ്ടിരിക്കുന്നത്. ആഡംബര ഗരിമയും സാമൂഹ്യ പദവിയും മാനസിക സുഖവും പ്രദാനം ചെയ്യുന്ന തരത്തിലുള്ള ഭവനങ്ങൾ, വസ്ത്രങ്ങൾ, കാറുകൾ, ഗൃഹോപകരണങ്ങൾ മുതലായവയും ആഘോഷങ്ങൾ, ചടങ്ങുകൾ എന്നിവയും വർദ്ധിച്ചുകൊണ്ടിരിക്കുന്നത് ഇതിന്റെ സ്പഷ്ടമായ പ്രകടനമാണ്. അതുകൊണ്ടുതന്നെ അനുദിനജീവിതത്തിലെ ആവശ്യങ്ങൾ നിറവേറ്റിക്കൊണ്ട്, ലളിതമായ ജീവിതം നയിക്കുക എന്നത് ഇന്നത്തെ സമൂഹത്തിൽ പൊതുവെ അപ്രസക്തമായിക്കൊണ്ടിരിക്കുന്നതുപോലെ കാണപ്പെടുന്നു.

2) സമൂഹത്തിലെ ഇത്തരം വെല്ലുവിളികൾ സീറോമലബാർ സഭയിൽ, പ്രത്യേകിച്ച്, കേരളത്തിലുള്ള സഭാമക്കളിൽ, ഇന്ന് പ്രകടമായിക്കൊണ്ടിരിക്കുന്നു എന്ന ആശങ്ക സഭാവിശ്വാസികൾ തന്നെ പ്രകടിപ്പിക്കുകയുണ്ടായി. അതിന്റെ പശ്ചാത്തലത്തിൽ, ക്രിസ്തീയ ജീവിതത്തിന് എങ്ങനെ ലളിതമായ ശൈലി ആവിഷ്കരിക്കാനാകും എന്ന വിഷയം ആഗസ്റ്റ് 25 ന് തുടങ്ങുന്ന സീറോമലബാർ അസംബ്ലിയുടെ വിഷയമായി സിനഡ് പിതാക്കന്മാർ തിരഞ്ഞെടുത്തിരിക്കുകയാണ്. ലാളിത്യം എവിടെയും അഭികാമ്യമെങ്കിലും, കേരളത്തിന് പുറത്ത്, തദ്ദേശീയരുടെയിടയിൽ രൂപംകൊണ്ട ശൈശവദശയിലുള്ള സമൂഹങ്ങളിൽ ഇവിടെ പ്രതിപാദിക്കപ്പെടുന്ന വെല്ലുവിളികൾ പലതും കാണപ്പെടുന്നില്ല എന്നത് പ്രത്യേകം എടുത്തുപറയേണ്ടതാണ്.

3) "ലാളിത്യം സഭയിലും വ്യക്തി ജീവിതത്തിലും" എന്ന വിഷയം ഇവിടെ അവതരിപ്പിക്കുന്നത് നാലു ഭാഗങ്ങളായാണ്. ഒന്നാം ഭാഗത്തിൽ ഈശോയുടെ ലളിത ജീവിതവും പ്രബോധനങ്ങളും രണ്ടാം ഭാഗത്തിൽ സഭാപ്രബോധനങ്ങളിൽ പ്രതിപാദിക്കപ്പെടുന്ന ലളിതജീവിതദർശനവും അവതരിപ്പിക്കുന്നു. സഭയിലും വ്യക്തിജീവിതത്തിലും ലളിത ജീവിത ശൈലി സ്വീകരിക്കുന്നതിന്റെ

അടിസ്ഥാനവും ആഹ്വാനവും നാം കണ്ടെത്തുക ദൈവവചനത്തിലും സഭയുടെ പഠനങ്ങളിലുമാണ്. ലാളിത്യ ജീവിതം അഭിമുഖീകരിക്കുന്ന ആധുനിക വെല്ലുവിളികളെ മൂന്നാം ഭാഗത്ത് വിശകലനം ചെയ്യുന്നു. സീറോമലബാർ സഭയിൽ ലാളിത്യം പരിശീലിക്കാനും ജീവിക്കാനുമുള്ള പ്രായോഗിക വിചിന്തനങ്ങൾ രേഖപ്പെടുത്തുന്ന നാലാം ഭാഗം ക്രിസ്തീയ ലാളിത്യത്തിന്റെ ബാഹ്യവും പ്രകടവുമായ ജീവിത സാക്ഷ്യത്തിന്റെ ആവിഷ്ക്കാരമാണ്.

## 1. ഈശോയുടെ ലളിത ജീവിതവും പ്രബോധനങ്ങളും

4) ഈശോ സഭയുടെ ശിരസ്സും സഭ അവിടുത്തെ ശരീരവുമാണ്. സഭയിലും വ്യക്തി ജീവിതത്തിലും പ്രകടമായിക്കൊണ്ടിരിക്കുന്ന ആർഭാടത്തിന്റെ ശൈലിയിൽ നിന്ന് മാറുവാൻ നമ്മെ പ്രേരിപ്പിക്കുന്നത് സഭയുടെ ശിരസ്സായ ഈശോയുടെ (എഫേ. 5, 23) ലളിതജീവിതവും പ്രബോധനങ്ങളുമാണ്. സുവിശേഷത്തിലെ ഈശോ നമ്മുടെ വിചിന്തനങ്ങൾക്ക് വഴികാട്ടിയായിരിക്കട്ടെ.

### 1.1. ഈശോ മിശിഹാ - ലാളിത്യത്തിന്റെ മാതൃക

5) ദൈവത്തിന്റെ സമ്പന്നതകളെല്ലാം സ്വന്തമായുണ്ടായിരുന്നിട്ടും സ്വയം ശൂന്യനാക്കിക്കൊണ്ട് അവൻ ദാസന്റെ രൂപം സ്വീകരിച്ചു (ഫിലി. 2, 6-7). വചനം ഒരു മനുഷ്യശിശുവായി ജനിച്ചു (യോഹ. 1, 14). വിനയത്തിന്റെയും ലാളിത്യത്തിന്റെയും ആൾരൂപമായാണ് അവൻ പുൽത്തൊട്ടിയിൽ പിറന്നത് (ലൂക്കാ 2, 7). കുറുനരികൾക്കു മാളങ്ങളും ആകാശപറവകൾക്ക് കൂടുമുണ്ടെങ്കിലും മനുഷ്യപുത്രനു തല ചായ്ക്കാൻ സ്വന്തമായി ഒരിടവുമില്ലായിരുന്നു (മത്താ 8:20). എല്ലാം ഉള്ളവനായിരുന്നിട്ടും തന്റെ ജനനത്തിലും ജീവിതത്തിലും മരണത്തിലും ഈശോ ദരിദ്രനായിരുന്നു.[1]

6) ഫരിസേയരുടെയും നിയമജ്ഞരുടെയും പ്രബോധനരീതിയിൽ നിന്നും വിഭിന്നമായി തികച്ചും ലളിതമായ പ്രബോധനശൈലിയായിരുന്നു ഈശോയുടേത്. തികച്ചും ലളിതങ്ങളായ വയലും വീടും കായലോരവും കുന്നിൻചെരിവും ദേവാലയവും അവന്റെ പ്രബോധനവേദികളായി. മനുഷ്യർ അദ്ധ്വാനിക്കുന്ന പാടങ്ങളും അനുദിനജീവിതത്തിന്റെ ഭാഗമായ പുളിമാവും (ലൂക്കാ 13, 20-21) വീഞ്ഞുഭരണികളും (ലൂക്കാ 5, 37) എണ്ണവിളക്കുകളും (ലൂക്കാ 8,

16; 11, 33) മുറിവിലൊഴിക്കുന്ന എണ്ണയും (ലൂക്കാ 10, 34) കീറൽ തുന്നിച്ചേർക്കാനുള്ള തുണിക്കഷണങ്ങളും (ലൂക്കാ 5, 36) പാടത്തുമുളക്കുന്ന വിത്തുകളും കടുകുമണിയും (മത്താ. 13, 4-9) ആകാശത്തിലെ പറവകളും (മത്താ. 6, 26-27) എല്ലാം അവന്റെ വചനപ്രഘോഷണത്തിന്റെ ഭാഗമായി. നിശ്ചയദാർഢ്യത്തോടെയും തികഞ്ഞ ദൗത്യബോധത്തോടെയുമാണ് ഈശോ പഠിപ്പിച്ചിരുന്നതെങ്കിലും തികച്ചും ലളിതവും ജീവിതസ്പർശിയുമായി അത് ദൈവജനത്തിന് അനുഭവപ്പെട്ടു.

7) ക്രിസ്തുവിന്റെ ലാളിത്യം അവന്റെ മനുഷ്യാവതാരം കൊണ്ടും കുരിശുമരണം കൊണ്ടും അവസാനിക്കുന്നതായിരുന്നില്ല. മറിച്ച് വെറുമൊരു നിസ്സാരമായ അപ്പമായി മാറാൻ മാത്രം അവൻ തന്നെത്തന്നെ താഴ്ത്തി. ഇന്നും അനുദിന കുർബാനകളിൽ ആവർത്തിക്കുന്നത് അവന്റെ ഈ ലാളിത്യത്തിന്റെ പരമകാഷ്ഠയാണ്. പരിശുദ്ധ കുർബാനയിലൂടെ അവിടുന്ന് ഈ ലാളിത്യഭാവം ജീവിതനിയമമാക്കാനാണ് നമ്മോട് ആവശ്യപ്പെടുന്നത്.

### 1.2. ഈശോയുടെ ആന്തരിക സ്വാതന്ത്ര്യം: ലാളിത്യത്തിന്റെ ഉദാത്തഭാവം

8) ലളിതജീവിതം ആന്തരികമായ സ്വാതന്ത്ര്യമാണ്. ആവശ്യങ്ങളിൽ നിന്നുള്ള വിടുതിയാണത്. ജീവിതത്തിന് അത്യാവശ്യമായതു മാത്രം മതി എന്നു തീരുമാനിച്ചുകൊണ്ട്, അതിനപ്പുറത്തുള്ളവയിൽ അള്ളിപ്പിടിക്കാനോ ഒട്ടിപ്പിടിക്കാനോ സ്വയം അനുവദിക്കാതിരിക്കുന്ന ഉള്ളിന്റെ സ്വാതന്ത്ര്യമാണത്. യഥാർത്ഥ ആന്തരിക സ്വാതന്ത്ര്യം പരിധികളില്ലാതെ സ്നേഹിക്കാനുള്ള കഴിവാണ്. ഈശോ ഒന്നിനോടും - അധികാരത്തോടോ, അംഗീകാരത്തോടോ, സമ്പത്തിനോടോ, സ്വന്തം ജീവനോടുപോലുമോ - അടിമപ്പെട്ടിരുന്നില്ല. ഈ സ്വാതന്ത്ര്യമുള്ളതുകൊണ്ടാണ് ദൈവരാജ്യത്തിന് ചേരാത്തവയെല്ലാം നിർഭയം തള്ളിക്കളയാനും സങ്കോചമില്ലാതെ പുത്തൻ പാതകൾ തുറക്കാനും അവന് കഴിഞ്ഞത്.

9) ഈ ആന്തരികസ്വാതന്ത്ര്യത്തിന്റെ ബഹിർസ്ഫുരണമായിരുന്നു ഈശോ പുലർത്തിയിരുന്ന സൗഹൃദങ്ങൾ. പന്ത്രണ്ട് അപ്പസ്തോലന്മാരുടെ സൗഹൃദകൂട്ടായ്മയിലാണ് അവിടുന്ന് തന്റെ ശുശ്രൂഷ നിർവ്വഹിച്ചത്. അവരെ അവിടുന്ന് സ്നേഹിതന്മാർ എന്ന്

വിളിച്ചു (യോഹ. 15, 15). അവിടുന്ന് ഒരിക്കലും മനുഷ്യരിൽ നിന്ന് ഓടിയൊളിച്ചില്ല, മറിച്ച്, എല്ലാവരെയും ദൈവരാജ്യത്തിന്റെ സൗഹൃദത്തിലേക്ക് മാടിവിളിച്ചു. വലിയ ജനക്കൂട്ടം എപ്പോഴും അവനെ അനുധാവനം ചെയ്തുകൊണ്ടിരുന്നു. ഈശോയുടെ ലാളിത്യം സൗഹൃദങ്ങൾക്ക് ഇടം കണ്ടെത്തുന്നതായിരുന്നു.

10) ആന്തരിക സ്വാതന്ത്ര്യം ഉണ്ടായിരുന്നതുകൊണ്ട് ഈശോയ്ക്ക് സമൂഹത്തിലെ പാവപ്പെട്ടവരെയും ധനികരെയും, പാപിയെയും നീതിമാനെയും, ഒരുപോലെ സ്നേഹിക്കാനും ദൈവരാജ്യത്തിലേക്ക് ക്ഷണിക്കുവാനും കഴിഞ്ഞു. സമ്പന്നരെയും സമൂഹത്തിലെ ഉപരിതലത്തിലുള്ളവരെയും അവൻ വെറുത്തില്ല. അവർ ക്ഷണിച്ചപ്പോഴെല്ലാം അവിടുന്ന് അവരുടെ വിരുന്നുകൾക്കുപോയി (ലൂക്കാ 14, 1; 5,29; 7, 6: 7, 30, 11, 37). എന്നാൽ മനുഷ്യജീവിതം ധന്യമാകുന്നത് സമ്പത്തുകൊണ്ടല്ല എന്ന് അവൻ അസന്നിഗ്ധമായി പഠിപ്പിച്ചു (ലൂക്കാ 12, 15).

11) സമുദായം അവഗണിക്കുകയോ ഭ്രഷ്ടുകല്പിക്കുകയോ ചെയ്തിരുന്ന എല്ലാവരെയും പ്രത്യേകവിധത്തിൽ അവിടുന്ന് സ്നേഹിച്ചു. അവരുടെ ശോചനീയവസ്ഥയിൽ നിന്ന് വിമോചിപ്പിക്കുവാനാണ് അവിടുന്നു അവരുമായി സൗഹൃദം പങ്കുവച്ചത്. സമൂഹത്തിലെ ഏറ്റം ചെറിയവരായ കുഷ്ഠരോഗികളെയും മുടന്തരെയും അന്ധരെയും അവിടുന്ന് സുഖപ്പെടുത്തുകയും, പാപികളോടൊപ്പം ഭക്ഷിക്കുകയും ഒന്നുമില്ലാത്തവരോടൊപ്പം ജീവിക്കുകയും അന്തിയുറങ്ങുകയും ചെയ്തു. സമൂഹത്തിലെ എല്ലാ നിലവാരത്തിലുള്ളവരുമായി ഒരേ മേശയിൽ നിന്ന് ഭക്ഷണം പങ്കുവച്ചതുവഴി അവിടുന്ന് അവരെ തുല്യരായും സഹോദരരായും അംഗീകരിക്കുകയാണ് ചെയ്തത്. വിരുന്നൊരുക്കുമ്പോൾ ദരിദ്രരെയും വികലാംഗരെയും മുടന്തരെയും കുരുടരെയുമൊക്കെയാണ് ക്ഷണിക്കേണ്ടത് എന്ന് ഈശോ പഠിപ്പിച്ചു (ലൂക്കാ 14, 13-14). ജാതി, വർഗ്ഗ, കുല മഹിമകളല്ല, പരിധികളില്ലാത്ത സ്നേഹമാണ് മനുഷ്യമഹത്വത്തിന്റെ നിദാനം (ലൂക്കാ 10, 25-37) എന്ന് സ്വന്തജീവിതത്തിലൂടെ അവൻ മററുളളവർക്ക് കാണിച്ചു കൊടുത്തു.

12) സദുക്കായർക്കെതിരെയുള്ള ഈശോയുടെ വിമർശനങ്ങൾ അവിടുത്തെ ലാളിത്യകാഴ്ചപ്പാടുകളിലേക്ക് വിരൽ ചൂണ്ടുന്നുണ്ട്. മരണാനന്തരജീവിതത്തെക്കുറിച്ച് വ്യക്തമായ ധാരണകളില്ലാതി

രുന്ന അവർ ആഡംഭരപ്രിയരും സ്വത്തും സുഖസൗകര്യങ്ങളും സ്വാധീനവും ഈ ലോകത്തിൽ ആവോളം ആസ്വദിക്കുന്നതിൽ തൃപ്തികണ്ടെത്തിയിരുന്നവരുമായിരുന്നു. സാധുക്കളോടും സാധാരണക്കാരോടും ഇവർക്ക് പുച്ഛമായിരുന്നു. ഇതിൽ നിന്നും തികച്ചും വ്യത്യസ്തമായി ചുങ്കക്കാരുടെയും പാപികളുടെയും സുഹൃത്തായിരുന്നു ഈശോ (ലൂക്കാ 7, 34). ദൈവത്തെയും പണത്തെയും ഒരുമിച്ച് സേവിക്കുക സാധ്യമല്ലെന്ന് ഈശോ പഠിപ്പിച്ചു (ലൂക്കാ 16, 13). ദേവാലയത്തെ കച്ചവടസ്ഥലമാക്കുന്നതിൽ നിർണായക പങ്കുവഹിച്ചിരുന്ന സദുക്കായർക്കുകൂടിയുള്ള മറുപടിയായാണ് ഈശോ ചാട്ടവാറെടുത്തത് (യോഹ. 2, 13-22). കല്ലിന്മേൽ കല്ലുശേഷിക്കാതെ ജറുസലെം ദേവാലയം തകർന്നടിയും (മത്താ. 24, 2) എന്ന ഈശോയുടെ വാക്കുകൾ, ആഡംബരത്തിലും കച്ചവടമനോഭാവത്തിലും ഊന്നിയുള്ള അജപാലനപ്രവർത്തനങ്ങളുടെ അന്ത്യമെങ്ങനെയായിരിക്കും എന്നല്ലേ പഠിപ്പിക്കുന്നത്?

13) ഫരിസേയരോടുള്ള ഈശോയുടെ മനോഭാവവും ഇത്തരുണത്തിൽ ശ്രദ്ധേയമാണ്. മാറിവരുന്ന സാഹചര്യങ്ങളുടെ സമ്മർദ്ദങ്ങളിൽ വിശ്വാസക്ഷയം സംഭവിക്കാതിരിക്കാൻ, നിയമാനുഷ്ഠാനങ്ങളിലും സങ്കീർണമായ ആചാരങ്ങളിലും സുരക്ഷിതത്വം കണ്ടെത്തിയിരുന്നവരായിരുന്നു ഫരിസേയർ. 'ശുദ്ധ' മതാത്മകത കാക്കുവാനായി സാധാരണക്കാരിൽ നിന്നും അകന്നു ജീവിക്കുകയും ചുങ്കക്കാരോടും പാപികളോടുമൊപ്പം ഭക്ഷിക്കാതിരിക്കുകയും ചെയ്യുന്നവരായിരുന്നു അവർ. തങ്ങൾ ദാനം ചെയ്യുന്നതും പ്രാർത്ഥിക്കുന്നതും ഉപവസിക്കുന്നതും നാലുപേർ അറിയുന്നതിനായി, നാൽക്കവലകളിൽ വച്ച് പ്രാർത്ഥിക്കുകയും (ലൂക്കാ 20, 47, മത്താ. 6, 16), ആത്മപ്രശംസചെയ്യുകയും (ലൂക്കാ 18, 11-12) പ്രധാന ഇരിപ്പിടങ്ങൾ തേടുകയും ചെയ്യുന്നതിൽ മാത്രം (ലൂക്കാ 11, 43; 14, 7; മത്താ. 23, 6-7) ജാഗ്രത പുലർത്തിയിരുന്ന ഒരു മതജീവിതമായിരുന്നു അവരുടേത്. നിയമത്തെ, പ്രത്യേകിച്ച് സാബത്താചരണത്തെ, അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിച്ചിരുന്നതുകൊണ്ട് അവരുടെ നിയമവിധികൾ സാമാന്യ ജനത്തിന് താങ്ങാനാവാത്ത ചുമടുകളായിത്തീർന്നു (ലൂക്കാ 11, 46, ലൂക്കാ 13, 14).

14) ഈശോ ഫരിസേയരെയും നിയമജ്ഞരെയും വെറുക്കു

കയോ ശത്രുക്കളായി കാണുകയോ ചെയ്യുന്നില്ല. അവിടുന്ന് അവരുടെ ആഥിത്യം സ്വീകരിച്ചിരുന്നു (ലൂക്കാ 7, 36; 11, 37; 14, 1). നിക്കദേമൂസിനെപ്പോലുള്ളവർ രഹസ്യത്തിൽ അവനെ അനുഗമിക്കുകയും ചെയ്തിരുന്നു (യോഹ. 3, 1). എന്നാൽ, സ്വയം നീതീകരിക്കുകയും മറ്റുള്ളവരെ കുറവുള്ളവരായിക്കണ്ട് അനാവശ്യമായി നിയമങ്ങൾ അടിച്ചേല്പിക്കുകയും ചെയ്യുന്നതിനെ ഈശോ എതിർത്തു. പിതാവായ ദൈവത്തിന്റെ കാരുണ്യവും മനുഷ്യന്റെ മഹത്വവും മറന്നുള്ള നിയമാനുഷ്ഠാനത്തെ അവിടുന്ന് എതിർത്തു. മനുഷ്യന്റെ നന്മയ്ക്കുതകുന്നതാകണം നിയമാനുഷ്ഠാനങ്ങളും സാബത്താചരണവും (മർക്കോ. 3, 4; 2, 27) എന്ന് അവിടുന്ന് പഠിപ്പിച്ചു. നിയമത്തിന്റെ സങ്കുചിതമായ കാഴ്ചപ്പാടിലൂടെ നോക്കുമ്പോൾ മനുഷ്യരെ ദൈവത്തിന്റെ സാദൃശ്യങ്ങളായി കാണാൻ സാധിക്കാതെ വരുകയും അവരോട് കാരുണ്യമില്ലാതെ പെരുമാറുവാൻ ഇടയാകുകയും ചെയ്യും. ചുങ്കക്കാരും പാപികളുമായവരെ ദൈവരാജ്യത്തിന്റെ അവകാശികളാക്കാൻ അവരിലെ ദൈവികഭാവത്തെ ഉജ്ജീവിപ്പിക്കുകയാണ് കർത്താവ് ചെയ്തത് (മത്താ. 21, 31; 8, 11; ലൂക്കാ 7, 29-30). ഈശോ വെളിപ്പെടുത്തിയ പിതാവായ ദൈവം തന്നെ ലാളിത്യമുള്ളവനായതു കൊണ്ടാണ്, സുവിശേഷത്തിലെ ഈശോ ലാളിത്യമുള്ളവനായത്; സുവിശേഷാനുസൃതമായ ലാളിത്യത്തിലേക്ക് നാം വിളിക്കപ്പെട്ടിരിക്കുന്നത്.

### 1.3. ക്രിസ്തുവിന്റെ ലാളിത്യവും ക്രിസ്തുശിഷ്യന്റെ പങ്കുവയ്ക്കുവാനുള്ള വിളിയും

15) ആത്മാവിൽ ദരിദ്രരായവർക്കാണ് ക്രിസ്തുവിന്റെ ലാളിത്യം ജീവിക്കുവാൻ സാധിക്കുക. സുവിശേഷത്തിന്റെ സാരസംഗ്രഹമായി മത്തായിയുടെ സുവിശേഷത്തിൽ (മത്താ 5, 3-12) കാണുന്ന അഷ്ഠഭാഗ്യങ്ങൾ തന്നെ 37-ാം സങ്കീർത്തനത്തിന്റെ പുനർവായനയാണ് (സങ്കീ. 37, 1-11). ഇതിന് പശ്ചാത്തലമൊരുക്കിയത് പഴയ നിയമത്തിലെ അനവിം യാവേ (Anawim Yhwh) അഥവാ ദൈവത്തിന്റെ നിസ്വരെന്ന കാഴ്ചപ്പാടാണ്. ദൈവത്തിന്റെ ദരിദ്രരെന്നു പറഞ്ഞാൽ ദൈവമല്ലാതെ മറ്റാരും ആശ്രയമില്ലാത്തവർ എന്നർത്ഥം. അതായത് സമൂഹത്തിലെ ഏറ്റവും ചെറിയവർ. കാരണം, അവരാണ് ദൈവത്തെ വിളിച്ച് കേണപേക്ഷിക്കുന്നവർ. ദൈവം അവരെ മറക്കില്ല (സങ്കീ 9:18). അവിടുന്ന് അവരുടെ നില

വിളി കേൾക്കുകയും (സങ്കീ 10:17) അവരെ തന്റെ വഴി പഠിപ്പിക്കുകയും ചെയ്യും (സങ്കീ 25:9); അവരെ തൃപ്തരാക്കും (സങ്കീ 22:26); അവരെ പിന്തുണയ്ക്കും (സങ്കീ 147:6); അവർക്ക് നീതി നടത്തിക്കൊടുക്കും (ഏശ 11:4); അവരെ തന്റെ രക്ഷയാൽ അലങ്കരിക്കും (സങ്കീ 149:4); അവർ കർത്താവിൽ ആനന്ദിക്കുകയും ചെയ്യും (ഏശ 29:19). ചുരുക്കത്തിൽ, ദൈവത്തിൽ സമ്പൂർണ്ണമായി ആശ്രയമർപ്പിക്കുകയും ദൈവത്താൽ സമ്പന്നരാക്കപ്പെടുകയും ചെയ്യുന്നവരാണ് ആത്മാവിൽ ദരിദ്രർ. കർത്താവുമാത്രമാണ് അവരുടെ ഓഹരിയും കോട്ടയും.

16) ഭൗതികസമ്പത്തുള്ളവനും ഇല്ലാത്തവനും കർത്താവിൽ (ആത്മാവിൽ) ദരിദ്രരാകണം. എന്നാൽ, ഭൗതികസമ്പത്തുള്ളവൻ, ദരിദ്രനാകണമെങ്കിൽ അവൻ സക്കേവൂസിനെപ്പോലെ (ലൂക്കാ 19, 8) ആ സമ്പത്ത് പങ്കുവക്കാൻ തയ്യാറാകണം. ദൈവത്തിൽ പൂർണമായി ആശ്രയിച്ച് തനിക്കുള്ള സമ്പത്ത് ദരിദ്രർക്ക് പങ്കുവയ്ക്കുന്നവരാണ് ആത്മാവിൽ ദരിദ്രരായവർ. ദൈവത്തിൽ ആശ്രയിക്കുകയും അവിടുത്തെമാത്രം സമ്പത്തായി കണക്കാക്കുകയും ചെയ്യുന്നതിനെയാണ് ഫ്രാൻസിസ് പാപ്പാ ക്രിസ്തുവിന്റെ ദാരിദ്ര്യത്തിൽ സമ്പന്നരാകുന്ന പ്രക്രിയയായി ചൂണ്ടിക്കാണിക്കുന്നത്.[2] ഈ അർത്ഥത്തിൽ ക്രിസ്തുവിന്റെ ലാളിത്യം പിന്തുടരുന്ന ശിഷ്യർ ഏറ്റവും ചെറിയ സഹോദരരെ ക്രിസ്തുവിന്റെ ശരീരമാണെന്നു കണ്ട് പങ്കുവയ്ക്കണം (മത്താ 25:45).[3]

17) മിച്ചമുള്ളത് കൊടുക്കുകയെന്ന സാധാരണ ദാനധർമ്മമല്ല, മറിച്ച് ഒരുവന്റെ ആവശ്യത്തിനുള്ളതും 'ഉപജീവനത്തിനുള്ളതുപോലും കൊടുക്കുന്ന' (മർക്കോ 12:44) ക്രിസ്തുവിന്റെ പങ്കുവയ്ക്കലിൽ പങ്കാളിയാകാനാണ് ക്രിസ്തുശിഷ്യൻ വിളിക്കപ്പെട്ടിരിക്കുന്നത്. ലാളിത്യം എന്നതിന് ഉപയോഗിക്കുന്ന ഹപ്ലോതെസ് (haplotes) എന്ന ഗ്രീക്കുപദം പങ്കുവയ്ക്കുന്ന ലാളിത്യത്തെയാണ് അവതരിപ്പിക്കുന്നത്. ആദിമസഭയുടെ ജീവിതശൈലിയെ ഏറ്റവും മനോഹരമായി അവതരിപ്പിക്കുവാൻ ഈ പദം ഉപയോഗിച്ചുകാണുന്നുണ്ട്: വിശ്വസിച്ചവർ എല്ലാവരും ഒറ്റസമൂഹമാവുകയും തങ്ങൾക്കുണ്ടായിരുന്നതെല്ലാം പൊതുവായിക്കരുതുകയും ചെയ്തു. അവർ തങ്ങളുടെ സ്വത്തുക്കളും വസ്തുവകകളും വിറ്റ്

ആവശ്യാനുസരണം എല്ലാവർക്കുമായി വീതിച്ചു. അവർ ഏക മനസ്സോടെ താത്പര്യപൂർവ്വം അനുദിനം ദേവാലയത്തിൽ ഒന്നിച്ചുകൂടുകയും ഭവനംതോറും അപ്പംമുറിക്കുകയും ഹൃദയലാളിത്യത്തോടും ആഹ്ലാദത്തോടും കൂടെ ഭക്ഷണത്തിൽ പങ്കുചേരുകയും ചെയ്തിരുന്നു (അപ്പ. പ്രവ. 2, 44-46). തങ്ങൾക്കുള്ളതെല്ലാം പൊതുവായിക്കരുതുകയും ആവശ്യക്കാർക്ക് പങ്കുവയ്ക്കുകയും ചെയ്തുകൊണ്ടാണ് ആദിമക്രൈസ്തവർ തങ്ങളുടെ ക്രൈസ്തവജീവിതത്തിന്റെ അടയാളങ്ങളായ പ്രാർത്ഥന, അപ്പം മുറിക്കൽ, കൂട്ടായ്മ എന്നിവയിലൂടെ ആഹ്ലാദവും ഹൃദയലാളിത്യവും ഉള്ളവരായത്. ഐക്യം, ആത്മാർത്ഥത (എഫേ. 6, 5; കൊളോ. 3, 22), സത്യസന്ധത, ഉദാരത എന്നിവയെല്ലാം ഹപ്ലോതെസ് എന്ന പദത്തിന്റെ - ലാളിത്യത്തിന്റെ - വിവിധ അർത്ഥതലങ്ങൾ തന്നെ. ദാനം ചെയ്യുന്നവൻ ഔദാര്യത്തോടെ ചെയ്യുവിൻ (റോമ. 12, 8). ഔദാര്യമാണ് -ലാളിത്യമാണ് - ദാനത്തിന് നിറം പകരുന്നത്. ദാരിദ്ര്യത്തിലുള്ള ദാനമാകട്ടെ കരകവിഞ്ഞൊഴുകുന്ന സമ്പത്തായി മാറും (2 കൊറി. 8, 2; 9, 11). തെറ്റായ പ്രബോധനങ്ങളിൽ നിന്ന് പിന്തിരിയുവാൻ ക്രിസ്തുവിലുള്ള ലാളിത്യവും വിശുദ്ധിയും നമ്മെ സഹായിക്കും (2 കൊറി. 11, 3).

18) ലാളിത്യം എന്നത് കേവലം ആർഭാടങ്ങളില്ലാത്ത, അലങ്കാരങ്ങളില്ലാത്ത ജീവിതത്തിൽ ഒതുക്കിനിറുത്താവുന്നതല്ല. അത് വാക്കും പ്രവൃത്തിയും തമ്മിലുള്ള പൊരുത്തമാണ്. ബോധ്യങ്ങൾക്കനുസരിച്ചുള്ള പങ്കുവയ്ക്കലാണ്. അകവും പുറവും ഒന്നാകുന്ന നിഷ്കപടതയാണ്. ലളിതജീവിതത്തിൽനിന്നു പുറത്തേക്കൊഴുകുന്ന ദൈവസ്നേഹത്തിന്റെ ശുദ്ധമായ പ്രകാശനമാണ് കാരുണ്യം. കരുണയനുഭവിക്കുന്നവൻ കരുണ ചെയ്യുന്നവനിലൂടെ ദൈവത്തിന്റെ മുഖം ദർശിക്കുന്നു. കരുണ ചെയ്യുന്നവനാകട്ടെ, തന്നിലൂടെ പ്രകാശിപ്പിക്കപ്പെടുന്ന ദൈവികതയുടെ പ്രഭയിൽ ദൈവാനുഭവത്താൽ നിറയുന്നു. അങ്ങനെ ലാളിത്യവും കാരുണ്യവും മനുഷ്യസമൂഹത്തെ ആന്തരികമായും ബാഹ്യമായും ദൈവാനുഭവത്തിൽ വളരാൻ സഹായിക്കുന്നു. കിസ്തുവിന്റെ മനോഭാവവും ജീവിതരീതിയുമാകുന്ന നിധി കണ്ടെത്തുന്നവന്റെ മുമ്പിൽ ഭൗതിക സമ്പത്തെല്ലാം നിഷ്പ്രഭമാകും.[4] ഉള്ളത് പങ്കുവയ്ക്കുവാനുള്ളതാണ് എന്ന ബോധ്യം ജീവിത ലാളിത്യത്തിൽ അഭി

മാനിക്കുവാൻ നമ്മെ പ്രേരിപ്പിക്കും. സഭയിൽ ഇന്ന് ഏറ്റവും ആവശ്യമായിരിക്കുന്ന മനോഭാവവും ഇതുതന്നെ.

## 2. ലളിതജീവിതം സഭാപ്രബോധനങ്ങളിൽ

19) ലാളിത്യത്തെക്കുറിച്ചുള്ള വി. ഗ്രന്ഥ സന്ദേശത്തിന്റെ തുടർച്ചയാണ് സഭാപ്രബോധനങ്ങളിലും ദൈവശാസ്ത്രസരണികളിലും നാം കാണുന്ന വിശുദ്ധമായ ലാളിത്യം (sancta simplicitas). ക്രിസ്തീയജീവിതം നയിക്കുന്നതിന് നമ്മെ സഹായിക്കുന്ന പ്രധാനപ്പെട്ട ഉത്പ്രേരകമാണത്. മനുഷ്യന്റെ വാക്കുകളല്ല, ഹൃദയലാളിത്യമാണ് ദൈവം പരിശോധിക്കുന്നത് എന്ന് വി. ബേസിൽ പഠിപ്പിക്കുന്നു. എളിമയെന്ന പുണ്യവും ദൈവത്തിലുള്ള പരിപൂർണമായ ആശ്രയത്വവുമാണ് വിശുദ്ധലാളിത്യത്തിന്റെ അടിസ്ഥാനങ്ങൾ. ക്രിസ്തീയലാളിത്യത്തിന്റെ വിവിധ മാനങ്ങളെക്കുറിച്ച് വി. ക്രിസോസ്റ്റോം വാചാലമാകുന്നത് കാണാം - "ശാന്തതയോടെ സമയം ചിലവഴിക്കുന്നവർ, സത്യസന്ധവും സമചിത്തതയുള്ളതുമായ ജീവിതം നയിക്കുന്നവർ, അനീതിയുടെ പ്രകടനങ്ങൾ ഇല്ലാത്തവർ, പട്ടണത്തിന്റെ ആർഭാടങ്ങളില്ലാത്തവർ, തന്നിഷ്ടമനുവദിക്കാത്തവർ, സുബോധത്തോടെ ജീവിക്കുന്നവർ, അദ്ധ്വാനിക്കുന്നതിൽ ലജ്ജിക്കാത്തവർ, സകലവിധ ദുഷ്ടതയുടെയും ഉറവിടമായ അലസതയിൽ ലജ്ജിക്കുന്നവർ, ബാഹ്യമായ ആകാരത്തെ ശ്രേഷ്ഠമായി കാണാത്തവർ, എന്നാൽ, തങ്ങളുടെ മനസ്സിന്റെ ആന്തരികതയിൽ അഭിമാനിക്കുന്നവർ...."[5]

### 2.1. വിശുദ്ധലാളിത്യവും ക്രൈസ്തവജീവിതവും

20) **ലാളിത്യവും മിതത്വവും:** ലാളിത്യം ക്രിസ്തീയജീവിതത്തെ എപ്രകാരം മഹത്തരമാക്കുന്നു എന്ന് ഹെർമസിലെ ഇടയൻ പഠിപ്പിക്കുന്നുണ്ട്: "വിശ്വാസത്തിൽ നിന്നാണ് ആത്മനിയന്ത്രണം പുറപ്പെടുന്നത്. ആത്മനിയന്ത്രണത്തിൽ നിന്ന് ലാളിത്യവും. ലാളിത്യത്തിൽ നിന്നാണ് നിഷ്കപടത ജന്മം കൊള്ളുന്നത്."[6] ലാളിത്യവും ആത്മനിയന്ത്രണവും പരസ്പരം ബന്ധപ്പെട്ടുകിടക്കുന്നു. പിന്നീട് ക്രൈസ്തവ ആദ്ധ്യാത്മികതയിൽ വളർന്നുവന്ന മിതത്വം (temporance) എന്ന പുണ്യം ലാളിത്യത്തിന്റെ സഹയാത്രികയാണ്. അത് നമ്മെ പരിമിതിപ്പെടുത്തുന്ന നിഷേധാത്മകമായ ഒന്നല്ല, മറി

ച്ച്, നമ്മുടെ ആന്തരികശാന്തതയെ ലക്ഷ്യം വച്ചുള്ള ഒരു ജീവിത ക്രമീകരണമാണ്. വസ്തുക്കളും സൗകര്യങ്ങളും സ്വാർത്ഥപരമായി കുന്നുകൂട്ടുന്നതിനുള്ള നിർബന്ധബുദ്ധിയിൽ നിന്ന് വിടുതൽ പ്രാപിച്ച് നമ്മുടെ ജീവിതത്തിലെ നന്മകളെ തിരിച്ചറിയുകയും സ്വാഭാവികപരിധി ലംഘിക്കാതെ അവയെ ആസ്വദിക്കുവാൻ നമ്മെ പ്രാപ്തരാക്കുകയും ചെയ്യുന്ന പുണ്യമാണത്.

21) **ലാളിത്യവും തീക്ഷ്ണതയും:** ചിലർ ലാളിത്യമുള്ളവരെന്ന് അവകാശപ്പെടുന്നെങ്കിലും തികച്ചും മന്ദഗതിക്കാരാണ്. ലാളിത്യമുള്ളവരായിരിക്കുക എന്നതുകൊണ്ട് മടിയരായിരിക്കുക എന്നർത്ഥമില്ല എന്ന് വി. അഗസ്റ്റിൻ വ്യക്തമാക്കുന്നു. യോഹ. 1, 32 ൽ ഈശോയുടെ മാമ്മോദീസയിൽ പ്രാവിനെപ്പോലെ ഇറങ്ങി വന്ന പരിശുദ്ധാത്മാവ് ലാളിത്യത്തിന്റെ അടയാളമാണ്. വി. അഗസ്റ്റിന്റെ വീക്ഷണത്തിൽ, സ്വന്തം താൽപര്യങ്ങൾ നോക്കാതെ ക്രിസ്തുവിന്റെ കാര്യങ്ങൾ അന്വേഷിക്കുന്നവരാണ് പ്രാവിനേപ്പോലെ ലാളിത്യമുള്ളവർ. എന്നാൽ, ഉത്ഥിതനായ ക്രിസ്തു പെന്തക്കൊസ്താദിനത്തിൽ തന്നിൽ വിശ്വസിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ പകർന്നു തന്നിരിക്കുന്നത് തീനാവുകളുടെ രൂപത്തിലാണ്. പ്രാവിനേപ്പോലെ ലാളിത്യമുള്ളവരാകാൻ പരിശ്രമിക്കുമ്പോഴും തീനാവുകളെപ്പോലെ തീക്ഷ്ണതയുള്ളവരായിരിക്കണം ക്രിസ്ത്യാനികൾ. വി. സ്റ്റീഫൻ ദൈവാത്മാവിനാൽ നിറഞ്ഞിരുന്നതിനാൽ തീക്ഷ്ണതകൊണ്ട് ജ്വലിച്ചിരുന്നു. അതിനാലാണ് അവനെ ശ്രവിച്ച വിരോധികൾ അവനെ എറിയാൻ കല്ലുകളെടുത്തത്. എന്നാൽ, കല്ലേറിന്റെ മധ്യത്തിൽ മുട്ടുകുത്തി നിൽക്കുന്ന സ്റ്റീഫനിൽ പ്രാവിന്റെ ലാളിത്യം വി. അഗസ്റ്റിൻ ദർശിക്കുന്നു. അതിനാലാണ് അവൻ തന്റെ ഗുരുവിനേപ്പോലെ "കർത്താവേ, ഈ പാപം നീ അവരുടെ മേൽ ചുമത്തരുതേ" എന്ന് പ്രാർത്ഥിച്ചത്.[7]

22) മീൻപിടുത്തക്കാരും പാപികളും കൂടാരനിർമാതാക്കളുമായ ശിഷ്യന്മാരുടെ ലാളിത്യമാണ് അവരെ തീക്ഷ്ണതയുള്ള പ്രേഷിതരാകുവാൻ സഹായിച്ചത് എന്ന് വി. ക്രിസോസ്റ്റോം പഠിപ്പിക്കുന്നുണ്ട്.[8] ക്രിസ്ത്യാനികളുടെ ആർഭാടജീവിതം അവർ ഏറ്റെടുത്തിരിക്കുന്ന ആത്മീയസമരം അലസിപ്പോകുവാൻ എങ്ങനെ കാരണമാകുന്നു എന്ന് അദ്ദേഹം വിവരിക്കുന്നതിപ്രകാരമാണ്: "മുന്നിൽ മെയ്വഴക്കത്തോടെ നിൽക്കുന്ന മല്ലനായ ശത്രുവുമായി മൽപി

ടുത്തത്തിലേർപ്പെടുവാൻ കാൽപാദം വരെ നീണ്ട മേലങ്കികളും പട്ടുവസ്ത്രങ്ങളും ശിരസ്സിൽ വിലകുറഞ്ഞ ആഭരണങ്ങളും (trinkets) അണിഞ്ഞ് നിൽക്കുന്നവർക്ക് എങ്ങനെ സാധിക്കും? ശത്രുവിനെ തോൽപ്പിക്കുക എന്നതിനേക്കാൾ തന്റെ മേൽത്തരം വസ്ത്രങ്ങൾ ചെളിപുരളാതിരിക്കുന്നതിനും കീറാതിരിക്കുന്നതിനും ആയിരിക്കും അയാളുടെ ശ്രദ്ധ. ബാഹ്യമായ മോടികളിൽ ശ്രദ്ധിക്കാതെ ആന്തരികമായവയിൽ മനസ്സിനെ ഏകാഗ്രമാക്കുമ്പോൾ മാത്രമേ നമുക്ക് തിന്മയുടെ മേൽ വിജയം വരിക്കാൻ സാധിക്കൂ".[9]

23) **വിശ്വാസവ്യാഖ്യാനങ്ങളിലുണ്ടാകേണ്ട ലാളിത്യം:** വളരെ സാങ്കേതികമായ പദാവലികളുപയോഗിച്ച് വിശ്വാസത്തിന്റെ ലാളിത്യവും അകൃത്രിമത്വവും ഇല്ലാതാക്കരുത് എന്ന് വി. ബേസിൽ പഠിപ്പിക്കുന്നുണ്ട്.[10] ലൗകിക ഭാഷയുടെ പൊങ്ങച്ചത്തിലല്ല, "വിനീതമായ സംഭാഷണത്തിലാണ് ദൈവം സംപ്രീതനായിരിക്കുന്നത്."[11] "ലാളിത്യം സത്യത്തിന്റെ ചങ്ങാതിയാണ്."[12] ഫ്രാൻസിസ് പാപ്പാ ലോകശ്രദ്ധ പിടിച്ചുപറ്റുന്നത് അദ്ദേഹത്തിന്റെ വാക്കിലും പ്രവൃത്തിയിലുമുള്ള ഈ ലാളിത്യമാണ്.

**2.2. ലാളിത്യവും വിഭവങ്ങളുടെ വിനിയോഗവും**

24) വിഭവവിനിയോഗത്തെക്കുറിച്ചുള്ള സഭയുടെ പ്രബോധനം ലാളിത്യത്തിന്റെ പക്വമായ മാനങ്ങളിലേക്ക് നമ്മെ നയിക്കും. 'ഞാൻ കഷ്ടപ്പെട്ട് അദ്ധ്വാനിച്ച് ഉണ്ടാക്കിയ സ്വത്താണ്. അത് എനിക്ക് ഇഷ്ടമുള്ളപോലെ ആസ്വദിച്ച് ഞാൻ ജീവിക്കും. അതിൽ നിങ്ങൾക്ക് എന്ത് കാര്യം' എന്ന ചിന്തയാണ് ചിലരെ ആഢംബരത്തിലേക്ക് നയിക്കുന്നത്. എന്നാൽ, ദൈവകൃപയാൽ നമുക്ക് കൈവന്നവയെ എപ്രകാരം നോക്കിക്കാണണമെന്ന് വി. ഗ്രന്ഥവും സഭാപ്രബോധനങ്ങളും നമ്മെ വ്യക്തമായി പഠിപ്പിക്കുന്നുണ്ട്. സൃഷ്ടിയുടെ ആരംഭത്തിൽ തന്നെ ഭൂമിയെയും അതിന്റെ വിഭവങ്ങളെയും പരിരക്ഷിക്കാനും അദ്ധ്വാനം വഴി അവയുടെ മേൽ അധികാരം പുലർത്താനും അവയുടെ ഫലങ്ങൾ ആസ്വദിക്കാനും ദൈവം മനുഷ്യനെ നിയോഗിച്ചു (ഉൽപ. 1, 26-29). എന്നാൽ, വിഭവങ്ങളുടെ സാർവത്രികലക്ഷ്യത്തെ മറക്കരുത് എന്ന് സഭ ഓർമ്മിപ്പിക്കുന്നു.[13] സൃഷ്ടവസ്തുക്കൾ മനുഷ്യകുലത്തിന് മുഴുവനുമായി ഉദ്ദേശിക്കപ്പെട്ടാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. പൊതുകാര്യസ്ഥ

തയ്ക്കാണ് ദൈവം മനുഷ്യനെ അവ ഭരമേൽപിച്ചത്, അല്ലാതെ, അവന്റെ സ്വാർത്ഥലാഭത്തിനല്ല.[14] "എല്ലാവരും എല്ലാവർക്കും വേണ്ടിയാണ്" എന്ന കൂട്ടുത്തരവാദിത്തബോധം രണ്ടായിരം വർഷക്കാലം സഭയുടെ ആത്മാവിൽ സജീവമായി നിലനിന്നിട്ടുണ്ട്.[15]

സ്വകാര്യസ്വത്തിനുള്ള അവകാശത്തെ സഭ അംഗീകരിക്കുന്നുണ്ട്.[16] എന്നാൽ, അമിതമായി ചിലവുചെയ്യുന്നതും ധൂർത്തടിക്കുന്നതും അധാർമ്മികമാണ്.[17] "മനുഷ്യൻ നിയമാനുസൃതമായി സ്വന്തമാക്കിയിട്ടുള്ള ബാഹ്യവസ്തുക്കളെ തന്റേതുമാത്രമായി കരുതാൻ പാടില്ല. പിന്നെയോ തനിക്കും മറ്റുള്ളവർക്കും അവയിൽനിന്ന് ഉപകാരം ലഭിക്കണം എന്ന അർത്ഥത്തിൽ അവർക്കുകൂടി ഉള്ളവയായി കരുതണം."[18] ഭൂമിയുടെ ഉടമസ്ഥാവകാശം ദൈവത്തിനാണ്; മനുഷ്യൻ കുടികിടപ്പുകാരൻ മാത്രമാണ് എന്ന പഴയനിയമപഠനമാണ് (ലേവ്യർ 25, 23) അതിനടിസ്ഥാനം. അതുകൊണ്ടാണ് "സ്വകാര്യസ്വത്തവകാശം സമ്പൂർണമോ വ്യവസ്ഥാതീതമോ അല്ല"[19] എന്ന് പോൾ ആറാമൻ പാപ്പാ പഠിപ്പിക്കുന്നത്.

25) ദാരിദ്ര്യവും അക്രമവും മനുഷ്യജീവിതത്തെ വേട്ടയാടുന്നിടത്തെല്ലാം സഹാനുഭൂതിയോടെ തങ്ങൾക്കുള്ളതെല്ലാം പങ്കുവയ്ക്കുവാൻ ക്രിസ്ത്യാനിക്ക് കടമയുണ്ട്. പാപപങ്കിലമായ മനുഷ്യരാശിക്കുവേണ്ടി ഈശോമിശിഹാ സ്വയം ബലിയായി തീർന്നതുപോലെ സഹോദരങ്ങളുടെ ആവശ്യങ്ങളോട് സഹാനുഭൂതിയോടെ പ്രതികരിക്കുവാൻ ക്രിസ്ത്യാനിക്ക് ഉത്തരവാദിത്തമുണ്ട്.[20] അതുകൊണ്ടാണല്ലോ വി. അംബ്രോസ് ഇങ്ങനെ പഠിപ്പിച്ചത്, "നിങ്ങൾ പാവപ്പെട്ടവർക്ക് ദാനം കൊടുക്കുകയല്ല; അവർക്ക് അവകാശപ്പെട്ടത് നിങ്ങൾ തിരികെ കൊടുക്കുകയാണ്. എല്ലാവരുടെയും പൊതു ഉപയോഗത്തിനായി നൽകപ്പെട്ടത് നിങ്ങൾ കൈവശം വച്ചിരിക്കുകയായിരുന്നു. ഭൂമി എല്ലാവരുടേതുമാണ്; സമ്പന്നരുടേതല്ല."[21] ആവശ്യത്തിൽ ഞെരുങ്ങുന്നവനെ കണ്ടിട്ടും പങ്കുവയ്ക്കാത്തവൻ പാപം ചെയ്യുന്നു എന്ന് യോഹന്നാൻ ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നു (1 യോഹ. 3, 17).[22]

26) ലാളിത്യത്തോടെ സമ്പത്ത് കൈകാര്യം ചെയ്യുവാൻ സഹായിക്കുന്ന പുണ്യങ്ങളെക്കുറിച്ച് സഭ പഠിപ്പിക്കുന്നുണ്ട്.[23] മനുഷ്യമാഹാത്മ്യത്തോടുള്ള ആദരവിനെ പ്രതി, ഈ ലോകവസ്തു

ക്കളോടുള്ള പ്രതിപത്തി നിയന്ത്രിക്കുന്നതിനാവശ്യമായ സംയമനമാണ് അതിലാദ്യത്തേത്. അയൽക്കാരന്റെ അവകാശങ്ങളെ സംരക്ഷിക്കാനും അവന് അർഹതപ്പെട്ടത് നൽകാനും നീതി എന്ന പുണ്യവും അഭ്യസിക്കേണ്ടിയിരിക്കുന്നു. സഹാനുഭൂതിയാണ് നമ്മിലുണ്ടായിരിക്കേണ്ട മൂന്നാമത്തെ പുണ്യം. സ്വയം സമ്പന്നനായിരുന്നിട്ടും നമ്മെ സമ്പന്നരാക്കാൻ വേണ്ടി ദരിദ്രനായിത്തീർന്ന ഈശോയുടെ മനോഭാവം തന്നെയാണത് (2 കൊറി. 8, 9). നമുക്ക് സ്വയം വ്യയം ചെയ്യാമായിരുന്നിട്ടും ലളിതജീവിതം നയിച്ച് സഹോദരങ്ങളുടെ ശോചനീയാവസ്ഥകളിൽ സഹാനുഭൂതിയോടെ പെരുമാറുവാനുള്ള വിളിയാണത്.

**2.3. ലാളിത്യവും പരിസ്ഥിതി ആത്മീയതയും (Eco-Spirituality)**

27) ക്രിസ്തീയ ലാളിത്യത്തിന്റെ ഏറ്റം വിശാലമായ ഭാവമാണ് ലൗദാത്തോ സി (അങ്ങേയ്ക്ക് സ്തുതി) യിൽ ഫ്രാൻസീസ് പാപ്പാ മുന്നോട്ടുവയ്ക്കുന്ന പരിസ്ഥിതി മാനസാന്തരം. പ്രകൃതിയെ ആർത്തിയോടെ ചൂഷണം ചെയ്യുന്ന ഇന്നത്തെ അവസ്ഥ നമ്മൾ അവസാനിപ്പിക്കണം. അത്തരമൊരു തീരുമാനവും മാറ്റവുമാണ് പരിസ്ഥിതി ആത്മീയത. അതിന്റെ അടിസ്ഥാന പ്രമാണം, പ്രപഞ്ചവസ്തുക്കളെ മുഴുവൻ സഹോദരങ്ങളായി കാണുന്ന വി. ഫ്രാൻസിസ് അസ്സീസിയുടെ ചൈതന്യമാണ്. മലയും, പുഴയും, മരവും, മൃഗവുമൊക്കെ എന്റെ സഹോദരങ്ങളായതിനാൽ അവയെ നശിപ്പിക്കരുത്, വേദനിപ്പിക്കരുത്. എന്റെ ഉപജീവനത്തിന് അത്യാവശ്യമായിട്ടുള്ളിടത്തോളം മാത്രമേ വേദനിപ്പിക്കാവൂ. മനുഷ്യനെ സൃഷ്ടിച്ച ദൈവം തന്നെയാണ് ഈ പ്രപഞ്ചത്തെയും അതിലെ ചരാചരങ്ങളെയും സൃഷ്ടിച്ചതെന്ന തിരിച്ചറിവാണ് പരിസ്ഥിതി ആദ്ധ്യാത്മികതയുടെ അടിസ്ഥാനം. അതോടൊപ്പം, ഉത്ഥിതനായ ക്രിസ്തു ഭൗതികലോകത്തെ തന്നിലേക്ക് സ്വാംശീകരിച്ചിരിക്കുന്നുവെന്നും അതിലൂടെ ഓരോ സൃഷ്ടവസ്തുവിലും അവിടുന്ന് സന്നിഹിതനാകുന്നുവെന്നുമുള്ള തിരിച്ചറിവും കൂടിയാണിത്.[24]

28) അല്പത്തിൽ ആനന്ദം കണ്ടെത്തുക എന്നതാണ് പരിസ്ഥിതി ആത്മീയതയുടെ മറ്റൊരു പ്രമാണം. മിനിമം കൊണ്ട് ജീവിക്കാനും, തൃപ്തിയടയാനും ശീലിക്കുന്ന രീതിയാണിത്.[25] ഇപ്രകാരമുള്ള പരിസ്ഥിതി ആത്മീയതയെന്ന ജീവിതശൈലിക്കു നിദാനം

ഈ ഭൂമിയും അതിലെ വിഭവങ്ങളും പരിമിതമാണെന്ന തിരിച്ചറിവാണ്. മനുഷ്യന്റെ ആർത്തിയെ തൃപ്തിപ്പെടുത്താനുള്ള വിഭവങ്ങൾ ഭൂമിയിലില്ല; മറിച്ച് അവന്റെ ആവശ്യങ്ങൾക്കുള്ളവയേ ഉള്ളൂ. മനുഷ്യരായ നമ്മൾ ഈ പൊതുഭവനത്തിന്റെ ഉടമസ്ഥരല്ല കാവൽക്കാരും സംരക്ഷകരുമാണെന്ന ഉത്തരവാദിത്വബോധത്തിൽ നിന്നുമാണ് പരിസ്ഥിതി ആത്മീയത രൂപം കൊള്ളുന്നത്.[26] നമുക്കു ശേഷം വരാനിരിക്കുന്ന തലമുറകൾക്കെല്ലാമായി ഈ ഭൂമിയെയും അതിലെ ചരാചരങ്ങളെയും സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം മനുഷ്യനുണ്ട്.[27] അതിനാൽ സ്വന്തം ഉപജീവനത്തിന് ആവശ്യമുള്ളതുമാത്രം ഈ ഭൂമിയിൽ നിന്നും എടുക്കുന്ന ലളിതജീവിതമാണ് പരിസ്ഥിതി ആത്മീയത.

## 3. ലാളിത്യ ജീവിതം അഭിമുഖീകരിക്കുന്ന ആധുനിക വെല്ലുവിളികൾ

### 3.1. ഉപഭോഗസംസ്കാരവും മാനവപുരോഗതിയും

29) മനുഷ്യരുടെ അറിവും വിദ്യാഭ്യാസവും വർദ്ധിക്കുന്നതനുസരിച്ച്, തങ്ങളുടെ നിരവധിയായ ആവശ്യങ്ങളെപ്പറ്റിയുള്ള അവബോധവും ആഴപ്പെട്ടുകൊണ്ടിരിക്കുന്നു. മനുഷ്യന്റെ നിലനില്പിന് അത്യന്താപേക്ഷിതമായ ശാരീരികാവശ്യങ്ങൾ പൂർത്തീകരിക്കാൻ താരതമ്യേന എളുപ്പമാണെങ്കിലും, അവന്റെ മാനസികവും സാമൂഹികവുമായ ആവശ്യങ്ങൾ നിരന്തരം വർദ്ധിക്കുന്നവയും ഒരിക്കലും പൂർണമായി തൃപ്തിപ്പെടുത്താൻ പറ്റാത്തവയുമാണ്. ഉദാഹരണമായി, ശരീരത്തെ ചൂടിൽനിന്നും തണുപ്പിൽനിന്നും സംരക്ഷിക്കുന്നതിനും നാണം മറയ്ക്കുന്നതിനും ആവശ്യമായ വസ്ത്രം വാങ്ങാൻ വലിയ ചെലവുണ്ടാകുകയില്ലെങ്കിലും, ഒരാളുടെ സാമൂഹികമായ നിലയും വിലയും അനുസരിച്ച് മനസ്സിനൊത്ത വസ്ത്രം വാങ്ങണമെങ്കിൽ മറ്റേതിനേക്കാൾ എത്രയോ കൂടുതൽ തുക ചെലവാക്കണം? ഒരു കുടുംബത്തിനു സുരക്ഷയോടെ താമസിക്കാൻ ആവശ്യമായ വീടിനേക്കാൾ എത്രയോ ആഡംബരമുള്ളതാണ് പണമുള്ളവൻ തന്റെ സാമൂഹ്യമായ നിലയും പ്രൗഢിയും പ്രകടിപ്പിക്കാനും, മനസ്സിനു കൂടുതൽ സുഖം കൊടുക്കാനും വേണ്ടി ഉണ്ടാക്കുന്ന മേൽത്തരം വൻ ബഹുനില മന്ദിരങ്ങൾ. ഈ സാഹചര്യത്തിൽ ലാളിത്യത്തേക്കാൾ അയാളുടെ

മനസ്സിൽ മുൻഗണന തന്റെ മാനസികവും സാമൂഹ്യവുമായ ആവശ്യത്തിനു സഹായകമായ ആഡംബരത്തിനു തന്നെയാകാനാണ് സാധ്യത. അങ്ങനെ സാമ്പത്തികമായും സാമൂഹ്യമായും വികസിക്കുകയും കഴിവുറ്റതാകുകയും ചെയ്യുന്നതിനനുസരിച്ച് സമൂഹത്തിൽ ആഡംബരത്വര വർദ്ധിക്കുന്നു.

30) ഇന്ന് വികസ്വരരാജ്യങ്ങളിലെ ജനങ്ങൾ വികസിതരാജ്യങ്ങളിലുള്ളവരെപ്പോലെ കിട്ടാവുന്നത്ര ഉപഭോഗവസ്തുക്കൾ അനുഭവിക്കാൻ ആഗ്രഹിക്കുന്നു. ഒരു സമൂഹത്തിലെ തന്നെ താഴ്ന്ന തലത്തിലുള്ളവർ ഉപരിതലത്തിലുള്ളവരെപ്പോലെ ജീവിതം ആസ്വദിക്കാൻ ആഗ്രഹിക്കുന്നു. തങ്ങളാഗ്രഹിക്കുന്ന വിധത്തിൽ അതു സാധിക്കാത്തതുകൊണ്ട് വളരെപ്പേർ അസംതൃപ്തരായോ നിരാശരായോ കഴിയുന്നു. മാത്രമല്ല, ഉപരിതലത്തിലുള്ളവർ കൂടുതൽ ആർഭാടത്തിൽ കഴിയുമ്പോൾ താഴ്ന്നതലത്തിലുള്ളവർക്കു ആനുപാതികമായ വരുമാനമില്ലാത്തതുകൊണ്ട് ഇരുകൂട്ടരും തമ്മിലുള്ള വിടവ് അനുദിനം വർദ്ധിച്ചുവരുന്നു. ഇതു ദരിദ്രരുടെ അസംതൃപ്തിയുടെയും നിരാശയുടെയും ആക്കം കൂട്ടുന്നു.

31) മനുഷ്യരുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിനനുസരിച്ച് മാനവപുരോഗതി അളക്കുന്ന ഈ സാഹചര്യത്തിൽ ലാളിത്യത്തിന് നമ്മുടെ സമൂഹത്തിൽ എന്തു പ്രസക്തിയാണുള്ളത്? മനുഷ്യന്റെ മാനസികവും സാമൂഹ്യവുമായ ആവശ്യങ്ങൾ ഒരു കാലത്തും പൂർണമായി പൂർത്തീകരിക്കപ്പെടുകയില്ല എന്ന് സാമൂഹികപഠനങ്ങൾ തെളിയിക്കുന്നു. അവ ഒരർത്ഥത്തിൽ അനന്തമാണ്. അധികാരം, സ്ഥാനം, ആഡംബര സുഖം മുതലായവ മനുഷ്യൻ നിരന്തരം കൂടുതൽ കൂടുതലായി അന്വേഷിച്ചുകൊണ്ടിരിക്കുന്ന മാനസിക-സാമൂഹ്യാവശ്യങ്ങളാണ്. അതുകൊണ്ട്, ആഡംബരത്വര ജീവിതത്തിലൊരിക്കലും പൂർണമായി തൃപ്തിപ്പെടുത്തി അവസാനിപ്പിക്കാനാവില്ല. അതിന് സ്വയം ഒരു അതിര് നിശ്ചയിച്ച്, ഇത്രയും മതിയെന്നു തീരുമാനിക്കുന്നിടത്തുനിന്നു മാത്രമേ ലാളിത്യം മുളയെടുക്കുവാൻ തുടങ്ങുകയുള്ളു. വേറെ വാക്കുകളിൽ പറഞ്ഞാൽ, ആവശ്യങ്ങളെ പൂർണമായി തൃപ്തിപ്പെടുത്തിയിട്ടല്ല, മറിച്ച് അവയ്ക്ക് അതീതമായി ഉയർന്നുകൊണ്ടു മാത്രമേ ലാളിത്യത്തിനു തുടക്കമിടാനാവൂ.

32) ജോൺ പോൾ രണ്ടാമൻ പാപ്പാ 1979 ലെ തന്റെ ആദ്യ അമേരിക്കൻ സന്ദർശനവേളയിലും ഫ്രാൻസിസ് പാപ്പാ കൂടെക്കൂടെയും ഉപഭോഗസംസ്കാരത്തിന് ഒരു പ്രതിസംസ്കാരം സൃഷ്ടിക്കുന്ന മുന്നണിപ്പോരാളികളാകുവാൻ ക്രൈസ്തവർ ലാളിത്യമുള്ളവരാകണം എന്ന് ഉദ്ബോധിപ്പിക്കുന്നുണ്ട്: “പരുക്കൻ വിമർശനങ്ങളെയും തളർത്തുന്ന സംശയങ്ങളെയും പണത്തിന്റെ സ്വാധീനം മാനവപുരോഗതിയുടെ മാനദണ്ഡമാക്കുന്നതിനെയും നേരിടുന്നതിനുള്ള മറുമരുന്നാണ് സുവിശേഷം ആഹ്വാനം ചെയ്യുന്ന ആനന്ദകരമായ ലളിതജീവിതം.”[28] എന്നാൽ, ആദ്യമേതന്നെ സൂചിപ്പിച്ചതുപോലെ, വർദ്ധിച്ചുവരുന്ന ആഡംബരഭ്രമം ഇതിനു തടസ്സമായി നില്ക്കുന്നു. നമ്മുടെ സഭാമക്കളുടെ ജീവിതത്തിന്റെ ഒട്ടുമിക്ക മേഖലകളിലും ഇതു ദർശിക്കാം.

### 3.2. അനുദിനജീവിതത്തിലെ ആഡംബരഭ്രമം

33) മൊബൈൽ ഫോണും ഇന്റർനെറ്റും നൂറുകണക്കിന് ടി.വി. ചാനലുകളും കൂടുതൽ സാങ്കേതികമികവോടെ ജീവിതം നയിക്കുവാൻ നമ്മെ പ്രാപ്തരാക്കിയിട്ടുണ്ട് എന്നത് ശരി തന്നെ. എന്നാൽ, ഇവ പ്രോത്സാഹിപ്പിക്കുന്ന ധൂർത്തിന്റെ വഴികൾ നമ്മുടെ ജീവിതങ്ങളെ വ്യക്തികേന്ദ്രീകൃതമായ (Individualism) സുഖസൗകര്യങ്ങളിലേക്കും എല്ലാം സ്വരുക്കൂട്ടുവാനുള്ള പ്രലോഭനങ്ങളിലേക്കും നയിച്ചിട്ടുണ്ട്. നമ്മുടെ അനുദിനജീവിതത്തിൽ സൗകര്യങ്ങളെക്കാൾ ആകർഷണത്തിനും ആഢംബരത്തിനും ആവശ്യങ്ങളേക്കാൾ ആർഭാടത്തിനും മുൻതൂക്കം കൊടുക്കുന്നവരായി നാം മാറിക്കൊണ്ടിരിക്കുകയാണ്.

34) കെട്ടിട നിർമ്മാണങ്ങളുടെ പുറകിലെ നമ്മുടെ മാത്സര്യം ഒന്നിനൊന്ന് മികവ് വർദ്ധിപ്പിക്കാനുള്ള ആഗ്രഹം മാത്രമല്ല പ്രകടിപ്പിക്കുന്നത്. നമ്മുടെ വീടുകൾ ഒരു കുടുംബത്തിന് ജീവിക്കുന്നതിനാവശ്യമായ സൗകര്യത്തേക്കാൾ പ്രൗഢിയും ആകർഷകത്വവും പണകൊഴുപ്പുമാണ് പ്രദർശിപ്പിക്കുന്നത്. അതിനായി ലോൺ എടുത്ത്, വരവിൽ കവിഞ്ഞ ചിലവ് ചെയ്ത് വലിയ കടക്കെണിയിലേക്ക് നീങ്ങുന്ന അവസ്ഥ എത്രയോ പേർക്കുണ്ട്. നമ്മുടെ ദേവാലയനിർമ്മാണത്തിലും ഈ സമീപനങ്ങൾ കടന്നുകൂടിയിരിക്കുന്നു.

35) സഭയുടെ സ്ഥാപനങ്ങളിൽ പലതും പേരും പെരുമയും നിലനിറുത്തുന്നതിനുള്ള ഉപാധികളായി മാറിയിരിക്കുന്നു. അവ തമ്മിൽ പലപ്പോഴും അനാരോഗ്യകരമായ മത്സരം നടക്കുന്നു. ഗുണമേന്മയുടെ പേരിൽ ക്രിസ്തീയമൂല്യങ്ങൾ പകർന്നു കൊടുക്കുന്നതിൽ നമ്മുടെ സ്ഥാപനങ്ങൾ വിഴ്ച വരുത്തുന്നുണ്ടോ എന്ന് വിലയിരുത്തപ്പെടേണ്ടതുണ്ട്. നമ്മുടെ പല സ്ഥാപനങ്ങളും സന്യാസഭവനങ്ങളും പാവപ്പെട്ടവനിൽ നിന്ന് വേറിട്ടാണ് നിൽക്കുന്നത് എന്ന സത്യം നാം മനസ്സിലാക്കണം. സമ്പത്തും ശക്തിയും സ്ഥാനമാനങ്ങളും സമ്മാനിച്ച വ്യഗ്രതകൾ വിളിച്ചവനിലേക്കും അയക്കപ്പെട്ടവരിലേക്കും തിരിയേണ്ട നമ്മുടെ ജീവിതങ്ങളെ വ്യതിചലിപ്പിക്കുന്നുണ്ടോ? പ്രശസ്തിയുടെ പടവുകൾ കയറാൻ ബലഹീനരെയും പാവപ്പെട്ടവരെയും നാം അവഗണിക്കുന്നുണ്ടോ? ഈശോയുടെ ശുശ്രൂഷയുടെ പ്രധാന സ്വീകർത്താക്കളായിരുന്ന പാവപ്പെട്ടവർ നമ്മുടെ സ്ഥാപനങ്ങളുടെ ശുശ്രൂഷയുടെയും ലക്ഷ്യമായി തുടരേണ്ടതല്ലേ? നമ്മുടെ ശുശ്രൂഷ പാവപ്പെട്ടവരിലേക്കും സമൂഹത്തിന്റെ പ്രാന്തപ്രദേശങ്ങളിലുള്ള എല്ലാവരിലേക്കും എത്തിനിൽക്കണമെന്ന ഫ്രാൻസിസ് പാപ്പായുടെ ആഹ്വാനം നമ്മുടെ ചിന്തക്ക് വിഷയമാക്കണം.

36) തൊഴിലിനോടുള്ള നമ്മുടെ മനോഭാവവും ആത്മപരിശോധനക്ക് വിധേയമാകേണ്ടതാണ്. ആർഭാടത്തിനും ധനസമ്പാദനത്തിനുമുള്ള ഒരു മാർഗ്ഗമെന്നതിനപ്പുറം ദൈവം മനുഷ്യനു സമ്മാനിച്ചിരിക്കുന്ന സൃഷ്ടിപരതയുടെ സാക്ഷാത്കാരമായി തൊഴിലിനെ കാണുന്നവർ വളരെ വിരളമായിക്കൊണ്ടിരിക്കുന്നു. തൊഴിലിനോടും തൊഴിൽസ്ഥാപനത്തോടുമുള്ള പ്രതിബദ്ധത തൊഴിലാളിക്കും, തൊഴിൽ സ്ഥാപനത്തിലെ തൊഴിലാളികളെ കുടുംബാംഗങ്ങളായി കാണുന്ന സമീപനം തൊഴിൽ ദാതാവിനും നഷ്ടമായിരിക്കുന്നു. കുറച്ച് ജോലികൾ ചെയ്ത് കൂടുതൽ വരുമാനമുണ്ടാക്കുവാൻ തൊഴിലാളി പരിശ്രമിക്കുമ്പോൾ, കുറച്ച് തൊഴിലാളികളെക്കൊണ്ട് കൂടുതൽ പണിയെടുപ്പിച്ച് എങ്ങനെ വരുമാനം വർദ്ധിപ്പിക്കാം എന്നതാണ് തൊഴിൽ ദാതാവിന്റെ മുഖ്യചിന്ത. അലസതയും ആർഭാടവും തൊഴിൽ മേഖലയെ നിലവാരമില്ലാത്തതും സമൂഹത്തിന്റെ കെട്ടുറപ്പിനെ തകർക്കുന്നതും ആക്കി തീർക്കുന്നു.

37) ഉയർന്ന വിദ്യാഭ്യാസ നിലവാരവും ജോലികളും നമ്മുടെ കുറെയേറെ കുടുംബങ്ങളെ ഉന്നത ജീവിതനിലവാരത്തിലേക്ക് നയിച്ചിട്ടുണ്ട്. എന്നാൽ, അത് തത്തുല്യമായ ക്രിസ്തീയ പങ്കുവയ്ക്കലിലേക്ക് നയിച്ചിട്ടുണ്ടോയെന്ന് നമ്മൾ ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. കൂടുതൽ സ്വരുക്കൂട്ടാൻ വേണ്ടി കൂടുതൽ ജോലി ചെയ്യുകയും കുടുംബത്തിനും വ്യക്തിബന്ധങ്ങൾ പരിപോഷിപ്പിക്കുന്നതിനും മറ്റുള്ളവരെ സഹായിക്കുന്നതിനും സമയം കണ്ടെത്താതിരിക്കുകയും ചെയ്യുന്നവരെ നമുക്കറിയാം. ആരെയും ആശ്രയിക്കാതെ ജീവിക്കുവാൻ വേണ്ടി സാമ്പത്തിക സുരക്ഷിതത്വം നേടിയെടുക്കാനുള്ള വ്യഗ്രതയിൽ, പങ്കു വയ്ക്കേണ്ടതിന്റെ ആവശ്യകത തന്നെ പലരും മറന്നുപോകുന്നു. ഇതിനെല്ലാം മൂലകാരണം കൂടുതൽ സ്വരുക്കൂട്ടുന്നതിനുള്ള പ്രവണതയായതുകൊണ്ട് ലളിതജീവിതമാണ് ഈ അവസ്ഥയ്ക്കുള്ള പരിഹാരമാർഗ്ഗം എന്ന് നാം തിരിച്ചറിയണം. ലളിതജീവിതം നയിക്കുന്നവർക്ക് കുടുംബത്തിന്റെയും സഭയുടെയും സമൂഹത്തിന്റെയും ഉന്നമനത്തിനായി സമയം കണ്ടെത്തുവാൻ കഴിയും. താരതമ്യേന ഉയർന്ന ജീവിത നിലവാരം പുലർത്തുന്ന കേരളത്തിലെ സീറോ മലബാർ സഭാസമൂഹങ്ങൾ പ്രവാസി സഭാസമൂഹങ്ങളുടെയും ശൈശവാവസ്ഥയിലുള്ള സഭാസമൂഹങ്ങളുടെയും പുരോഗതി ലക്ഷ്യം വയ്ക്കണം.

### 3.3. ആഘോഷങ്ങളിലും അനുഷ്ഠാനങ്ങളിലും ആർഭാടം

38) നമ്മുടെ സമൂഹജീവിതത്തെ കൂട്ടിയിണക്കുന്ന പ്രധാന ഘടകങ്ങളാണ് ജനനം മുതൽ മരണം വരെ നാം കടന്നുപോകുന്ന അനേകം ആചാരങ്ങളും ആഘോഷങ്ങളും. എന്നാൽ, ഇന്ന് സമൂഹത്തിന്റെ എല്ലാ മേഖലകളിലും സ്വാധീനം ചെലുത്തുന്ന കമ്പോളവല്കരണം നമ്മുടെ ആഘോഷങ്ങളിലും ആചാരങ്ങളിലും പ്രതിഫലിക്കുന്നു. കമ്പോളവല്കരണം മൂല്യശ്രേണിയിലെ പ്രധാന ഘടകമായി അവതരിപ്പിക്കുന്ന സാമ്പത്തികസമൃദ്ധിതന്നെ സഭയുടെയും ക്രിസ്തീയകുടുംബത്തിന്റെയും ആത്യന്തികലക്ഷ്യമായി പ്രായോഗികജീവിതത്തിൽ കടന്നുവരുന്നതായി കണ്ടെത്തുവാൻ സാധിക്കും.

39) അനുഷ്ഠാനങ്ങളെ അവയുടെ സ്വഭാവത്താൽതന്നെ ഫലസിദ്ധിയുമായി ബന്ധപ്പെടുത്താറുണ്ട്. എന്നാൽ, ഇന്നത്തെ കമ്പോ

ളസംസ്കാരത്തിൽ പരമ്പരാഗത അനുഷ്ഠാനങ്ങളെ മുതൽമുടക്കുകളായി കാണുന്ന സാഹചര്യം സംജാതമായിരിക്കുന്നു. ഇവ അനുഷ്ഠിച്ചാൽ എന്തു കിട്ടും? എന്ത് മെച്ചം? തുടങ്ങിയ ചോദ്യങ്ങൾ കച്ചവട സംസ്കാരം സഭാജീവിതത്തിലേക്ക് കടന്നുവരുന്നതിന്റെ അടയാളങ്ങളായി കാണണം. അറിഞ്ഞോ അറിയാതെയോ അജപാലന ശുശ്രൂഷകൾ ഈ സംസ്കാരം സ്വാംശീകരിച്ചുവരുന്നു. പുതുമയും വൈവിധ്യങ്ങളും കൊണ്ടലങ്കരിച്ച അനുഷ്ഠാനങ്ങളുടെ അനന്തസാധ്യതകൾ അവതരിപ്പിക്കുന്നതിൽ മാത്രം നമ്മുടെ അജപാലന ഔത്സുക്യം ഒതുങ്ങുന്നുണ്ടോ? പെരുകുന്ന തീർത്ഥാടനകേന്ദ്രങ്ങളും വർദ്ധിച്ചുവരുന്ന പെരുന്നാളാഘോഷങ്ങളും, വാഗ്ദാനങ്ങൾ മാൽസര്യബുദ്ധിയോടെ ഊതിവീർപ്പിക്കുന്ന നൊവേനകളും മാർക്കറ്റിലെ വിപണന തന്ത്രങ്ങൾ കടമെടുക്കുന്നതായി തോന്നുന്നു. അവ നമ്മുടെ വിശ്വാസജീവിതത്തെ പരിപോഷിപ്പിക്കുവാൻ സഹായകമാണോ എന്ന് സഭാമക്കൾ തിരിച്ചറിയേണ്ടിയിരിക്കുന്നു.

40) ക്രിസ്തീയകൂദാശകളായ മാമ്മോദീസായും ആഘോഷമായ വി. കുർബാനസ്വീകരണവും വിവാഹവും തിരുപ്പട്ടവും തുടങ്ങി സന്യാസവ്രതവാഗ്ദാനങ്ങളും മരണവാർഷികങ്ങളും വരെ സാമ്പത്തിക സമൃദ്ധിയുടെയും പ്രൗഢിയുടെയും പ്രകടനങ്ങളായി മാറിക്കൊണ്ടിരിക്കുകയല്ലേ? ആഘോഷങ്ങൾ ധൂർത്തിലേക്കും ധൂർത്ത് കപട പ്രശസ്തി അന്വേഷണത്തിലേക്കും കടന്നിരിക്കുന്നു. താത്കാലിക കാര്യലാഭത്തിനുവേണ്ടി, ഉപഭോഗമനസ്സോടെ ഒരുമിച്ചുകൂടുന്ന ഭക്തരുടെ ബാഹുല്യം കാണുമെങ്കിലും കാലക്രമത്തിൽ വിശ്വാസരാഹിത്യത്തിലേക്കായിരിക്കും ഇത്തരം മനോഭാവങ്ങൾ സഭയെ കൊണ്ടുചെന്നെത്തിക്കുക. അതിനാൽ അജപാലനശുശ്രൂഷയെ കാര്യഗൗരവത്തോടെ വിലയിരുത്തുകയും വികലമായ മനോഭാവങ്ങളിലും അന്ധവിശ്വാസങ്ങളിലുംനിന്ന് നമ്മുടെ വിശ്വാസാനുഷ്ഠാനങ്ങളെ വിമോചിപ്പിക്കുകയും വേണം. സമൂഹം സുഖലോലുപതയിലേക്കും ധൂർത്തിലേക്കും പോകുമ്പോൾ അതിന് പ്രതിസംസ്കാരം സൃഷ്ടിക്കുകയാണ് സഭയുടെ ദൗത്യം.

41) നമ്മുടെ ധ്യാനകേന്ദ്രങ്ങളും സന്യാസഭവനങ്ങളും ഇടവകദേവാലയങ്ങളും പ്രഘോഷകനിലേക്കുതന്നെ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ആർഭാടത്തിന്റെയും രാജകീയതയുടെയും അന്തരീക്ഷ

ങ്ങളായി വളർന്നുവരുന്നു. സഭാഹയരാർക്കിയും സന്യാസസമർപ്പിതരും ക്രിസ്തുവിനെ സുതാര്യമായി അവതരിപ്പിക്കുന്നതിനുതകുന്ന ലാളിത്യമുള്ളവരാകേണ്ടിയിരിക്കുന്നു. വ്രതവാഗ്ദാനം, തിരുപ്പട്ടം തുടങ്ങി സഭയുടെ പൊതു ആഘോഷവേദികളും ധാരാളിത്തത്തിന്റെ പ്രകടനവേദികളായി മാറുന്നു എന്നത് നമ്മെ ചിന്തിപ്പിക്കേണ്ടതല്ലേ? സജ്ജീകരണങ്ങളും അലങ്കാരങ്ങളും മറ്റുള്ളവരുടേതിനേക്കാൾ ആകർഷകങ്ങളും കണ്ണഞ്ചിപ്പിക്കുന്നതുമാകണം എന്ന ദുരഭിമാനം നമ്മെ പലരെയും ബാധിച്ചിട്ടുണ്ട്. നമ്മുടെ തിരുന്നാൾ നടത്തിപ്പുകൾ ദൈവജനത്തിന്റെ വിശ്വാസവളർച്ചക്ക് എന്തുമാത്രം സഹായിക്കുന്നു? ആത്മീയ ഉണർവും, കൂട്ടായ്മയും സാമുദായിക കെട്ടുറപ്പും വളർത്തേണ്ട തിരുന്നാളുകൾ വാണിജ്യവത്കരിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കണം.

42) കുടുംബങ്ങളുടെയും അവരുടെ ബന്ധുക്കളുടെയും സമ്പത്തും കുലമഹിമയും വിളംബരം ചെയ്യാനുള്ള വേദികളാണെന്നു തോന്നുംവിധമാണ് ചില വിവാഹാഘോഷങ്ങൾ. ക്ഷണക്കത്തിന്റെ തിളക്കവും പങ്കെടുക്കുന്നവരുടെ ബാഹുല്യവും വിവാഹാഘോഷത്തിന്റെ മാനദണ്ഡങ്ങളായി പലരും കണ്ടുതുടങ്ങിയിരിക്കുന്നു. ശീതീകരിച്ച ഓഡിറ്റോറിയങ്ങളും സ്വർണാഭരണങ്ങളുടെയും ഉടയാടകളുടെയും പ്രൗഢിയും ഇവന്റ് മാനേജ്മന്റുകളുടെ നൈപുണ്യവും പല വിവാഹാഘോഷങ്ങളെയും ആർഭാടത്തിന്റെയും ധൂർത്തിന്റെയും അരങ്ങുകളാക്കിമാറ്റിയിരിക്കുന്നു. സാമ്പത്തികസുസ്ഥിതിയില്ലാത്ത പലരും ഇത്തരം ആർഭാടങ്ങളെ അനുകരിച്ച് കടത്തിന്റെ ആഴക്കയങ്ങളിലേക്ക് കൂപ്പുകുത്തുന്നത് ദുഃഖമുളവാക്കുന്നു.

43) ദേവാലയം അലങ്കരിക്കുവാൻ പതിനായിരങ്ങളും ലക്ഷങ്ങളും ചിലവിടുമ്പോൾ അത് ദേവാലയചൈതന്യത്തിന് ചാരുത പകരുന്നില്ല എന്നതാണ് വസ്തുത. വിവാഹാശീർവാദകർമ്മത്തിന് ഒന്നിൽകൂടുതൽ മെത്രാന്മാരുണ്ടാവണം എന്ന് ശാഠ്യം പിടിക്കുന്നവരുണ്ട്. തങ്ങളറിയുന്ന എല്ലാ വൈദികരെയും ആശീർവാദത്തിന് വിളിക്കുക വഴി അവരുടെ അജപാലനശുശ്രൂഷയ്ക്കുള്ള വിലയേറിയ സമയമാണ് വൃഥാ നഷ്ടപ്പെടുത്തുന്നത്. പല പാശ്ചാത്യരാജ്യങ്ങളിലും വിവാഹത്തിന് ഒരുക്കിയ വൈദികൻതന്നെ വിവാഹം ആശീർവദിക്കുന്ന പതിവുണ്ട്. അത് വളരെ അർത്ഥവത്താണ്.

44) ഓരോ അനാവശ്യവും ആവശ്യമാക്കി നാം മാറ്റുമ്പോൾ ജീവിതത്തിന്റെ പുറംപോക്കിൽ അനേകർ നിൽക്കുന്നു എന്ന് നാം ഓർക്കേണ്ടതുണ്ട്. വിവാഹം ഇനിയും സ്വപ്നമായി മാത്രം അവശേഷിക്കുന്ന അനേകം യുവതികൾ നമ്മുടെയിടയിലുള്ളപ്പോൾ, കേരളത്തിന്റെ വിവാഹാവശ്യങ്ങൾക്കായി 800 ടൺ സ്വർണം ഓരോ വർഷവും മലയാളികൾ ഉപയോഗിക്കുന്നുണ്ട് എന്ന് കണക്കുകൾ വ്യക്തമാക്കുന്നു. പത്തു പവൻ സ്വർണം കൊണ്ട് മനോഹരമായി വിവാഹം നടത്തിക്കൂടെ എന്ന് 2015-ൽ കേരളത്തിലെ വനിതാ കമ്മീഷൻ ചോദിച്ചത് നമ്മെ ചിന്തിപ്പിക്കേണ്ടതല്ലേ? ക്ഷണിതാക്കളുടെ എണ്ണത്തിൽ മിതത്വം പാലിക്കുവാൻ സാധിക്കണം. ആയിരത്തിനും ആയിരത്തിയഞ്ഞൂറിനും പകരം ഇരുന്നൂറു പേരുടെ ഒരു സ്നേഹവിരുന്ന് കൂടുതൽ ഹൃദ്യമല്ലേ?

45) ധൂർത്തിന്റെയും പാഴ്ചിലവിന്റെയും ദുഃസ്ഥിതിയിൽ നിന്നും ലാളിത്യത്തിന്റെ തലങ്ങളിലേക്ക് അനുഷ്ഠാനങ്ങളെയും ആഘോഷങ്ങളെയും മാറ്റിയെടുക്കുക ക്ലേശകരമായി തോന്നാം. സമ്പത്ത് വ്യയം ചെയ്യുന്നത് വ്യക്തിയുടെയും സമൂഹത്തിന്റെയും സ്വാതന്ത്ര്യത്തിന്റെ പ്രശ്നമായി കാണുന്നവരുണ്ട്. ഇത് സ്ഥലം, കാലം, സാഹചര്യം, അവസ്ഥ എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ട്, ഒരു മാർഗ്ഗരേഖ തയ്യാറുക്കുക ദുഷ്കരമാണ്. എന്നാൽ, വ്യക്തിപരമായ ഇടപെടലുകളിലൂടെ മാറ്റങ്ങൾ സൃഷ്ടിക്കുവാൻ ശ്രമിക്കുക എന്നതാണ് പരമപ്രധാനം. ഓരോ ആഘോഷത്തിനു ശേഷവും നടന്ന കാര്യങ്ങളുടെ വസ്തുനിഷ്ഠമായ അവലോകനം നടത്തി, അനാവശ്യങ്ങൾക്കും ആർഭാടങ്ങൾക്കുമെതിരെയുള്ള ആശയസമന്വയം സഭയുടെ എല്ലാ തലങ്ങളിലും സൃഷ്ടിച്ചെടുക്കുവാൻ സാധിക്കണം. ആഘോഷങ്ങളെക്കുറിച്ച് തീരുമാനങ്ങളെടുക്കുമ്പോൾ സമൂഹത്തിലെ താഴെക്കിടയിലുള്ളവരെ എങ്ങനെ ബാധിക്കുന്നു എന്ന് പലവട്ടം ചിന്തിക്കേണ്ടതുണ്ട്. സമ്പത്ത് കൂടുതൽ ഉള്ളവർ ഇല്ലാത്തവരുമായി പങ്കുവയ്ക്കുന്നതാണ് തങ്ങളുടെ ആഘോഷത്തിന്റെ മാറ്റുകൂട്ടുന്നത് എന്ന് തിരിച്ചറിയണം. എങ്കിൽ മാത്രമാണ് ലാളിത്യത്തിന്റെ തലങ്ങളിലേക്ക് ആഘോഷങ്ങളെ ഉയർത്തുവാൻ നമുക്ക് സാധിക്കൂ.

## 4. സീറോ മലബാർ സഭയും ലാളിത്യ ആദ്ധ്യാത്മികതയും: ചില പ്രായോഗിക വിചിന്തനങ്ങൾ

46) ക്രിസ്തീയ ലാളിത്യത്തിന്റെ ആത്മീയ ഭാവമായ ഈശോയുടെ ലളിത ജീവിതവും പ്രബോധനങ്ങളും സഭാപ്രബോധനങ്ങളിൽ പ്രതിപാദിക്കപ്പെടുന്ന ലളിതജീവിതദർശനവും ലാളിത്യജീവിതം അഭിമുഖീകരിക്കുന്ന ആധുനിക വെല്ലുവിളികളും വിശകലനം ചെയ്ത നാം അതിന്റെ ബാഹ്യവും പ്രകടവുമായ രൂപങ്ങളെക്കുറിച്ചാണ് ഇനി ചിന്തിക്കുക. ക്രിസ്തുവിന്റെ ലാളിത്യം എങ്ങനെ സീറോ-മലബാർ സഭയിൽ നമുക്ക് പരിശീലിക്കാനും അഭ്യസിക്കാനും സാധിക്കും? ഫ്രാൻസിസ് മാർപ്പാപ്പാ തന്റെ ജീവിതത്തിലൂടെയും സന്ദേശത്തിലൂടെയും ക്രിസ്തുവിന്റെ ലാളിത്യത്തിനു സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നു. അങ്ങനെയെങ്കിൽ നമ്മുടെ സഭയിൽ മുകളിൽ നിന്ന് താഴോട്ടുള്ള അജപാലന ശൈലിയിലെ മാറ്റങ്ങളെക്കുറിച്ച് നാം പ്രായോഗിക വിചിന്തനം നടത്തേണ്ടിയിരിക്കുന്നു.

### 4.1. സഭയിലെ അജപാലന നേതൃത്വം

47) സുവിശേഷത്തിലെ ഈശോയെ ഇന്നത്തെ സഭാശുശ്രൂഷയിൽ അടുത്ത് അനുധാവനം ചെയ്യുവാൻ പരിശ്രമിക്കുന്ന ധാരാളം അജപാലകർ നമുക്ക് ഇന്നുണ്ട്. എങ്കിലും നമ്മുടെ മെത്രാപ്പോലീത്താമാരും മെത്രാൻമാരും വൈദികരും ശെമ്മാശ്ശന്മാരും ക്രിസ്തുവിന്റെ ശിഷ്യത്വം ആവശ്യപ്പെടുന്ന ലാളിത്യത്തിന്റെ വിവിധ മാനങ്ങളെ തങ്ങളുടെ ജീവിതശൈലിയായി സ്വാംശീകരിക്കേണ്ടിയിരിക്കുന്നു. ചില പ്രായോഗിക ശൈലികൾ സഭയുടെ അജപാലന നേതൃത്വത്തിന്റെ മുഴുവൻ പരിചിന്തനമർഹിക്കുന്നു.

48) (1) **സംലഭ്യത (availability):** ലാളിത്യത്തിന്റെ വലിയൊരു മാനമാണ് സകലർക്കും സംലഭ്യരാകുകയെന്നത്. വൈദിക മേലധ്യക്ഷന്മാർ ദൈവജനത്തിന്, പ്രത്യേകിച്ച് സമൂഹത്തിലെ പാവപ്പെട്ടവർക്ക്, സമീപിക്കാവുന്നവരാകണം. വൈദികരുടെ ജീവിതവും ശുശ്രൂഷയും സമൂഹത്തിലെ ഏറ്റവും താഴെത്തട്ടിലുള്ളവരുടെ ആവശ്യങ്ങളോട് പ്രത്യേകം പ്രതികരിക്കുന്നവയാകണം. ഈശോയെപ്പോലെ ചുങ്കക്കാരുടെയും പാപികളുടെയും സ്നേഹിതൻ എന്ന് വിളിക്കപ്പെടുവാൻ തക്കരീതിയിൽ വൈദികർ തങ്ങളുടെ അജപാലനശുശ്രൂഷയിൽ പാവപ്പെട്ടവർക്ക് സംലഭ്യരാകണം.

49) (2) **വ്യക്തിജീവിതത്തിൽ ലാളിത്യം:** അജപാലനശുശ്രൂഷയിലുള്ളവർ ലാളിത്യത്തെക്കുറിച്ച് പ്രസംഗിക്കുന്നവർ മാത്രമാകാതെ ലാളിത്യത്തിന്റെ സ്വാഭാവിക ആവിഷ്കാരങ്ങളുമായിരിക്കണം. അപ്പോൾ മാത്രമാണ് സഭാശുശ്രൂഷകർക്ക് അവരുടെ ശുശ്രൂഷയിൽ ആധികാരികത കൈവരുന്നത്. വസ്ത്രം, ഭക്ഷണം, യാത്ര, ജീവിതോപകരണങ്ങൾ എന്നിവയിൽ ആഢംബരം വെടിഞ്ഞ് ലാളിത്യം സ്വീകരിക്കണം. അജപാലനനേതൃത്വത്തിലുള്ളവർ ഒരുമിച്ചു കൂടുന്നയിടങ്ങളിലെ വാഹനങ്ങളും ഊട്ടുമുറികളും നിരീക്ഷിച്ചാൽ സുവിശേഷലാളിത്യത്തിൽ നിന്നുള്ള നമ്മുടെ അകലം വ്യക്തമാവുകയില്ലേ? ഇടക്കെങ്കിലും പൊതുയാത്രാ സംവിധാനങ്ങൾ ഉപയോഗിക്കാൻ തുടങ്ങിയാൽ അത് മാതൃകാപരമായിരിക്കും. സാധാരണക്കാരോടൊപ്പമായിരിക്കുകയും അവരുടെ ഹൃദയവികാരങ്ങളറിഞ്ഞ് അജപാലനശുശ്രൂഷയിലേർപ്പെടുകയും ചെയ്യുന്ന ഫ്രാൻസിസ് മാർപ്പാപ്പായെപ്പോലെ, സാധാരണ ജനങ്ങളോടൊപ്പമായിരിക്കുന്നതിൽ സന്തോഷം കണ്ടെത്തുന്നവരാകണം സഭാശുശ്രൂഷകർ.

50) (3) **അജപാലന സമീപനങ്ങൾ:** അജഗണങ്ങളോടുള്ള ഇടപെടൽ ധാർഷ്ട്യത്തോടെയാകരുത്, കാരുണ്യത്തോടെയായിരിക്കണം. സാമൂഹ്യശ്രേണിയിൽ ആരുമായാണ് നാം താദാത്മ്യം പ്രാപിക്കുന്നത് എന്ന് വിലയിരുത്തണം. സഭ പാവപ്പെട്ടവളാണ്, പാവപ്പെട്ടവരുടേതാണ് എന്ന സഭാദർശനം ജീവിക്കുന്നവരാകുന്നതിലൂടെയാണ് നാം ക്രിസ്തുവിന്റെ ലാളിത്യത്തിന് സാക്ഷ്യം വഹിക്കുന്നത്.

51) (4) **പങ്കുവയ്ക്കൽ:** പാവപ്പെട്ടവരുമായി സമ്പത്ത് പങ്കുവയ്ക്കുന്നതിനുള്ള അവസരങ്ങൾ നഷ്ടപ്പെടുത്താതിരിക്കുക. ദൈവജനത്തെ ഇത്തരത്തിൽ അവബോധമുള്ളവരാക്കുകയും ദേവാലയനിർമാണം, തിരുന്നാൾ തുടങ്ങിയ അവസരങ്ങളിൽ പാവപ്പെട്ടവന്റെ നെടുവീർപ്പുകൾക്ക് കാതോർക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്യുക.

52) (5) **നീതിയുടെ പക്ഷം ചേരുക:** നീതിക്കുവേണ്ടിയുള്ള സമരങ്ങളിൽ സജീവമായി പങ്കുകൊള്ളുന്നവരാകണം സഭാശുശ്രൂഷക്കായി പ്രത്യേകം നിയോഗിക്കപ്പെട്ടവർ. നമ്മുടെ സമുദായത്തിന്

നീതി നിഷേധിക്കുമ്പോൾ മാത്രമാകാതെ, എവിടെയൊക്കെ നീതി നിഷേധിക്കപ്പെടുന്നുവോ, അവിടെയൊക്കെ സഭയുടെ പ്രതിനിധികളായി ക്രൈസ്തവമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഇടപെടുവാൻ സഭാശുശ്രൂഷകർക്ക് ഉത്തരവാദിത്തമുണ്ട്.

**4.2. സഭയിലെ സന്യസ്തർ**

53) ക്രിസ്തുവിന്റെ ദാരിദ്ര്യപ്രേമത്തെ മൗലികമായി ജീവിക്കുവാനാണ് ഓരോ സന്യാസസമൂഹവും വിളിക്കപ്പെട്ടിരിക്കുന്നത്. ദൈവം ഓഹരിയായയുണ്ടെങ്കിൽ ഒന്നിന്റെയും കുറവില്ലെന്ന് ഹൃദയത്തിൽ ബോധ്യമുള്ളവരും ജീവിതം കൊണ്ട് സാക്ഷ്യം നൽകുന്നവരുമാകണം സന്യസ്തർ. ഇതിന് ചില പ്രായോഗിക സമീപനങ്ങൾ സ്വീകരിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

54) (1) ലളിതജീവിതശൈലിയിലേക്കുള്ള തിരിച്ചുപോക്ക്: സന്യാസശ്രേഷ്ഠരും സന്യസ്തരെല്ലാവരും ക്രിസ്തുവിന്റെ ലളിതജീവിതശൈലി സ്വാംശീകരിക്കേണ്ടിയിരിക്കുന്നു. "നമ്മുടെ വിശ്വാസവും ദാരിദ്ര്യവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്."[29] സമർപ്പിത പ്രേഷിതത്വം സ്വീകരിച്ചവർക്ക് ഇത് സർവോപരി വ്യക്തമായിരിക്കണമെന്ന് മാർപ്പാപ്പാ ആവശ്യപ്പെടുന്നു.[30]

55) (2) ദരിദ്രരോട് താദാത്മ്യപ്പെട്ടുള്ള സുവിശേഷവൽക്കരണ ദൗത്യം: ഈശോയെപ്പോലെ, സമൂഹത്തിലെ ഏറ്റവും ദരിദ്രരോടും എളിയവരോടും രോഗികളോടും അവഗണിക്കപ്പെട്ടവരോടും വിസ്മരിക്കപ്പെട്ടവരോടും പ്രതിഫലം നൽകാൻ കഴിവില്ലാത്തവരോടും (ലൂക്കാ 4, 13-14) പ്രത്യേക പരിഗണന കാണിച്ചുകൊണ്ടുള്ള സുവിശേഷവൽക്കരണത്തിനാണ് സന്യസ്ത-സമർപ്പിതർ പ്രത്യേകമായി വിളിക്കപ്പെട്ടിരിക്കുന്നത്.[30] അധികാരത്തിനുള്ള എല്ലാ അവകാശങ്ങളും ഉപേക്ഷിച്ചുകൊണ്ടും ദിരിദ്രരോടൊപ്പം അനുദിനജീവിതത്തിന്റെ അനിശ്ചിതത്വങ്ങളിൽ ജീവിച്ചുകൊണ്ടും ദൈവസ്നേഹത്തിന്റെ സജീവമായ അടയാളങ്ങളായി മാറണം സന്യസ്തർ. അങ്ങനെ ദരിദ്രരുടെ സഹോദരീസഹോദരന്മാരായിത്തീരുന്നതു വഴി സുവിശേഷസന്തോഷത്തിന്റെ സാക്ഷികളാകുവാൻ അവർക്ക് സാധിക്കും.

56) (3) **സ്ഥാപനബദ്ധരാകാതിരിക്കുക:** സ്ഥാപനങ്ങളുടെ സുരക്ഷിതതാവളങ്ങളിൽ ഒതുങ്ങിക്കൂടാതിരിക്കുക. നമ്മുടെ പരമ്പരാ

ഗത അജപാലന ശുശ്രൂഷകളായ വിദ്യാഭ്യാസ പ്രേഷിതത്വവും ആതുരസേവനപ്രവർത്തനങ്ങളും കാലഘട്ടത്തിന്റെ പ്രലോഭനങ്ങളായ ലൗകായികത്വവും മാത്സര്യവും ആർഭാടവും എങ്ങനെ അതിജീവിക്കണം എന്ന് നമ്മൾ വിശകലനം ചെയ്യണം. നിസ്സഹായരുടെ വ്യഗ്രതകളെയും രോഗികളുടെ അടിയന്തിരാവശ്യങ്ങളെയും ചൂഷണം ചെയ്യരുത്.

57) (4) സന്യാസസഭകളുടെ സമ്പത്ത് പൊതുനന്മക്കുള്ളതാണ് എന്ന അവബോധം വളർത്തിയെടുക്കുക. പ്രവാചകമനസ്സോടെ അശരണർക്ക് അത്താണികളാകുന്നതിൽ ജീവിതസാഫല്യം അനുഭവിക്കുന്നവരാകുക. ജീവിതത്തിന്റെ ഇടനാഴികളിൽ ഇടറിവീഴുന്നവരെ താങ്ങിയെടുത്ത് പുതിയ ഇടങ്ങൾ തരപ്പെടുത്തിക്കൊടുക്കുന്ന സന്യസ്തർ ക്രിസ്തുവിന്റെ ദൈവരാജ്യം വിസ്തൃതമാക്കുകയാണ്.

### 4.3. ഇടവകയും അജപാലനശൈലികളും

58) "ഇടവകയെന്നത് ഒരു പ്രദേശത്തുള്ള സഭയുടെ സാന്നിധ്യമാണ്."[32] സഭാഗാത്രത്തിലുള്ളവരുടെയും ആ പ്രദേശത്തുള്ള ഇതരമതസ്ഥരുടെയും ജീവിതങ്ങളിൽ ദൈവത്തിന്റെ പരിപാലനയും ക്രിസ്തുവിന്റെ കരുണാർദ്രസ്നേഹവും ചൊരിയപ്പെടേണ്ടത് ഇടവക കൂട്ടായ്മയിലൂടെയാണ്. അതിനുതകുന്ന ശൈലീമാറ്റം ഇടവകകളെ കൂടുതൽ അർത്ഥവത്താക്കും.

(1) ഇടവകയുടെ അജപാലന പ്രവർത്തനങ്ങളെ മുൻഗണനാക്രമത്തിൽ വിലയിരുത്തണം. ലാളിത്യവും ആത്മീയോത്ക്കർഷവും പ്രധാനലക്ഷ്യങ്ങളായി മാറണം. അവ പാവപ്പെട്ടവരോടുള്ള കാരുണ്യപ്രവൃത്തികളായി ബഹിർസ്ഫുരിക്കണം. അങ്ങനെ ഇടവക സകലർക്കും സ്വാഗതമോതുന്ന തുറന്ന കവാടമായി പ്രദേശവാസികൾക്ക് അനുഭവപ്പെടണം.

(2) അതിരുകടന്ന ആഘോഷങ്ങൾക്കും അനാവശ്യമായ നിർമ്മാണപ്രവർത്തനങ്ങൾക്കും വ്യർത്ഥമായ പല ആചാരങ്ങൾക്കും ചിലവഴിക്കുന്ന സമയവും ഊർജ്ജവും കുറച്ച്, ഇടവകയുടെ അജപാലന ശുശ്രൂഷയിൽ ശ്രദ്ധകേന്ദ്രീകരിക്കാനുള്ള സാഹചര്യമൊരുക്കുകയും ചെയ്യുക. പ്രവർത്തനങ്ങളുടെ ആധിക്യത്താൽ ഇടവകയിലുള്ള കുടുംബബന്ധങ്ങളുടെ നിജസ്ഥിതി

അറിയാൻ പോലും അജപാലകന് കഴിയാതെ വരുന്ന സാഹചര്യങ്ങൾ തിരുത്തപ്പെടണം. ഒരു പ്രദേശത്തെ ദൈവജനത്തിന്റെ നെടുവീർപ്പുകൾക്കും പരിദേവനങ്ങൾക്കും കർത്താവു കൊടുക്കുന്ന ഉത്തരങ്ങളായി നമ്മുടെ അജപാലന പ്രവർത്തനങ്ങൾ മാറണം.

(3) ആഘോഷങ്ങളുടെ ഭാഗമായി വെടിക്കെട്ടിന് കൊടുക്കുന്ന പ്രാധാന്യം പുനഃപരിശോധിക്കുവാൻ അനേകം തവണ സഭാനേതൃത്വം തന്നെ ആഹ്വാനം ചെയ്തിട്ടുള്ളതാണ്. ദേവാലയത്തിന്റെ പരിശുദ്ധി, ദൈവാലയപരിസരങ്ങളിൽ ഉണ്ടായിരിക്കേണ്ട നിശ്ശബ്ദത എന്നിവ വെടിക്കെട്ടിനേക്കാൾ പ്രാധാന്യമുള്ളവയാണ് എന്ന് നാം തിരിച്ചറിയണം. ശബ്ദമലിനീകരണം, അന്തരീക്ഷമലിനീകരണം, ധനദുർവിനിയോഗം തുടങ്ങിയവ സാമൂഹിക തിന്മകളാണ്. ജീവനും ആരോഗ്യത്തിനും വലിയ നഷ്ടങ്ങൾ വരുത്തുന്നു.

(4) ആദിമസഭാസമൂഹത്തെപോലെ പ്രാർത്ഥന, അപ്പംമുറിക്കൽ കൂട്ടായ്മ എന്നിവയിൽ വാർത്തെടുക്കപ്പെട്ട ജീവത്തായ ക്രൈസ്തവസമൂഹങ്ങളായി ഇടവകകൾ മാറണം. കുടുതൽ സമ്പത്തുള്ള പള്ളികൾ അത് പൊതുനന്മക്കായി ഉപയോഗിക്കണം. ആഘോഷങ്ങൾക്കായി സ്വരുക്കൂട്ടുന്ന പണത്തിന്റെ നല്ല ഒരു ശതമാനം പാവപ്പെട്ടവരെ സഹായിക്കുന്ന കാരുണ്യനിധിയായി മാറ്റിവയ്ക്കുകയും അർഹിക്കുന്നവരെ സഹായിക്കുവാനായി അത് ഉപയോഗിക്കുകയും വേണം.

### 4.4. അജപാലനമേഖലയിലെ ആധുനിക വെല്ലുവിളികൾ

59) നല്ല സമരിയാക്കാരന്റെ ഉപമ ഇന്നത്തെ അജപാലനശുശ്രൂഷക്ക് വെല്ലുവിളിയാണ്. ഉപമയിലെ പുരോഹിതനെയും ലേവായനെയും പോലെ സ്ഥാപനങ്ങളുടെയും പരമ്പരാഗത പ്രസ്ഥാനങ്ങളുടെയും കാവൽക്കാരാകുന്നതിൽ നമ്മുടെ അജപാലന ശുശ്രൂഷ അവസാനിക്കുന്നുണ്ടോ? ബലിയർപ്പിക്കാനുള്ള തത്രപ്പാടിൽ ദേവാലയത്തിലേക്കു നീങ്ങുന്ന പുരോഹിതൻ; കൂടെയായിരിക്കേണ്ട ലേവായൻ; വഴിയിൽ മുറിവേറ്റ് കേഴുന്നവൻ അവരുടെ കർമ്മങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നവനാണ്. എന്നാൽ, സമരിയാക്കാരൻ ചിന്തിക്കുന്നത്, മുറിവേറ്റവന് എന്ത് സംഭവിക്കും എന്നാണ്. അവൻ തന്റെ കഴുതപ്പുറത്തുനിന്ന് താഴെയിറങ്ങി; മുറിവുകൾ

വച്ചുകെട്ടി; എണ്ണ പകർന്നു. സത്രത്തിലെത്തിച്ചു. അവിടെ ബലി നടന്നത് തെരുവിലാണ്. സംവിധാനങ്ങളുടെയും കെട്ടുപാടുകളുടെയും അപ്പുറത്ത് ഈശോയുടെ മനോഭാവം സ്വന്തമാക്കാൻ ഫ്രാൻസിസ് പാപ്പാ നമ്മെ ആഹ്വാനം ചെയ്യുന്നു.

60) നമ്മുടെ സഭയിൽ ഇത്തരത്തിലുള്ള ധാരാളം അജപാലന മുന്നേറ്റങ്ങൾക്ക് ആരംഭം കുറിച്ചിട്ടുണ്ട് എന്നത് ശുഭോദർക്കമാണ്. തടവറപ്രേഷിതത്വം, ആകാശപ്പറവകളുടെ കൂട്ടുകാർ, മാർക്കറ്റ് പ്രേഷിതത്വം, അവയവദാന മുന്നേറ്റങ്ങൾ, അന്യസംസ്ഥാന തൊഴിലാളികളുടെയിടയിലെ ശുശ്രൂഷകൾ, മാനസികരോഗികളുടെയും ലഹരിക്കടിപ്പെട്ടവരുടെയും വേശ്യാവൃത്തിയിലേർപ്പെട്ടവരുടെയും ഇടയിലെ പ്രേഷിതപ്രവർത്തനം തുടങ്ങി നിരവധിയായ പുതിയ പ്രേഷിതമേഖലകൾ ഇന്ന് നിലവിലുണ്ട്. മുറിവേൽപ്പിച്ച കൊള്ളക്കാരന്റെ മാനസാന്തരം അജപാലനശുശ്രൂഷയുടെ ഭാഗമായിട്ടുണ്ട് ഇന്ന്. വഴിമാറിപ്പോയ പുരോഹിതനും ലേവായനും, മുറിവുവച്ച് കെട്ടി സത്രത്തിലെത്തിച്ച സമരിയാക്കാരനും സഭാശുശ്രൂഷയിൽ ഒരേ ക്രിസ്തുമനസ്സോടെ പങ്കാളികളാകുന്നതായി കാണാം. ഇവിടെ ബലിയും ബലിപീഠവും ബലിവസ്തുവും തമ്മിലൊരു ലയമുണ്ട്. അവ നമ്മുടെ സഭ ലോകത്തിനുമുമ്പിൽ നൽകുന്ന നൂതന സാക്ഷ്യങ്ങളാണ് എന്ന് സന്തോഷത്തോടെ പറയട്ടെ. എന്നാൽ, ഈ മനോഭാവം സഭയുടെ എല്ലാ മേഖലകളിലേക്കും വ്യപിക്കണമെങ്കിൽ സഭ ലാളിത്യത്തിന്റെ ലഘുത്വത്തിലേക്ക് കൂടുതലായി കടന്നുവരേണ്ടിയിരിക്കുന്നു.

61) ഇത്രയും പറഞ്ഞതുകൊണ്ട് സ്ഥാപനങ്ങളെ സഭ പൂർണമായി ഉപേക്ഷിക്കണമെന്നർത്ഥമില്ല. കാലത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് സഭാസ്ഥാപനങ്ങൾക്ക് ശൈലീമാറ്റം അനിവാര്യമാണ്. സമൂഹത്തിലെ താഴെത്തട്ടിലുള്ളവർക്കും പ്രാപ്യമായ ഉന്നതവിദ്യാഭ്യാസത്തിന്റെ വക്താക്കളാകണം നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങൾ. ദാരിദ്ര്യത്തിന്റെ നിസ്സഹായത അനുഭവിക്കുന്ന പാവം രോഗിയായിരിക്കണം സഭയുടെ ആശുപത്രിയിലെ ഏറ്റവും വലിയ വി.ഐ.പി. അങ്ങനെയുള്ളവരെ സഹായിക്കുന്നത് നഷ്ടത്തിന്റെ പട്ടികയിലല്ല ഉൾപ്പെടുത്തേണ്ടത്. ഉയർന്ന നിലവാരമുള്ള അംഗീകൃത സ്ഥപനങ്ങളിൽ പത്തു ശതമാനം സീറ്റ് പാവപ്പെട്ടവർക്ക് നീക്കി വയ്ക്കുക. കെട്ടിടനിർമ്മാണത്തിൽ ആർഭാടത്തെക്കാൾ

സൗകര്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നതിന് ബോധവൽക്കരണം നൽകുക. സ്ഥാപനങ്ങളുടെ നടത്തിപ്പിൽ രൂപതകളും സന്യാസസഭകളും സുതാര്യത ഉറപ്പുവരുത്തണം. ഇവയുടെ ഭരണസമിതികളിൽ ക്രിസ്തീയബോധ്യങ്ങളുള്ള അത്മായരുടെ പങ്കാളിത്തം വർദ്ധിപ്പിക്കുവാൻ നാം പരിശ്രമിക്കണം.

**4.5. ക്രിസ്തീയ കുടുംബത്തിലെ ലാളിത്യ വെല്ലുവിളികൾ**

62) ക്രിസ്തീയ കുടുംബം ഗാർഹികസഭയാണ് എന്ന സഭാപ്രബോധനം സഭയും കുടുംബവും തമ്മിലുള്ള ഇഴപിരിയാത്ത ബന്ധത്തെ പ്രകടമാക്കുന്നു. കുടുംബം കേവലം ഒരു സാമൂഹിക സ്ഥാപനമല്ല. മറിച്ച് ക്രിസ്തുവിൽ ആരംഭിച്ച ദൈവരാജ്യത്തിന്റെ വാതായനമാണ്. അവരുടെ അനുദിനജീവിതം സഭയുടെ യഥാർത്ഥ ആവിഷ്ക്കരണമാണ്.

(1) ക്രിസ്തീയകുടുംബങ്ങൾ ദൈവികജീവിതക്രമം അഭ്യസിക്കുന്ന കളരികളായി മാറണം. സ്നേഹത്തിൽ അധിഷ്ഠിതമായ ജീവിതം നയിക്കുക, മക്കളോടൊപ്പം പ്രാർത്ഥിക്കുക, ഒരുമിച്ചിരുന്ന് ദൈവവചനം വായിക്കുക, പഠിക്കുക, വിശുദ്ധ കുർബ്ബാനയിലും മറ്റ് കൂദാശകളിലും പങ്കെടുക്കുക തുടങ്ങിയവയിലൂടെ തങ്ങളുടെ മക്കളുടെ ഭാവി  കേവലം ഭൗതികമായ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിലല്ല, ദൈവിക പദ്ധതി തിരിച്ചറിഞ്ഞ് ജീവിക്കുന്നതിലാണ് എന്ന് മാതാപിതാക്കൾ മക്കൾക്ക് ബോധ്യപ്പെടുത്തിക്കൊടുക്കണം.

(2) ആഘോഷങ്ങളും തിരുന്നാളുകളും ആർഭാടത്തിനുള്ള അവസരങ്ങളായിക്കാണാതെ, വിശ്വാസജീവിതത്തിന്റെ ബഹിർസ്ഫുരണമായിത്തീരുവാൻവേണ്ട സമീപനങ്ങൾ ഈ അസംബ്ലിയിൽ ഉരുത്തിരിയണം.

(3) ഈശോയുടെ കാരുണ്യകരങ്ങളായി മക്കളെ രൂപപ്പെടുത്തണം. തങ്ങളുടെ മക്കൾ അവരുടെ ജീവിതത്തിലൂടെ അനേകം മക്കൾക്ക് താങ്ങും തണലുമായി, അധരങ്ങളിൽ സുവിശേഷവും കരങ്ങളിൽ പരസ്നേഹപ്രവൃത്തിയും ഹൃദയത്തിൽ ദൈവസ്നേഹവും ജീവിക്കുന്നത് കാണുവാൻ എത്ര മാതാപിതാക്കൾ കൊതിക്കുന്നു!

(4) സമ്പത്തിനോടും വിഭവങ്ങളോടുമുള്ള നീതിപൂർവകമായ ക്രൈസ്തവ സമീപനം മാതാപിതാക്കൾ പുലർത്തിയാൽ മാത്ര

മേ, മക്കൾ മൂല്യാധിഷ്ഠിതജീവിതം നയിക്കുന്നവരാകൂ. ജോലി ചെയ്യുന്നിടത്ത് കൈക്കൂലി വാങ്ങി അമിതമായി സ്വത്ത് സമ്പാദിക്കുകയും സ്വന്തം മക്കൾക്ക് ആർഭാടമായി ജീവിക്കാൻ പണം കരുതുകയും ചെയ്തിട്ട് മക്കളാൽ തിരസ്കരിക്കപ്പെട്ട് ദുരിതമനുഭവിക്കുന്ന മാതാപിതാക്കളെ നമുക്ക് കാണാനാകും. ഏത് കള്ളത്തരത്തിലൂടെയും സ്വരുക്കൂട്ടിയ പണത്തിന്റെ ഒരു നിശ്ചിത തുക സഭയുടെ വികസനപ്രവർത്തനങ്ങൾക്ക് കൊടുത്താൽ സർവ്വപാപവും തീരുമെന്നുള്ള തെറ്റായ ചിന്ത അറിഞ്ഞോ അറിയാതെയോ നമ്മുടെ അജപാലനസമീപനങ്ങളിലൂടെ ഒരു കാരണവശാലും പ്രോത്സാഹിപ്പിക്കപ്പെടരുത്.

(5) നമ്മുടെ കുടുംബങ്ങളിലെ ആഘോഷങ്ങളിൽ പാവങ്ങളോടുള്ള കരുതലും പങ്കുവയ്ക്കുന്നതിലെ ആനന്ദവും അവിഭാജ്യഘടങ്ങളാക്കി മാറ്റാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം. ചെറുപ്പം മുതലേ കുട്ടികളെ അതിൽ പരിശീലിപ്പിക്കുകയും വേണം.

(6) വിവാഹാഘോഷങ്ങളിലെ ആർഭാടങ്ങളും ധൂർത്തും നിയന്ത്രിക്കുന്നതിന് എന്ത് പ്രായോഗിക നടപടികൾ സ്വീകരിക്കാനാകും എന്ന് പരിചിന്തനം ചെയ്യേണ്ടതാണ്.

(7) ലളിതജീവിതം നയിക്കുകവഴി സഭക്കും സമൂഹത്തിനും ആവശ്യത്തിൽ ഞെരുങ്ങുന്നവർക്കും വേണ്ടി സമയം മാറ്റിവയ്ക്കുവാൻ കുടുംബാംഗങ്ങൾക്ക് സാധിക്കും. ബൗദ്ധികവും സാങ്കേതികവും തൊഴിൽപരവുമായ തങ്ങളുടെ പാടവങ്ങളെ സഭാകൂട്ടായ്മക്കും പൊതുസമൂഹത്തിനും ഉപകാരപ്പെടുത്തണം. പ്രത്യേകിച്ച്, ഉദ്യോഗങ്ങളിൽ നിന്ന് വിരമിച്ചവരുടെ കഴിവുകൾ ഉപകാരപ്പെടുത്തണം.

## ഉപസംഹാരം

63) ആന്തരികസ്വാതന്ത്ര്യത്തിൽ നിന്നുളവാകുന്ന ലാളിത്യ ജീവിതശൈലിയാണ് ഈശോയുടെയും അവിടുത്തെ അടുത്തനുഗമിച്ച വിശുദ്ധ ഫ്രാൻസീസ്, വാഴ്ത്തപ്പെട്ട മദർ തെരേസ മുതലായവരുടെയും ജീവിതത്തിന്റെ മുഖമുദ്ര. ഈ ആന്തരിക നിർവൃതിയും ഭാഗ്യവും അന്വേഷിച്ചാണ് സമർപ്പിതർ എല്ലാം ഉപേക്ഷിച്ച് പൂർണ ലാളിത്യത്തിൽ ജീവിക്കുവാൻ പരിശ്രമിക്കുന്നത്. ഉപഭോഗ സംസ്ക്കാരത്തിന്റെ മധ്യത്തിൽ ജീവിച്ചുകൊണ്ട് ആന്തരികമായി

ലാളിത്യം അനുഭവിക്കാൻ ക്രൈസ്തവർക്കെല്ലാം സാധിക്കണം. എങ്കിൽ മാത്രമേ, പങ്കുവയ്ക്കുന്ന ക്രൈസ്തവസ്നേഹത്തിലേക്ക് വളരുവാൻ നമുക്ക് സാധിക്കൂ.

64) ലാളിത്യം ധൂർത്തിനെയും സ്വാർത്ഥതയെയും പാപമായി ക്കാണാൻ നമ്മെ ഓർമ്മിപ്പിക്കുന്നു. യഥാർത്ഥത്തിൽ, ധൂർത്ത് സമ്മാനിക്കുന്നത് അശാന്തിയും ഉത്കണ്ഠകളുമാണ്. എല്ലാം ഉണ്ടാ യാലും പിതാവിന്റെ സ്നേഹം ജീവിതത്തിൽ നിന്ന് നഷ്ടപ്പെടു മ്പോഴാണ് ഉത്കണ്ഠകളും ആകുലതകളും ഹൃദയത്തിൽ നിറയു ന്നത്. ലളിതജീവിതമാകട്ടെ, ആകാശത്തിലെ പറവകളെപ്പോലെയും വയലിലെ ലില്ലികളെപ്പോലെയും പിതാവിന്റെ പരിപാലയിൽ പരി പൂർണമായി ആശ്രയിച്ച് ഉത്കണ്ഠയില്ലാതെ ജീവിക്കുവാൻ നമ്മെ പഠിപ്പിക്കുന്നുണ്ട് (മത്താ. 6, 25-34). ശാന്തതയും സമാധാനവും ആഗ്രഹിച്ച് മനുഷ്യൻ പുതിയ പുതിയ മാർഗങ്ങൾ തേടുന്നു. എന്നാൽ, ദൈവസന്നിധിയിൽ എളിമയുള്ള ഹൃദയമാണ് ശാന്തത കൈവരിക്കുന്നത്. അവരുടെ ഹൃദയത്തിൽ ദൈവം തന്റെ സമാ ശ്വാസം നൽകും.

65) ലാളിത്യം ക്രിസ്തുവിന്റെ എന്നപോലെ സഭയുടെയും ജീവിതശൈലി ആയി രൂപപ്പെടുത്തണം. അപ്പോൾ മാത്രമാണ് സഭ ക്രിസ്തുവിനെ ലോകത്തിന് സംലഭ്യമാക്കുക. ഈ ശൈലി സ്വന്ത മാക്കുമ്പോഴുള്ള നഷ്ടങ്ങളെ നേട്ടങ്ങളായി കാണുമ്പോഴാണ് സഭ ഈശോയുടെ ലാളിത്യഭാവം യഥാർത്ഥത്തിൽ ജീവിക്കുന്നത്. ഇന്നത്തെ ലോകം ആകർഷകങ്ങളായി മുന്നോട്ടുവയ്ക്കുന്ന കമ്പോളസംസ്കാരത്തിന്റെയും ആഘോഷാർഭാടങ്ങളുടെയും മുമ്പിൽ ലാളിത്യത്തിന്റെ തനതായ ജീവിതശൈലി ഓരോ സാഹ ചര്യത്തിലും കണ്ടെത്താനുള്ള വിവേകം സഭാതനയരിലോരോ രുത്തരിലും ഉണ്ടാകട്ടെ. ക്രിസ്തുവിന്റെ ലാളിത്യം ക്രൈസ്തവ ജീവിതത്തിന്റെ അടിസ്ഥാനപ്രമാണമാകുകയും അത് ദൈവ ത്തിന്റെ കാരുണ്യത്തിന്റെ വിസ്മയമുഖമായി ജീവിതത്തിൽ പുഷ്പിക്കുകയും വേണം. പിതാവ് കരുണയുള്ളവനായിരിക്കു ന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ (ലൂക്കാ 6, 36). സഭ ഇന്നത്തെ ലോകത്തിൽ പ്രവാചകസാക്ഷ്യമായി തീരു ന്നത് അങ്ങനെയാണ്.

## ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

1. ലളിതജീവിതം എന്നതുകൊണ്ട് നിങ്ങൾ അർത്ഥമാക്കുന്നത് എന്താണ്? ലളിതജീവിതത്തിന് തടസ്സമായി സഭയിലും വ്യക്തിജീവിതത്തിലും കണ്ടുവരുന്ന ആധുനിക പ്രവണതകൾ ഏതെല്ലാം? അവയെ അതിജീവിക്കുവാൻ സ്വീകരിക്കാവുന്ന സമീപനങ്ങൾ നിർദ്ദേശിക്കുക.

2. ചർച്ചാസഹായിയുടെ വെളിച്ചത്തിൽ അർത്ഥപൂർണ്ണമായ ജീവിതത്തെക്കുറിച്ച് പൊതുസമൂഹത്തിന്റെ കാഴ്ചപ്പാടുകളും നമ്മുടെ വ്യക്തിപരമായ കാഴ്ചപ്പാടുകളും ക്രിസ്തുവിന്റെ കാഴ്ചപ്പാടുകളും തമ്മിൽ താരതമ്യം ചെയ്യുക.

3. ഉപഭോഗസംസ്കാരത്തിന്റെ സന്തതികളായ ആർഭാടവും കച്ചവടമനസ്ഥിതിയും സഭാമക്കളുടെ വ്യക്തിജീവിതത്തെയും കുടുംബജീവിതത്തെയും സമൂഹജീവിതത്തെയും സാരമായി ബാധിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അതിനുള്ള പ്രായോഗിക പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.

4. സഭയുടെയും സന്ന്യാസ സമൂഹങ്ങളുടെയും സ്ഥാപനങ്ങൾ ലാളിത്യ ആദ്ധ്യാത്മികതയുടെ പ്രഘോഷണത്തിന് തടസ്സങ്ങളാണോ? നിങ്ങളുടെ വിചിന്തനങ്ങൾ പങ്കുവയ്ക്കുക.

5. ലളിതജീവിതം സ്വന്തമാക്കുവാൻ അജപാലന നേതൃത്വവും സന്യാസ സമൂഹങ്ങളും ഇടവകകളും കുടുംബങ്ങളും വ്യക്തികളും എന്തെല്ലാം ക്രിയാത്മക ശൈലികൾ സ്വീകരിക്കണം?

## End notes:

[1] Pope Francis Speech on 20/07/2015.

[2] PFS 16/06/2015.

[3] PFS 16/06/2015

[4] *Evangelii Gaudium* 179.

[5] Chrysostom, "Twenty-one Homilies on the statues, Homily XIX, 2-3", in *NPNF*, First Series, Vol. XIX, p. 465. അന്ത്യോക്യായിൽ നിന്ന് വന്ന സുറിയാ

നിക്കാരെന്ന് കരുതപ്പെടുന്നവരുടെ ലാളിത്യത്തെ പ്രകീർത്തിക്കുന്നിടത്താണ് ക്രിസോസ്റ്റോം ഇത് വിവരിക്കുന്നത്.

[6] Shepherd of Hermes, 15 - *ANF,* II, p. 16.

[7] Augustine, "Tractates on the Gospel of St. John, Tractate 4", in *NPNF*, First Series, Vol. VII, p. 40.

[8] Chrysostom*,* "Twenty-one Homilies on the Statues, Homily XIX, 5", in *NPNF,* First Series, Vol. XIX, p. 465.

[9] Chrysostom, "Homilies on the Acts of the Apostles. Homily VII on Acts 2, 37", in *NPNF,* First Series, Vol. XI, pp. 48-49.

[10] Basil, "On the Spirit, VI, 13", in *NPNF*, Second Series, Vol. VIII, p. 8.

[11] Otloh von St. Emmeram - ca 1020, *Rustica humilium dicta*, *PL* 146:246.

[12] Gilbertus of Hoilandia (1150)*, PL* 184: 115.

[13] CCC 2403.

[14] CCC 2402, 2403.

[15] Pius XII, *Discourse*, June 1, 1941; CCC 1942.

[16] CCC 2402.

[17] CCC 1409.

[18] *Gaudium et spes* 69.

[19] Paul VI, *Populorum Progressio*, 23.

[20] Pius XII, *Summi pontificatus*, Oct. 20, 1939 in *AAS* 31 (1939) 423ff.; CCC 1939.

[21] *De Nabute*, c. 12, n. 53: *PL* 14. 747.

[22] Paul VI, *Populorum Progressio*, 23. പോൾ ആറാമൻ പാപ്പാ നമ്മെ ഇപ്രകാരം ഓർമ്മിപ്പിക്കുന്നു: "മറ്റുള്ളവർക്ക് ഉപജീവനത്തിനുള്ള വക പോലുമില്ലാതിരിക്കുമ്പോൾ, ആരും സ്വാർത്ഥതാൽപര്യങ്ങൾക്കുവേ□ി ആവശ്യത്തിൽ കവിഞ്ഞ് സമ്പാദിക്കരുത്."

[23] CCC 2407.

[24] *Laudato Si* 221.

[25] *Laudato Si* 222.

[26] *Laudato Si* 67.

[27] *Laudato Si* 68.

[28] John Paul II, *Homily*, 2 October 1979, Yankee Stadium, New York, no. 6.

[29] *Evangelii Gaudium*, 48.

[30] Pope Francis Speech on 24/05/2015.

[31] Pope Francis Speech on 24/05/2015.

[32] *Evangelii Gaudium*, 28.

## ഒന്നാം വിഭാഗം

# കുടുംബത്തിലെ സാക്ഷ്യം

# ആമുഖം

1) "വിവാഹത്തിൽ ഐക്യപ്പെട്ട ഒരു പുരുഷനും ഒരു സ്ത്രീയും തങ്ങളുടെ കുട്ടികളോടൊപ്പം ഒരു കുടുംബം രൂപപ്പെടുത്തുന്നു."[1] "ക്രൈസ്തവകുടുംബം വ്യക്തികളുടെ കൂട്ടായ്മയാണ്. പരിശുദ്ധാത്മാവിൽ പിതാവിന്റെയും പുത്രന്റെയും സംസർഗത്തിന്റെ അടയാളവും ഛായയുമാണ്."[2] വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ ഭാഷയിൽ കുടുംബം ഭൂമിയിൽ ആകാശമോക്ഷത്തിന്റെ ഛായയാണ്. ലോകത്തിനുവേണ്ടിയുള്ള ദൈവത്തിന്റെ പദ്ധതിയിൽ കുടുംബത്തിനു പ്രത്യേക സ്ഥാനമുണ്ട്. ക്രൈസ്തവ കുടുംബത്തിലെ മാധുര്യമുള്ള ഐക്യം സഭാത്മക സംസർഗത്തിന്റെ ആദ്യത്തെ തീക്ഷ്ണമായ സാക്ഷാത്കാരമാണ്.[3] കുടുംബമാണ് ഏറ്റവും സ്വാഭാവികമായ സമൂഹം; അതിനാൽ, "കുടുംബത്തിലെ ബന്ധങ്ങളുടെ ജീവിതം, സമൂഹത്തിൽ സ്വാതന്ത്ര്യം, സുരക്ഷിതത്വം, സാഹോദര്യം എന്നിവയ്ക്കുള്ള അടിസ്ഥാനമാണ്."[4] എന്നാൽ, ആധുനികകുടുംബം അനേകം വെല്ലുവിളികൾ നേരിടുന്നു. അവയെ സൗകര്യാർത്ഥം മൂന്നു ഗ്രൂപ്പുകളായി തിരിക്കാം. ഒന്ന്, കുടുംബത്തിന്റെ ഘടനയെയും നിലനില്പിനെയും ബാധിക്കുന്നവ. രണ്ട്, കുടുംബാംഗങ്ങളുടെ സ്നേഹത്തെയും വൈകാരികപക്വതയെയും ബാധിക്കുന്നവ. മൂന്ന്, സാമൂഹിക, സാംസ്കാരിക, സാമ്പത്തിക, പാരിസ്ഥിതിക വെല്ലുവിളികൾ. ഇന്ന് കുടുംബജീവിതത്തിന്റെ ഗുണം സമ്പന്നമാക്കാൻ ഓരോ കുടുംബവും സഭ മുഴുവനായും പ്രായോഗികവഴികൾ കണ്ടെത്തണം. കുടുംബജീവിതത്തിന്റെ നവീകരണത്തിനുള്ള പ്രായോഗികപടികൾ മുഖ്യമായും മൂന്നു തലങ്ങളിൽ സ്വീകരിക്കണം: 1) കുടുംബത്തിന്റെ സുവിശേഷം പ്രസംഗിക്കുന്നതിൽ നാം ഫലപ്രദമായ വഴികൾ കണ്ടെത്തണം. 2) കുടുംബങ്ങളെയും യുവദമ്പതികളെയും അജപാലനപരമായി സഹഗമിക്കുന്നതിന് വിജയപ്രദമായ വഴികളും രീതികളും കണ്ടെത്തണം. 3) കുടുംബങ്ങളുടെ ക്രൈസ്തവപരിശീലനത്തിന്റെ ആശയങ്ങളും രീതികളും നാം ഇന്ന് നവീകരിക്കണം.

# ഒന്നാംഭാഗം

# കുടുംബത്തിന്റെ സുവിശേഷം

## 1. കുടുംബത്തെക്കുറിച്ചുള്ള ദൈവികപദ്ധതി

2) മനുഷ്യനെ സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ചുകൊണ്ടും (ഉത്പ 1:27 a) വർദ്ധിച്ചു പെരുകാൻ ആശീർവദിച്ചുകൊണ്ടും (ഉത്പ 1:28) ദൈവം കുടുംബത്തിനു രൂപം നല്കി. ഒരാൾ തന്നെത്തന്നെ നല്കിയും മറ്റെ വ്യക്തിയെ സ്വീകരിച്ചും സ്ത്രീയും പുരുഷനും ഒരു ശരീരമായിതീരുന്നു (ഉത്പ 2:24). ദൈവത്തിന്റെ സഹായത്താൽ (ഉത്പ 4:1), അവർ കുട്ടികളെ ജനിപ്പിക്കുന്നു. ഇവിടെ നമ്മുടെ പ്രത്യേക ശ്രദ്ധ അർഹിക്കുന്ന രണ്ടു കാര്യങ്ങളുണ്ട്: ഒന്നാമതായി, ദൈവം ദമ്പതികളെ തന്റെ ഛായയും സാദൃശ്യവും കൊണ്ട് (ഉത്പ 1:27) മുദ്രിതമാക്കുന്നു. ഫ്രാൻസീസ് പാപ്പാ ഇക്കാര്യം ഇങ്ങനെ വിശദീകരിക്കുന്നു. പുരുഷൻ ഒറ്റയ്ക്ക് ദൈവത്തിന്റെ ഛായയല്ല. സ്ത്രീയും ഒറ്റയ്ക്ക് ദൈവത്തിന്റെ ഛായയല്ല. മറിച്ച്, സ്ത്രീയും പുരുഷനും ദമ്പതികൾ എന്ന നിലയിലാണ് ദൈവത്തിന്റെ ഛായയായിരിക്കുന്നത്. സ്ത്രീയും പുരുഷനും തമ്മിലുള്ള വ്യത്യാസം പരസ്പരം വിരുദ്ധമായിരിക്കാനോ കീഴടക്കാനോ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതല്ല. മറിച്ച് ആ വ്യത്യാസം സംസർഗത്തിനും പ്രജനനത്തിനും വേണ്ടിയുള്ളതാണ്. അവർ എപ്പോഴും ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലുമാണ്. കുടുംബത്തിൽ വ്യക്തിയുടെ മഹത്ത്വവും വിളിയും മനസ്സിലാക്കേണ്ടത്, “സ്ത്രീയുടെയും പുരുഷന്റെയും പ്രത്യേക വൈവിധ്യത്തിന്റെയും വൈയക്തിക തനിമയുടെയും”[5] ബന്ധത്തിലാണ്. കൂടാതെ, സഭയുടെ സാമൂഹികപ്രബോധനത്തിന്റെ സംഗ്രഹത്തിൽ നാം കാണുന്നതുപോലെ, “സ്ത്രീയും പുരുഷനും തുല്യമഹത്ത്വമുള്ള രണ്ടു വ്യത്യസ്ത വ്യക്തികളാണ്. എന്നാൽ, അത് ഒരു നിശ്ചല തുല്യതയല്ല. എന്തെന്നാൽ, സ്ത്രീയുടെ പ്രത്യേകത പുരുഷന്റെ പ്രത്യേകതയിൽ നിന്നു വ്യത്യസ്തമാണ്. തുല്യതയിലുള്ള വ്യത്യസ്തത ജീവിതത്തിന്റെ താളാത്മകതയെ സമ്പന്നമാക്കുന്നതും അതിന് ഒഴിച്ചു കൂടാനാവാത്തതുമാണ്. സ്ത്രീ പുരുഷന്റെ പൂരകമാണ്, പുരുഷൻ സ്ത്രീയുടെ പൂരകവുമാണ്. സ്ത്രീയും പുരുഷനും പരസ്പരം പൂർണമാക്കുന്നു.”[6] വിശുദ്ധ ജോൺപോൾ രണ്ടാമൻ

പാപ്പാ പറഞ്ഞതുപോലെ, തീർച്ചയായും സ്ത്രീ പുരുഷന് സഹായിയാണ്, പുരുഷൻ സ്ത്രീക്ക് സഹായി ആയിരിക്കുന്നതു പോലെതന്നെ.

3) രണ്ടാമതായി, വിവാഹത്തിന്റെ ഐക്യപരവും പ്രജനനപരവുമായ വശങ്ങളുടെ പരസ്പരപൂരകത്വസ്വഭാവം മനുഷ്യസൃഷ്ടിയിൽ പ്രകാശിതമായ ദൈവത്തിന്റെ പദ്ധതിയാണ്. വിവാഹം ഒരേ സമയം ശാരീരികവും ആത്മീയവുമായ ഐക്യമാണ്. പുരുഷന്റെയും സ്ത്രീയുടെയും ഐക്യം അതിന്റെ പൂർണഅർത്ഥം നിലനിറുത്തുന്നത്, അത് വികസനത്തിന്റെ തത്ത്വവും ജീവന്റെ ഉറവിടവും ആയിരിക്കുമ്പോഴും ദാമ്പത്യപ്രവൃത്തിയുടെ ആന്തരികഘടന നഷ്ടപ്പെടുത്താതിരിക്കുകയും ചെയ്യുമ്പോഴാണ്. ദാമ്പത്യപ്രവൃത്തിയുടെ മഹത്ത്വം അതിന്റെ നാല് അടിസ്ഥാന വശങ്ങളിലാണ് അധിഷ്ഠിതമായിരിക്കുന്നത്. 1) ദാമ്പത്യപ്രവൃത്തി ഒരേസമയം ദമ്പതികൾക്കു പരസ്പരവും ദൈവത്തോടും ഉള്ള സഹകരണമാണ്. 2) ദാമ്പത്യപ്രവൃത്തിക്ക് പല ലക്ഷ്യങ്ങൾ ഉണ്ട്. അതിൽ പ്രധാനപ്പെട്ടത് ജീവനോടുള്ള തുറവിയാണ്. അതായത്, അതിന്റെ പ്രജനനപരമായ മാനം ആ പ്രവൃത്തിയുടെ ആന്തരികഘടന ദൈവം പ്ലാൻ ചെയ്തിരിക്കുന്നതുപോലെ നിലനിറുത്തുന്നു. അതിനെ രണ്ടാം വത്തിക്കാൻ കൗൺസിൽ വിശേഷിപ്പിച്ചത്, വിവാഹത്തിന്റെ അതിശ്രേഷ്ഠമായ മഹത്ത്വമെന്നാണ്. 3) ദാമ്പത്യപ്രവൃത്തി അടിസ്ഥാനപരമായി പരസ്പരമുള്ളതും പരസ്പരപൂരകവുമായ ഒരു ദാനത്തിന്റെ നിമിഷമാണ്. അഥവാ, ആത്മാവ്, ശരീരം, ആർദ്രത, സ്നേഹം എന്നിവയുടെ ഗാഢമായ ഒന്നാകലാണ്. 4) ദാമ്പത്യപ്രവൃത്തിയ്ക്കു സ്വകീയമായ സൗന്ദര്യവും പരിശുദ്ധിയും അതിന്റെ സത്തയിൽനിന്ന്, അതായത് ജനനേന്ദ്രിയ സംയോഗത്തിൽനിന്ന് ഉരുത്തിരിയുന്നു; ഉത്തരവാദിത്വപൂർണവും ആത്മീയവുമായ ഒരു പ്രവൃത്തിയെന്ന നിലയിൽ നിർവഹിക്കുന്ന രീതിയിൽ നിന്ന് അത് ഉണ്ടാകുന്നു.

4) **ദാമ്പത്യപ്രവൃത്തി പരിശുദ്ധമായ കർമ്മം**: വിശുദ്ധഗ്രന്ഥവും സഭയുടെ ഔദ്യോഗിക പ്രബോധനവും ദാമ്പത്യപ്രവൃത്തിയെ പരിശുദ്ധകർമ്മമായി കാണുന്നു. അത് അവരുടെ സ്നേഹപൂർണവും അഭേദ്യവുമായ ബന്ധത്തിന്റെ പ്രകാശനമാണ്. ദാമ്പത്യബന്ധത്തെ അതു ശക്തിപ്പെടുത്തുന്നു. ഒന്നാകുന്നതിനുള്ള

ആഗ്രഹം ദമ്പതികളുടെ ഹൃദയത്തിൽ മുദ്രിതമാക്കിയിരിക്കുന്നത് ദൈവം തന്നെയാണ്. പരസ്പരദാനത്തോടെയുള്ള ഒന്നാകൽ പ്രവൃത്തി ദൈവേഷ്ടം നിറവേറ്റലാണ്. ആ പ്രവൃത്തിയുടെ ഫല ദായകത്വം, അത് ഗർഭധാരണമോ ദമ്പതികൾ തമ്മിലുള്ള ബന്ധ ത്തിന്റെ ഗാഢമായ അടുപ്പമോ ആകാം, ദൈവത്തിന്റെ ദാനമാ ണ്. ജീവിതപങ്കാളികൾ തമ്മിലുള്ള ശരിയായ, ഉത്തരവാദിത്വപൂർണ മായ, സ്നേഹാർദ്രമായ ദാമ്പത്യപ്രവൃത്തി ദൈവത്തിന്റെ പദ്ധതി യിൽ സ്നേഹത്തിന്റെ വെറും പ്രകാശനം മാത്രമല്ല, മറിച്ച് സ്നേഹ ത്തിന്റെ അനുഭവവും സമ്പന്നമാക്കലുമാണ്. അങ്ങനെ അത് ഒരു പരിശുദ്ധ കർമ്മമാകുന്നു. അതിനാൽ, ദാമ്പത്യജീവിതത്തിലെ വിശുദ്ധി ഒരു തരത്തിലും ലൈംഗികപ്രവൃത്തി ഒഴിവാക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നില്ല.

5) **ഐക്യപരവും പ്രജനനപരവുമായ മാനങ്ങൾ**: സൃഷ്ടി ക്കുന്ന ദൈവം പരിപാലിക്കുന്നവനുമാണ്. അതിനാൽ, വിവാഹ ത്തിന്റെ പ്രജനനവശം ഉത്തരവാദിത്വപൂർണമായ മാതൃപിതൃത്വ ത്തിന്റെ കടമകളുടെ വസ്തുനിഷ്ഠമായ ബന്ധത്തിൽ മനസ്സിലാ ക്കണം. എന്നാൽ, വിവാഹത്തിന്റെയും കുടുംബത്തിന്റെയും ചരി ത്രപരമായ യാഥാർത്ഥ്യം പാപം കാരണം, ദൈവികപദ്ധതി യിൽനിന്ന് അകന്നുപോയി. വിവാഹത്തിന്റെയും കുടുംബത്തി ന്റെയും മുഴുവൻ ദൈവജനത്തിന്റെയും ആദിമദൈവശാസ്ത്ര സമ ഗ്രത കാത്തുസൂക്ഷിക്കുന്നതിനു വേണ്ടി രക്ഷയുടെ ചരിത്രത്തിൽ കല്പനകളും (നിയ 5:121) ഇളവുകളും (നിയ 24:14) നല്കപ്പെ ട്ടിട്ടുണ്ട്. എന്നാൽ, വിവാഹത്തിന്റെ ആദിമരൂപത്തിലുണ്ടായിരുന്ന അവസ്ഥയിലേക്ക് സുനിശ്ചിതമായ പുനരുദ്ധാരണം നടത്തിയത് ഈശോമിശിഹായാണ് (മർക്കോ 10:112). അവനിലൂടെ കൃപയും സത്യവും എല്ലാവരിലും എത്തി (യോഹ 1:17).

6) **വിവാഹത്തിന്റെ അവിഭാജ്യത**: വിവാഹമെന്ന കൂദാശയിൽ സാക്ഷാത്കരിക്കപ്പെട്ട ദാമ്പത്യബന്ധം മിശിഹായും സഭയും തമ്മി ലുള്ള ഉടമ്പടിയിൽനിന്ന് അതിന്റെ പൂർണമായ അർത്ഥം സ്വീകരി ക്കുന്നു (എഫേ 5:32). വിവാഹത്തിൽ ഒന്നിച്ചുവരുന്ന ദമ്പതിക ളെയും എല്ലാം കുടുംബാംഗങ്ങളെയും പരിശുദ്ധാത്മാവിൽ ഐക്യ പ്പെടുത്തിക്കൊണ്ട് മിശിഹാ ഓരോ കുടുംബത്തെയും ഭൂമിയിൽ ദൈവത്തിന്റെ സ്നേഹത്തിനും ജീവനും സാക്ഷ്യമേകാൻ പ്രാപ്തി

യുള്ളതാക്കുന്നു. അങ്ങനെ മിശിഹാ പരിശുദ്ധത്രിത്വത്തിന്റെ സാദൃശ്യത്തിൽ കുടുംബത്തെ പുനരുദ്ധരിക്കുന്നു. "മനുഷ്യാവതാരം ചെയ്ത വചനത്തിന്റെ രഹസ്യത്തിൽ മാത്രം വ്യക്തിയുടെ രഹസ്യം പ്രകാശിതമാകയാൽ,"[7] ഒരുവൻ വൈയക്തികജീവിതം, വിവാഹ രഹസ്യത്തിന്റെ ആഴം, കുടുംബബന്ധങ്ങളുടെ ശരിയായ സൗന്ദര്യം എന്നിവ മനസ്സിലാക്കാൻ മിശിഹാ കേന്ദ്രീകൃതമായ താക്കോൽ ഉപയോഗിക്കണം. ആദിമ ദൈവികപദ്ധതി ഊന്നിപറഞ്ഞുകൊണ്ട് ഈശോ വിവാഹത്തിന്റെ അവിഭാജ്യത വീണ്ടും ഉറപ്പിച്ചു (മത്താ 19:6). തങ്ങളുടെ ക്രൈസ്തവവിവാഹം പൂർണതയോടും സന്തോഷത്തോടുംകൂടെ ജീവിക്കുന്ന ദമ്പതികൾ അവിഭാജ്യതയുടെയും ദാമ്പത്യവിശ്വസ്തതയുടെയും മൂല്യത്തിന് സാക്ഷ്യം വഹിക്കുന്നു. ഓരോ പങ്കാളിക്കും മറ്റെ ആളോടുള്ള നീണ്ടുനില്ക്കുന്ന സ്നേഹത്തിലും തങ്ങളെ ഒന്നിപ്പിച്ച ദൈവത്തോടും ദൈവം തങ്ങളെ ഭരമേല്പിക്കുന്ന എല്ലാവരോടും പ്രത്യേകിച്ച് തങ്ങളുടെ മക്കളോടുമുള്ള പൊതുസമർപ്പണത്തിലും അതു പ്രായോഗികമായി പ്രകാശിപ്പിക്കപ്പെടുന്നു.

7) **വിവാഹം പൂർണജീവിതത്തിന്റെ സംസർഗം:** വിവാഹമെന്ന കൂദാശ ദമ്പതികളെ മുഴുവൻ ജീവിതത്തിന്റെയും സംസർഗം ജീവിക്കാൻ ക്ഷണിക്കുന്നു. അതു താഴെപറയുന്ന കാര്യങ്ങൾ ഉൾക്കൊള്ളുന്നു: പങ്കാളിയുടെ സുസ്ഥിതിക്കും സന്തോഷത്തിനും വേണ്ടതു നല്കുന്ന അർപ്പണസ്നേഹം, ദാമ്പത്യധാർമ്മികതയോടുള്ള ആദരം, ദാമ്പത്യസൗഹൃദം സ്ഥാപിക്കുന്നതിൽ ഭാര്യയുടെയും ഭർത്താവിന്റെയും പരസ്പരമുള്ള ഉത്തരവാദിത്വം, കുടുംബത്തിന്റെ ഭൗതികസുസ്ഥിതിക്കു വേണ്ടത് നല്കൽ - അതിന് ജോലിയിൽ സ്ഥിരത, ബഡ്ജറ്റിലുള്ള ദീർഘവീക്ഷണം, ദാമ്പത്യജീവിതവും താളാത്മകതയും അപകടത്തിലാക്കുന്ന വിവേകമില്ലാത്ത വികാരങ്ങൾ, ചോദനകൾ എന്നിവയുടെ മേലുള്ള വിജയം, എന്നിവ വേണം.[8]

**2. കുടുംബം ഗാർഹികസഭയെന്ന നിലയിൽ**

8) വിവാഹത്തിലേക്കു പ്രവേശിക്കാനുള്ള വിളിയും അതിനെ അനുഗമിക്കുന്ന കൃപയും ദൈവത്താൽ നല്കപ്പെടുന്നു. വിവാഹം കുടുംബജീവിതത്തിലേക്കു നയിക്കുന്നു (മത്താ 19:11). വിവാഹമെന്ന കൂദാശയിലൂടെ ഐക്യപ്പെടുന്ന ദമ്പതികൾ മിശിഹായും സഭയും തമ്മിലുള്ള ഐക്യത്തിലും ഫലദായകസ്നേഹത്തിലും

പങ്കുചേരുകയും അതിനെ പ്രതീകവത്കരിക്കുകയും ചെയ്യുന്നു (എഫേ 5:32). “വിവാഹജീവിതത്തിൽനിന്ന് കുടുംബം ഉണ്ടാകുന്നു. അവിടെ മനുഷ്യസമൂഹത്തിന്റെ പുതിയ പൗരന്മാർ ജനിക്കുന്നു.”[9] കുടുംബജീവിതത്തിലേക്കുള്ള വിളി, വിശുദ്ധിയിലേക്കുള്ള ദൈവികക്ഷണമാണ്. കുടുംബം ഗാർഹികസഭയാണ്. അവിടെ മാതാപിതാക്കന്മാർ വിശ്വാസം പ്രസംഗിക്കുക മാത്രമല്ല ചെയ്യുന്നത് മറിച്ച് ഓരോ അംഗത്തിന്റെയും വിളി എന്തെന്ന് വിവേചിക്കുകയും അതു പ്രോത്സാഹിപ്പിക്കുകയും കൂടി ചെയ്യുന്നു. വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പാ പറഞ്ഞതുപോലെ, തീർച്ചയായും കുടുംബം സഭയുടെ പാതയാണ്. കുടുംബത്തിന്റെ സുവിശേഷം അതിന്റെ ഉറവിടമായ ത്രിത്വൈകസ്നേഹത്തോടും ജീവനോടും അതിന്റെ തുടർച്ചയും ആത്മപ്രതിഫലനവുമായ സഭയോടും മനുഷ്യവർഗത്തോടും പ്രകൃതിയോടുമുള്ള അതിന്റെ സുസ്ഥിരമായ ഐക്യദാർഢ്യത്തോടും, പ്രത്യേകിച്ച് ദരിദ്രരോടും പലതരത്തിൽ പാർശ്വവത്കരിക്കപ്പെട്ടവരോടും ബന്ധപ്പെട്ടതാണ്. കുടുംബത്തിന്റെ സുവിശേഷം വ്യത്യസ്ത പ്രാദേശിക സഭാത്മക പശ്ചാത്തലത്തിൽ എപ്പോഴും അനേകം പുതിയ രീതികളിൽ ജീവിക്കുന്നുവെങ്കിലും എല്ലാ കുടുംബങ്ങളും അതിനുള്ള ആന്തരികലക്ഷ്യബോധം അനുദിന കുടുംബപ്രാർത്ഥനയിൽ നിന്നാണ് സ്വീകരിക്കുന്നത്. കുടുംബപ്രാർത്ഥനയിൽ വിശുദ്ധഗ്രന്ഥത്തിന്റെ ദൈവികവായനയ്ക്ക് പ്രത്യേക സ്ഥാനമുണ്ട്. കുടുംബപ്രാർത്ഥനയാൽ പുഷ്പിക്കുന്ന ആന്തരിക ആത്മീയജീവിതം കുടുംബങ്ങളെ തങ്ങളുടെ പ്രാദേശിക സഭാത്മകസമൂഹത്തോടുകൂടെ പരിശുദ്ധ കുർബാനയർപ്പിക്കാൻ പ്രേരിപ്പിക്കുന്നു. അങ്ങനെ കുടുംബ ആദ്ധ്യാത്മികത ദിവ്യകാരുണ്യ ആദ്ധ്യാത്മികതയിലേക്കു നയിക്കുന്നു. അത് തിരിച്ച്, കുടുംബ ആദ്ധ്യാത്മികതയെ പരിപോഷിപ്പിക്കുന്നു.

9) പരിശുദ്ധ സഭാമാതാവിന്റെ ഓരോ സന്താനവും അതിശ്രേഷ്ഠമായ ഒരു വിളിയെക്കുറിച്ച് അവബോധമുള്ളവനാകുന്നത് കുടുംബമെന്ന ആദ്യസഭാത്മകവേദിയിലാണ്. സ്നേഹിക്കാനുള്ള വിളിയാണത്.[10] സഭയിൽ പുതുതായി ജനിക്കുന്ന ഓരോ സന്താനത്തിനും കുടുംബത്തിൽ മാതാപിതാക്കന്മാരും മുതിർന്നവരും വിശ്വാസം, പ്രതീക്ഷ, ഉപവി എന്നിവയുടെ ഒരു ജീവിതം നയി

ക്കാൻ വേണ്ട പ്രാഥമികവും നിരന്തരവുമായ മതപരിശീലനം നല്കുന്നു. ഓരോ പ്രാദേശിക സഭാസമൂഹവും കുടുംബങ്ങളിൽ ജീവിക്കുകയും അവയിലൂടെ രൂപപ്പെടുകയും ചെയ്യുന്നതുപോലെ ഓരോ കുടുംബവും അതിന്റെ ക്രൈസ്തവ ഉദ്ഭവവും സമൂഹാത്മക അനന്യതയും സഭയിൽ കണ്ടെത്തുന്നു. സഭാസമൂഹം, അതു ഇടവകതലത്തിലോ രൂപതാതലത്തിലോ സാർവത്രിക തലത്തിലോ ഉള്ളതാകട്ടെ, അതു കുടുംബങ്ങൾക്ക് ആത്മീയ-സാമൂഹിക സേവനങ്ങൾ നൽകപ്പെടുന്ന കേവലം ഒരു സെന്ററല്ല; മറിച്ച് കുടുംബങ്ങൾ ജനിക്കുന്ന ഒരു സ്ഥലമാണ്. അവിടെ, കൗദാശിക കൃപ, അജപാലനശുശ്രൂഷ, സാമൂഹികമായ പങ്കുചേരൽ എന്നിവയിലൂടെ കുടുംബങ്ങൾ പരിപോഷിപ്പിക്കപ്പെടുന്നു. ഇന്ത്യയിലെയും വിദേശത്തെയും മാർത്തോമ്മാ ക്രിസ്ത്യാനികളുടെ കത്തോലിക്കാകുടുംബങ്ങൾ, അവരുടെ സീറോ മലബാർ സഭാത്മക പാരമ്പര്യത്തിന്റെ അനന്യമായ ആചാരാനുഷ്ഠാനങ്ങളും സാംസ്കാരിക സവിശേഷതകളും വ്യത്യസ്ത ഗാർഹിക പ്രാർത്ഥനാരീതികളിലൂടെ നടത്തിപ്പോരുന്നു. സഭ സ്വഭാവത്താലേ പ്രേഷിതയായിരിക്കുന്നതുപോലെ കുടുംബങ്ങൾക്കും സുവിശേഷവത്കരണപരവും പ്രേഷിതത്വപരവുമായ ദൗത്യമുണ്ട്.[11]

### 3. കുടുംബം സമൂഹത്തിന്റെ അടിസ്ഥാന കോശമെന്ന നിലയിൽ

10) രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നതുപോലെ, "കുടുംബം സമൂഹത്തിന്റെ അടിസ്ഥാനമായി നില്ക്കുന്നു."[12] ചെറുപ്പക്കാരും വൃദ്ധരും, സ്ത്രീകളും പുരുഷന്മാരും, എല്ലാവരും സന്തോഷത്തോടെ കുടുംബത്തിൽ ഒന്നിച്ചു ജീവിക്കുകയും ഒന്നിച്ച് വളരുകയും ചെയ്യുന്നു. ആ അർത്ഥത്തിൽ, "കുടുംബം കൂടുതൽ സമ്പന്നമായ മാനുഷികതയുടെ വിദ്യാലയമാണ്."[13] കുടുംബത്തിൽ വ്യക്തികൾ തങ്ങളെത്തന്നെ പരസ്പരം ബന്ധപ്പെട്ടവരായി കണ്ടെത്തുന്നു. ബന്ധത്തെ ഒരു ദാനമായി വിലമതിക്കാൻ അത് അവരെ പഠിപ്പിക്കുന്നു. കുടുംബത്തിൽ വ്യക്തികൾ സ്വീകരിക്കപ്പെട്ടവരായും ശ്രദ്ധിക്കപ്പെട്ടവരായും അനുഭവിക്കുന്നു, പ്രത്യേകിച്ചും ഒരംഗം കഴിവുകുറവ്, രോഗം, വാർദ്ധക്യം എന്നിവയാൽ വ്രണിതനാകുമ്പോൾ. ഒരു പ്രദേശത്തെ ആളുകളുടെ സാംസ്കാരിക ശ്രേഷ്ഠത വൻതോതിൽ അവിടത്തെ കുടുംബങ്ങളുടെ ഗുണ

ത്താലാണ് നിശ്ചയിക്കുന്നത്. എല്ലാ വ്യക്തികളുടെയും മഹത്ത്വം സമൂർത്തമായി ഉറപ്പാക്കുന്നതിൽ അതു പ്രകാശിതമാകുന്നു. അതിനാൽ, സാമൂഹികവും രാഷ്ട്രീയവുമായ എല്ലാ സമിതികളും വിവാഹത്തിന്റെ യഥാർത്ഥ സ്വഭാവവും കുടുംബത്തിന്റെ ആത്മീയവും സാംസ്കാരികവുമായ ദൗത്യങ്ങളും അംഗീകരിക്കുകയും സംരക്ഷിക്കുകയും പോഷിപ്പിക്കുകയും ചെയ്യാൻ കടപ്പെട്ടിരിക്കുന്നു.[14] കുടുംബങ്ങളുടെ ഗുണം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ക്ഷേമസംവിധാനങ്ങൾ സ്ഥാപിച്ചുകൊണ്ടും എല്ലാവർക്കും വിദ്യാഭ്യാസവും ആരോഗ്യപരിപാലനവും ഉറപ്പാക്കിക്കൊണ്ടും സാമൂഹിക-സാമ്പത്തിക-ലിംഗപരമായ അസമത്വങ്ങളെ ഏറ്റവും കുറച്ചുകൊണ്ടും യുവജനങ്ങൾക്കു തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചുകൊണ്ടും മതസ്വാതന്ത്ര്യം ഉറപ്പാക്കിക്കൊണ്ടും ഉചിതമായ പൊതുനയങ്ങൾ രൂപീകരിക്കുന്ന ഒരു രാഷ്ട്രം യഥാർത്ഥത്തിൽ അതിന്റേതന്നെ ശോഭനമായ ഭാവിയിൽ നിക്ഷേപിക്കുകയാണ് ചെയ്യുന്നത്.[15]

## രണ്ടാം ഭാഗം

# ആധുനിക കുടുംബം നേരിടുന്ന വെല്ലുവിളികൾ

### 1. കുടുംബത്തിന്റെ ഘടനയും സുസ്ഥിരതയും

11) സീറോ മലബാർ വിശ്വാസികളിൽ ബഹുഭൂരിപക്ഷവും വിവാഹത്തെയും കുടുംബത്തെയും കുറിച്ചുള്ള കത്തോലിക്കാസഭയുടെ പ്രബോധനം, അതിൽ ദൈവത്തിന്റെ സൃഷ്ടിപരമായ പദ്ധതിയനുസരിച്ചുള്ള സ്നേഹവും പരിപാലനയും മനസ്സിലാക്കിക്കൊണ്ട്, പിൻതാങ്ങുകയും പ്രോത്സാഹിപ്പിക്കുകയും ജീവിക്കുകയും ചെയ്യുന്നവരാണ്. എന്നിരുന്നാലും വ്യത്യസ്തങ്ങളായ അനാരോഗ്യപ്രവണതകൾ ചില സ്ത്രീപുരുഷന്മാർ ഇന്നു പ്രകടിപ്പിക്കുന്നുണ്ട്. അതു കൗദാശികമല്ലാത്ത വൈവാഹികരീതികളിലേക്ക് ആളുകളെ നയിക്കുന്നു. പ്രായോഗികമായി വിവാഹങ്ങളുടെ തകർച്ചയ്ക്കും കുടുംബത്തിന്റെ വലുപ്പം കുറയുന്നതിനും കുടുംബങ്ങളുടെ ശിഥിലീകരണത്തിനും ഒക്കെ അതു വഴിതെളിക്കുന്നു. 2014 ഒക്ടോബർ 5-19 വരെ കുടുംബത്തെക്കുറിച്ച് വത്തിക്കാനിൽ

നടന്ന അസാധാരണ സിനഡും (അതു ചർച്ച ചെയ്തത് നവസു വിശേഷവത്കരണത്തിന്റെ പശ്ചാത്തലത്തിൽ കുടുംബം നേരിടുന്ന അജപാലന വെല്ലുവിളികൾ ആയിരുന്നു), 2015 ഒക്ടോബർ 4 മുതൽ 25 വരെ നടന്ന 14-ാം സാധാരണ സിനഡും (അതു ചർച്ച ചെയ്തത് കുടുംബത്തിന്റെ വിളിയും ദൗത്യവും സഭയിലും ആധുനിക ലോകത്തിലും എന്ന വിഷയം ആയിരുന്നു) കുടുംബത്തെ സംബന്ധിക്കുന്ന അനേകം പ്രശ്നങ്ങൾ ഗൗരവപൂർവം ചർച്ച ചെയ്തു. രണ്ടു സമ്മേളനങ്ങളിലും ഇന്നത്തെ കുടുംബങ്ങൾ നേരിടുന്ന പ്രശ്നങ്ങളുടെ മുഖ്യകാരണമായി കണ്ടെത്തിയത്, വിവാഹത്തിന്റെയും കുടുംബത്തിന്റെയും ഭൗതികവത്കരണമാണ്.

സീറോ മലബാർ ഫാമിലി കമ്മീഷൻ അടുത്തകാലത്ത് നടത്തിയ ഒരു പഠനത്തിന്റെ ഫലം നമ്മുടെ കണ്ണു തുറപ്പിക്കാൻ പോന്നതാണ്. കുടുംബത്തിന്റെ ഘടനയെയും സുസ്ഥിരതയെയും വെല്ലുവിളിക്കുന്ന കാര്യങ്ങൾ ആ പഠനം വ്യക്തമാക്കുന്നു. സിവിൽപരമായി വിവാഹമോചനം നേടുന്നവർ, കൂടിത്താമസിക്കുന്നവർ, വന്ധ്യതയുള്ളവർ, ഒരു പങ്കാളിയുടെ മരണമോ വിവാഹമോചനമോ മൂലമുള്ള ഏകപേരന്റിംങ് എന്നിവ വർദ്ധിക്കുന്നു. സീറോ മലബാർ സഭയിലെ കുടുംബങ്ങളിൽ മക്കളുടെ സംഖ്യ വല്ലാതെ കുറയുന്നുവെന്നത് അസ്വസ്ഥതാജനകമാണ്. ഇപ്പോൾ തന്നെ നാം വളരെ ന്യൂനപക്ഷമാണെന്ന കാര്യം ഓർക്കണം. നല്ലൊരു പങ്കു ദമ്പതികൾ കുട്ടികളാകുന്ന ദൈവീകദാനം സ്വീകരിക്കാൻ സന്നദ്ധത ഇല്ലാത്തവരായി കാണപ്പെടുന്നു. കുട്ടികളെ വളർത്താനുള്ള ഉത്തരവാദിത്വവും അവർ ഏറ്റെടുക്കാൻ തയ്യാറാകുന്നില്ല. കുട്ടികളുടെ സംഖ്യ കുറയ്ക്കുന്ന ഈ പുതിയ പ്രവണതയുടെ ഫലമായി അനേകം സീറോ മലബാർ കുടുംബങ്ങൾ അന്യം നിന്നുപോകാനുള്ള സാധ്യതയിലാണ്.

12) നമ്മുടെ സഭയിലെ ചെറുപ്പക്കാർ വിവിധ മതങ്ങളുടെയും വിവിധ ഭൗതികസിദ്ധാന്തങ്ങളുടെയും മത്സരങ്ങളുടെ ആഗോളവത്കൃത പശ്ചാത്തലത്തിലാണ് ജീവിക്കുന്നത്. വിവാഹത്തെയും കുടുംബത്തെയും കുറിച്ചുള്ള സാധാരണവും മാനദണ്ഡപരവുമായ ആശയങ്ങൾ നമ്മുടെ കാലത്ത് ഒരു ന്യൂജനറേഷണൽ പരിവർത്തനത്തിന് വിധേയമാകുകയാണോയെന്ന് അത്ഭുതപ്പെടേണ്ടിയിരിക്കുന്നു. സീറോ മലബാർസഭയിൽ നിലനിന്നിരുന്ന

മാതൃകാപരമായ പെരുമാറ്റം, സംസ്കാരസമ്പന്നമായ വ്യക്തിത്വം, നന്നായി ഒരുങ്ങിയുള്ള വിവാഹം, സന്തോഷകരമായ കുടുംബം, വിശ്വാസജീവിതം എന്നീ ആശയങ്ങൾ കച്ചവടവത്കരിക്കപ്പെടുന്ന ഇന്നത്തെ സാംസ്കാരിക തലങ്ങളിൽ പ്രബലമായിരിക്കുന്ന ആത്മീയമല്ലാത്ത പ്രവണതകളിൽനിന്ന് സംരക്ഷിക്കപ്പെടണം. എന്നാലും സഭയുടെ മുമ്പിലുള്ള പ്രാഥമിക വെല്ലുവിളി ഈ തിന്മകൾ പെരുപ്പിച്ചു കാണിക്കുന്നതിനും നമ്മുടെ ചെറുപ്പക്കാരുടെയും കുടുംബങ്ങളുടെയും ധാർമ്മികാധഃപതനത്തിനെതിരെ പോരാടുന്നതിനും പകരം നമ്മുടെ സഭയിൽ ആദർശപരമായി ജീവിക്കുന്ന കുടുംബങ്ങളെ അംഗീകരിക്കുകയും അവരെ പൊതുസമൂഹത്തിന് പരിചയപ്പെടുത്തുകയും ചെയ്യുക എന്നതാണ്. അതുപോലെ അനേകം പ്രതിജ്ഞാബദ്ധരായ ചെറുപ്പക്കാരുടെ അനുകരണാർഹങ്ങളായ ജീവിതങ്ങളെയും നാം അംഗീകരിക്കുകയും എടുത്തുകാട്ടുകയും വേണം. നാം മിക്കപ്പോഴും വിളകളിലെന്നതിനെക്കാൾ കളകളിലാണ് കൂടുതൽ ശ്രദ്ധിക്കുന്നത്. നാം ചുറ്റുംനോക്കുകയും എങ്ങനെ നിലങ്ങൾ വിളവെടുപ്പിനു പാകമായിരിക്കുന്നുവെന്ന് കാണുകയും വേണം (യോഹ 4:35).

**2. സ്നേഹവും വൈകാരികപക്വതയും**

13) ഒരു യഥാർത്ഥ ക്രൈസ്തവകുടുംബത്തിന്റെ അനന്യമായ മുദ്ര അനന്തമായ സ്നേഹത്തിന്റെയും ആർദ്രതയുടെയും അനുഭവമാണ്. മിക്ക സീറോ മലബാർ കുടുംബങ്ങളും ദൈവത്തിന്റെ കരുണാർദ്രസ്നേഹത്തിന് സാക്ഷ്യംവഹിക്കുന്നവരാണ്. ഭാര്യാഭർത്തൃബന്ധത്തിലും മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധത്തിലും വല്യപ്പനോടും വല്യമ്മയോടുമുള്ള ബന്ധത്തിലുമെല്ലാം അത് അവർ സന്തോഷപൂർവം പ്രകടമാക്കുന്നു. പാരസ്പര്യം എങ്ങും ദൃശ്യമാണ്. കുടുംബത്തിലെ ബലഹീനരായവരോട് - രോഗികൾ, കഴിവുകുറഞ്ഞവർ, ഭിന്നശേഷിക്കാർ, പ്രായമായവർ - കൂടുതൽ സ്നേഹവും പ്രത്യേക ശ്രദ്ധയും കാണിക്കുന്നു. എന്നിരുന്നാലും, വൈയക്തികവും സാമൂഹികവും സാംസ്കാരികവുമായ വ്യത്യസ്ത കാരണങ്ങളാൽ ആധുനിക കുടുംബത്തിൽ സ്നേഹത്തിനു ഭംഗം ഉണ്ടാകുന്നുണ്ട്. സ്നേഹത്തിൽ ക്രമമായി വളരുന്നതിനു പകരം പരസ്പര സ്നേഹവും ശ്രദ്ധയും സാവധാനം നഷ്ടമാകുന്ന അനുഭവം ചില ദമ്പതികൾക്ക് ഇന്നുണ്ട്. തങ്ങ

ളുടെ മക്കളുമായി ഗുണപരമായ സമയം കണ്ടെത്താൻ കഴിയാത്ത മാതാപിതാക്കന്മാരുമുണ്ട്. മാതാപിതാക്കളുടെ സ്നേഹത്തിനും ഊഷ്മളതയ്ക്കുംവേണ്ടി ദാഹിക്കുന്ന അനേകം കുട്ടികൾ ഇന്നുണ്ട്. തങ്ങളുടെ മക്കളുടെ വിവാഹത്തിനുശേഷം അവരെ പൂർണമായി നഷ്ടമാകുന്ന മാതാപിതാക്കന്മാരുമുണ്ട്. മക്കളിൽനിന്നും പേരക്കിടാങ്ങളിൽ നിന്നും വേണ്ടത്ര സ്നേഹവും ധാരണയും കിട്ടാത്തതുകൊണ്ട് വാർദ്ധക്യം ക്ലേശപൂർണമായിരിക്കുന്ന വല്യപ്പന്മാരുടെയും വല്യമ്മമാരുടെയും സംഖ്യയും ഇന്ന് ഏറെയാണ്. ഏകപേരന്റ് കുടുംബങ്ങളും ഒറ്റകുട്ടിയുള്ള കുടുംബങ്ങളും ശാരീരികമായി ഭിന്നശേഷിയുള്ളവരും മാരകരോഗികളും പലതരത്തിൽ ദുരിതമനുഭവിക്കുന്നവരും അടങ്ങുന്ന കുടുംബങ്ങളും നമ്മുടെ സഭയിൽ നാമമാത്രമല്ല. അവരിൽ പലർക്കും വേണ്ടത്ര ശ്രദ്ധയും സ്നേഹവും ലഭിക്കുന്നില്ലെന്നത് ഒരു സത്യമാണ്. സത്യത്തിൽ കുടുംബത്തിലെ എല്ലാവരും, പ്രത്യേകിച്ച് ബലഹീനരും കഴിവുകുറഞ്ഞവരെന്നു തോന്നുന്നവരും, പരസ്പരദാനങ്ങളാണെന്ന കാര്യം നാം മറക്കരുത്. ഉപേക്ഷിക്കപ്പെട്ടവരും രോഗികളും വൃദ്ധരുമായ അനേകരെ ദത്തെടുക്കുന്നവരും സംരക്ഷിക്കുന്നവരുമായ ധാരാളം മാതൃകാകുടുംബങ്ങൾ നമ്മുടെ സഭയിലുണ്ടെന്നത് സ്തുത്യർഹമാണ്. എന്നാൽ, ആവശ്യത്തിനു സാമ്പത്തിക-മാനുഷിക സ്രോതസുകളില്ലാത്തതിനാൽ ചില കുടുംബങ്ങൾക്ക് ദുർബലരെ തങ്ങളുടെ കുടുംബങ്ങളിൽ വേണ്ടവിധം സംരക്ഷിക്കാൻ കഴിയുന്നില്ലെന്നതും സത്യമാണ്. ഇത്തരം സാഹചര്യങ്ങളിൽ പ്രാദേശിക ഇടവകകളും സന്ന്യസ്തരോ അല്മായരോ നടത്തുന്ന ഉപവി സ്ഥാപനങ്ങളും ആ കുടുംബങ്ങളുടെ സഹായത്തിന് എത്തണം.

14) ആരും സ്വയം കുടുംബം തിരഞ്ഞെടുക്കുന്നില്ല. എല്ലാവരും ഒരു കുടുംബത്തിൽ വന്നുപിറക്കുകയാണ് ചെയ്യുന്നത്. കുടുംബത്തിലെ ഓരോ അംഗത്തെയും കുടുംബത്തെ മുഴുവനായും നല്ലവനായ ദൈവത്തിൽനിന്ന് എന്നേക്കുമായി നല്കപ്പെട്ടിരിക്കുന്ന ദാനമായിക്കണ്ട് നന്ദിയോടും സ്നേഹത്തോടും കൂടെ സ്വീകരിക്കുകയും അംഗീകരിക്കുകയും വേണം. അത് കുടുംബത്തിൽ ഊഷ്മളവും സ്നേഹപൂർണവുമായ ജീവിതത്തിന്റെ അടിസ്ഥാനമാണ്; നേരിട്ടുള്ള ലക്ഷ്യബോധവുമാണ്. നമ്മുടെ വിശ്വാസ

ത്തിന്റെ വൈകാരിക പുഷ്പിക്കൽ നമുക്കു ദൈവവുമായി ആഴത്തിലുള്ള ഭക്തിപരമായ ഒരു ബന്ധം നല്കുന്നതു പോലെ, കുടുംബാംഗങ്ങളുടെ വൈകാരിക ജീവിതത്തിന്റെ ഗുണം കുടുംബത്തിലെ സ്നേഹത്തിന്റെ ശക്തി നിർണയിക്കുന്നു. അതിനാൽ, യഥാർത്ഥ വൈകാരികപക്വത പ്രാപിക്കൽ കുടുംബത്തിൽ സ്നേഹം രൂപവത്കരിക്കുന്നതിലേക്കുള്ള താക്കോൽ ആണ്. കുടുംബത്തിന്റെ വ്യതിരിക്തമായ ആധ്യാത്മികതയെക്കുറിച്ചും കുടുംബത്തിന്റെ മനഃശാസ്ത്രത്തെക്കുറിച്ചുമുള്ള അറിവ് വളരെ പ്രധാനപ്പെട്ട കാര്യമാണ്. സ്നേഹത്തെയും വൈകാരികപക്വതയെയും കുറിച്ചുള്ള കത്തോലിക്കാ ധാരണ കൈമാറുന്നതിന് അത് ആവശ്യമാണ്. കുടുംബപരമായ സ്നേഹത്തിലേക്കും വൈയക്തികപക്വതയിലേക്കും വളരുന്നതിൽനിന്ന് തങ്ങളുടെ മക്കളെ തടസ്സപ്പെടുത്തുന്ന സാംസ്കാരിക പ്രവണതകളെ സഭയ്ക്ക് കണ്ടില്ലെന്നു നടിക്കാനാവില്ല. ഇരുപത്തിനാല് മണിക്കൂറും സിനിമയും സീരിയലുകളും അതുപോലുള്ള പ്രോഗ്രാമുകളും നല്കുന്ന ടി.വി. ചാനലുകളുടെ വിവേചനയില്ലാത്ത വരിക്കാരാകൽ, ഇന്റർനെറ്റിന്റെയും മൊബൈൽഫോണുകളുടെയും ദുരുപയോഗം എന്നിവ കുട്ടികളെ അവരുടെ സ്നേഹലൈംഗികജീവിതത്തിന്റെ പ്രാരംഭദശയിൽ മാത്രം നിലനില്ക്കാനേ ഇടയാക്കൂ. കൂടാതെ അവരുടെ കുടുംബസമയങ്ങൾ പ്രത്യേകിച്ച് ഒന്നിച്ചുവരാനും സംസാരിക്കാനും പരസ്പരം ശ്രവിക്കാനുമുള്ള സമയം എടുത്തുകളയുകയും ചെയ്യും.

### 3. സാമൂഹികവും സാംസ്കാരികവും സാമ്പത്തികവും പരിസ്ഥിതിപരവുമായ വെല്ലുവിളികൾ

15) ആധുനികസമൂഹം വിവിധതരം പുതിയ പ്രവണതകളാൽ സവിശേഷമാക്കപ്പെട്ടതാണ്. ഓരോ ഇടവകയും, അതു ഗ്രാമത്തിലോ പട്ടണത്തിലോ ഉള്ളതാകട്ടെ, അത് മറ്റ് ഇടവകകളിൽ നിന്നും തുലോം വ്യത്യസ്ത സ്വഭാവമുള്ളതാണ്. ഇടവകകൾ മാത്രമല്ല, കുടുംബങ്ങളും വ്യത്യസ്ത സ്വഭാവം ഉള്ളവയാണ്. കൂടാതെ, ഓരോ കുടുംബത്തിലെയും അംഗങ്ങളും വ്യത്യസ്ത-സാമൂഹിക -സാംസ്കാരിക പ്രവണതകൾ പ്രകടിപ്പിക്കുന്നു. അവയ്ക്ക് നമ്മുടെ കുടുംബങ്ങളിൽ ഭാവാത്മകവും നിഷേധാത്മകവുമായ സ്വാധീനങ്ങൾ ഉണ്ട്.

16) **ചില കാതലായ വെല്ലുവിളികൾ**: ചില ഭാവാത്മക വെല്ലുവിളികൾ ഇവയാണ്; വിദ്യാഭ്യാസപരവും തൊഴിൽപരവുമായ അവസരങ്ങളുടെ തുല്യത, സ്ത്രീകളുടെയും കുട്ടികളുടെയും അവകാശങ്ങളുടെ അംഗീകാരം, എല്ലാ തലങ്ങളിലും പങ്കാളിത്തപരമായ തീരുമാനമെടുക്കലിന്റെ വ്യാപകമായ വിലമതിക്കൽ... നമ്മുടെ കാലഘട്ടത്തിലെ ഇത്തരം യഥാർത്ഥമായ സാമൂഹിക-സാംസ്കാരിക മാറ്റങ്ങൾക്കനുസരിച്ച് കുടുംബങ്ങൾ പുനഃക്രമീകരിക്കാൻ തയ്യാറാകുക ആവശ്യമാണ്.

മറുവശത്ത് നാം ശ്രദ്ധിക്കേണ്ട ചില നിഷേധാത്മക വെല്ലുവിളികളുമുണ്ട്. വ്യക്തിഗതവാദവും ഉപഭോഗസംസ്കാരവും രണ്ട് അടിസ്ഥാന വെല്ലുവിളികളാണ്. അവ വ്യത്യസ്ത രൂപങ്ങൾ സ്വീകരിക്കാം. വ്യക്തിഗതവാദം സമ്പൂർണമായ സ്വയംപര്യാപ്തതയുടെ സങ്കല്പമാണ് ജീവിക്കുന്നത്. പരമമായ വൈയക്തികാവകാശങ്ങളുടെയും സാമ്പത്തിക സ്വാതന്ത്ര്യത്തിന്റെയും ആധുനിക ആശയങ്ങളാൽ അത് പിൻതാങ്ങപ്പെടുകയും ഉജ്ജ്വലിപ്പിക്കപ്പെടുകയും ചെയ്യുന്നു. കുടുംബാംഗങ്ങളുടെ ഇടയിലുള്ള ആശയവിനിമയമില്ലായ്മ, ദമ്പതികൾ തമ്മിലുള്ള ഗാഢഅടുപ്പത്തിന്റെ നഷ്ടം, മറ്റു കുടുംബാംഗങ്ങളുടെ ഇടപെടൽ ഒട്ടുംപാടില്ലെന്ന സ്വകാര്യതയെക്കുറിച്ചുള്ള വികലമായ ധാരണ, മാനുഷിക ലൈംഗികത പൊതുവിൽ കുടുംബത്തിൽ നിന്നും പ്രത്യേകം പ്രജനനത്തിൽ നിന്നും വേർപെടുത്തൽ (അത് ഒരു വ്യക്തിയുടെ ലൈംഗികതയെ ഉദ്ദേശിക്കപ്പെടാത്ത കാര്യങ്ങൾക്കായി ഉപയോഗിക്കാനിടയാക്കുന്നു), ഒരാളുടെ സാമ്പത്തികവും മാനുഷികവുമായ സ്രോതസുകളുടെ ദുരുപയോഗം തുടങ്ങിയവ കുടുംബങ്ങളിലെ പ്രശ്നകരമായ വ്യക്തിഗതവാദത്തിന്റെ ചില രൂപങ്ങളാണ്.

ഓരോ മനുഷ്യനും ഒരു ഉപഭോക്താവാണ്. ദൈവം തന്റെ പരിപാലനയാൽ നമുക്കു നല്കിയിട്ടുള്ള ഭൂമിയിലെ അനേകം നന്മകളും സേവനങ്ങളും നമുക്ക് നന്ദിപൂർവം സ്വന്തമാക്കുകയും ഉപയോഗിക്കുകയും ചെയ്യാം. എന്നാൽ, വസ്തുക്കളുടെയും സേവനങ്ങളുടെയും വിവേചനാപൂർവമല്ലാത്ത ആർജ്ജനം ഉപഭോഗസംസ്കാരം പ്രോത്സാഹിപ്പിക്കുന്നു. അത് എതിർക്കപ്പെടേണ്ടതാണ്. ഉപഭോഗസംസ്കാരം പണത്തിന്റെ നിരുത്തരവാദിത്വപരമായ ഉപയോഗം ഉൾക്കൊള്ളുന്നു. അത് വലിച്ചെറിയൽ സംസ്കാരത്തിനു

വഴിയൊരുക്കുന്നു. അതിനാൽ ഓരോ കുടുംബത്തിന്റെയും മുമ്പിലുള്ള വെല്ലുവിളി തന്റെ മുമ്പിലുള്ള ന്യായമല്ലാത്ത ഉപഭോക്തൃ പെരുമാറ്റങ്ങളെ കണ്ടെത്തുകയും അവ തിരുത്തുകയും ചെയ്യുക എന്നതാണ്. എന്തെന്നാൽ, അവ മറ്റു കുടുംബങ്ങൾക്കു പ്രത്യേകിച്ച് ദരിദ്രർക്ക് തുല്യമായ അവസരങ്ങൾ നിഷേധിക്കുന്നു; രാഷ്ട്രറവന്യൂവിനും പരിസ്ഥിതിക്രമത്തിന്റെ ശരിയായ പ്രവർത്തനത്തിനും അതു തടസ്സമാകുന്നു.

17) **പ്രത്യേക പ്രശ്നങ്ങൾ**: ഇതിനും പുറമേ കുടുംബം ഇന്നു നേരിടുന്ന മറ്റനേകം സാമൂഹികവും മതപരവും സാംസ്കാരികവുമായ വെല്ലുവിളികൾ ഉണ്ട്: (1) വ്യത്യസ്ത കാരണങ്ങളാൽ മിശ്ര-സിവിൽ വിവാഹങ്ങളുടെ സംഖ്യ സാവധാനമെങ്കിലും വർദ്ധിക്കുന്നു. കൗദാശിക ഫലദായകത്വത്തെക്കാൾ പ്രായോഗിക സൗകര്യങ്ങൾക്ക് പ്രാമുഖ്യം നല്കുന്ന ക്രൈസ്തവരുണ്ട്. അവസരപരമായ കാരണങ്ങൾ, ഭാവാത്മകഫലങ്ങൾ, അന്തർഹിത സന്ദിഗ്ദ്ധാവസ്ഥ, മതപരമായ അനന്യതയുടെ പ്രശ്നങ്ങൾ തുടങ്ങിയവ മിശ്ര-സിവിൽപരമായ വിവാഹങ്ങളെ ചുറ്റിപ്പറ്റിയുണ്ട്. ഈ വസ്തുതകൾ പഠിക്കുകയും സത്യസന്ധമായി വിലയിരുത്തപ്പെടുകയും വേണം. (2) പല കാരണങ്ങളാൽ കൂടുതൽ കൂടുതൽ കുടുംബങ്ങൾ ന്യൂക്ലിയർ ആയികൊണ്ടിരിക്കുന്നു. കുടുംബത്തിന്റെ വലുപ്പത്തിന് കുടുംബത്തിന്റെ സ്ഥിരത, കുട്ടികളുടെ മാനുഷിക പരിശീലനം, കുടുംബത്തിന്റെ സാമ്പത്തികശക്തി എന്നിവയുടെമേൽ സ്വാധീനമുണ്ടെന്ന് അനുഭവം നമ്മെ പഠിപ്പിക്കുന്ന കാര്യമാണ്. (3) വിവാഹം താമസിപ്പിക്കുകയോ വിവിധ കാരണങ്ങളാൽ വിവാഹം ഒഴിവാക്കുകയോ ചെയ്യുന്നവരുടെ സംഖ്യ വർദ്ധിക്കുന്നു. വിശ്വാസമില്ലായ്മ, കുടുംബജീവിതത്തിലേക്കുള്ള വിളിയുടെ വ്യതിരിക്തതയെക്കുറിച്ചുള്ള അവബോധമില്ലായ്മ, മാതാപിതാക്കന്മാരുടെ വിവാഹജീവിതത്തിന്റെ നിഷേധാത്മക മാതൃക - അതായത്, പരസ്പരം സ്നേഹമില്ലായ്മ, ഗാർഹികപീഡനം, പരസ്പരവഞ്ചന എന്നിവ ഉദാഹരണങ്ങൾ - ഉചിതമായ പങ്കാളിക്കു വേണ്ടിയുള്ള അങ്ങേയറ്റം നിശിതമായ അന്വേഷണം, ജെൻഡർ പങ്കിനെക്കുറിച്ചുള്ള സന്ദിഗ്ദ്ധാവസ്ഥ എന്നിവയൊക്കെ ഈ പുതിയ സാംസ്കാരിക പ്രവണതയ്ക്കുള്ള ചില കാരണങ്ങളാണ്. (4) ചില ആസക്തികൾ കുടുംബജീവിതത്തെ ക്ലേശകരവും ഭംഗുരവും ആക്കു

ന്നു. ഓരോ ആസക്തിയും കുടുംബജീവിതത്തിൽനിന്ന് എന്ത് നശിപ്പിക്കുന്നു എന്നതിനെ ആശ്രയിച്ച് വിവിധ അളവുകളിൽ അത് അനുഭവപ്പെടുന്നു. മനഃശാസ്ത്രപരവും ആത്മീയവുമായ ചികിത്സകളാലും സഹഗമനത്താലും ആസക്തികളെ അതിജീവിക്കാവുന്നതാണ്. പുകവലി, മദ്യം, മയക്കുമരുന്ന്, ചൂതുകളി, പോർണോഗ്രഫി, സാമൂഹികനെറ്റുവർക്കുകൾ, ടി.വി. സീരിയലുകൾ എന്നിവയുടെ ഉപയോഗം, തുടങ്ങിയവ അടിയന്തിരശ്രദ്ധ ആവശ്യമുള്ള ചില ആസക്തികളാണ്.

18) അനേകം കുടുംബങ്ങൾ മനുഷ്യത്വത്തെ ഇല്ലാതാക്കുന്ന ദാരിദ്ര്യം കൊണ്ട് വിഷമിക്കുന്നുണ്ട്. അനേകം കാരണങ്ങൾ അതിനുണ്ട്. ദാരിദ്ര്യത്തിനു തന്നെ പല മുഖങ്ങളുമുണ്ട്. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കുടുംബങ്ങളുണ്ട്. ആത്മീയ ദാരിദ്ര്യത്തിൽ ജീവിക്കുന്ന കുടുംബങ്ങളുണ്ട്, ബൗദ്ധിക ദാരിദ്ര്യത്താൽ വേദനിക്കുന്ന കുടുംബങ്ങളുമുണ്ട്. ഈ ബഹുമുഖ ദാരിദ്ര്യത്തിന്റെ അവസ്ഥകളെ ഉന്മൂലനം ചെയ്യാനുള്ള ശ്രമങ്ങളും ദരിദ്രരോടുള്ള വലിയ അനുകമ്പയും ക്രൈസ്തവകുടുംബങ്ങളുടെ സ്വാഭാവികമായ മുഖലക്ഷണമാകണം. ഫ്രാൻസീസ് പാപ്പാ വ്യക്തമായി എടുത്തുകാട്ടിയിരിക്കുന്നതുപോലെ നമ്മുടെ കാലത്ത് ദരിദ്രരുടെ രോദനവും ഭൂമിയുടെ രോദനവും ബന്ധപ്പെട്ടിരിക്കുന്നു. പാപ്പാ പറയുന്നു: "ദ്രുതഗതിയിലുള്ള മാറ്റവും അധഃപതനവും കാരണം കാര്യങ്ങൾ ഒരു തകർച്ചയിൽ എത്തിയിരിക്കുന്നതിന്റെ അടയാളങ്ങൾ നമുക്കിപ്പോൾ കാണാനാവും. വൻതോതിലുള്ള സ്വാഭാവികദുരന്തങ്ങളിലും സാമൂഹിക-സാമ്പത്തിക സംഘർഷങ്ങളിലും ഇവ വ്യക്തമാണ്."[16]

## മൂന്നാം ഭാഗം

# ഇന്ന് കുടുംബത്തെ ഗുണസമ്പന്നമാക്കാനുള്ള പ്രായോഗിക വഴികൾ

### 1. കുടുംബത്തിന്റെ സുവിശേഷം പ്രഖ്യാപിക്കൽ

19) മുകളിൽ സൂചിപ്പിച്ച കുടുംബത്തെക്കുറിച്ചുള്ള മെത്രാന്മാരുടെ സിനഡുകൾ, 2014-ലും 2015-ലും റോമിൽ നടന്നവ, കുടുംബത്തിന്റെ സുവിശേഷം പുനസ്ഥാപിക്കാനും ആ ഉറപ്പാർന്ന അടി

സ്ഥാനത്തിന്മേൽ കുടുംബങ്ങളുടെ വെല്ലുവിളികളെ അഭിമുഖീകരിക്കുവാനും ശ്രമിച്ചു. സുവിശേഷപ്രസംഗങ്ങളിലൂടെയും മതബോധനത്തിലൂടെയും മറ്റ് ഔദ്യോഗികവും അനൗദ്യോഗികവുമായ മാർഗങ്ങളിലൂടെയും കുടുംബത്തിന്റെ ശ്രേഷ്ഠമായ ദൈവശാസ്ത്രം ഓരോ പ്രാദേശിക സഭയും പഠിപ്പിക്കണം. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥത്തിൽ സംക്ഷിപ്തമായി പഠിപ്പിച്ചിട്ടുള്ളതുപോലെ കുടുംബത്തിന്റെ ദൈവശാസ്ത്രം അതിന്റെ അടിസ്ഥാനസ്വഭാവത്തോടും ക്രൈസ്തവ തനിമയോടും നേരിട്ടുള്ള സൂചനയോടെ സഭ പഠിപ്പിക്കണം. സ്ത്രീയെയും പുരുഷനെയും സൃഷ്ടിച്ചുകൊണ്ട് ദൈവമാണ് മാനുഷിക കുടുംബത്തെ സ്ഥാപിച്ചത്. അതിന്റെ അടിസ്ഥാനനിയമം നല്കിയതും ദൈവമാണ്. കുടുംബത്തിലെ അംഗങ്ങൾ മഹത്ത്വത്തിൽ തുല്യവ്യക്തികളാണ്. സഭാത്മകസംസർഗത്തിന്റെ പ്രത്യേക വെളിപാടും സാക്ഷാത്കാരവുമാകുമ്പോൾ കുടുംബം സ്വഭാവനുസരേണ ക്രൈസ്തവമാകുന്നു; ഗാർഹികസഭയാകുന്നു. ഓരോ കുടുംബവും അതിലെ കുട്ടികളുടെ പ്രജനനത്തിലും വിദ്യാഭ്യാസത്തിലും പങ്കുചേരുമ്പോൾ അതു "പിതാവിന്റെ സൃഷ്ടപ്രവർത്തനം പ്രതിഫലിപ്പിക്കുകയാണ് ചെയ്യുന്നത്" എന്നും "ഓരോ കുടുംബവും ഈശോയുടെ പ്രാർത്ഥനയിലും ബലിയിലും പങ്കുചേരുവാനാണ് വിളിക്കപ്പെട്ടിരിക്കുന്നത്"[17] എന്നും സഭ കുടുംബങ്ങളെ ഓർമ്മിപ്പിക്കണം.

20) **പ്രോ-ലൈഫ് മനോഭാവങ്ങളും പ്രവർത്തനങ്ങളും:** മക്കളുടെ സംഖ്യ വർദ്ധിപ്പിക്കുകയാണ് കുറയ്ക്കുകയല്ല വേണ്ടതെന്ന് അജപാലകർ ദമ്പതികളെ ഉപദേശിക്കണം (ജറെ 29:6). ഗർഭച്ഛിദ്രനിയമങ്ങൾ ഒരു മനസ്സാക്ഷിക്കടിയും ഇല്ലാതെ ഉദാരവത്കരിക്കുന്ന സാമൂഹിക-രാഷ്ട്രീയ പശ്ചാത്തലത്തിൽ സഭ വർദ്ധിച്ച ശക്തിയോടെ ഗർഭധാരണനിമിഷം മുതൽ സ്വാഭാവികഅന്ത്യം വരെയുള്ള മനുഷ്യജീവന്റെ അലംഘനീയമായ മൂല്യം പ്രഖ്യാപിക്കേണ്ടതുണ്ട്. സഭ പൂർണഹൃദയത്തോടെ ജീവനും കുടുംബത്തിനും വേണ്ടിയുള്ള ഉദ്യമങ്ങളെ - ഗർഭച്ഛിദ്രം അവസാനിപ്പിക്കാനും കുടുംബത്തിന്റെ വലുപ്പം വർദ്ധിപ്പിക്കാനും ജീവനോടുള്ള ആദരം പുനരുദ്ധരിക്കാനുമുള്ള ഉദ്യമങ്ങളെ - പിൻതാങ്ങണം. കുടുംബത്തിന്റെ സുവിശേഷം പ്രസംഗിക്കുന്ന സഭ അതിലൂടെ അവളുടെ പ്രോ-ആക്റ്റീവ് ദൗത്യവും നിർവഹിക്കുകയാണ് ചെയ്യുന്നതെന്ന് അർത്ഥ

മാക്കുന്നുണ്ട്. അതിൽ ഒന്ന്, മാതാപിതാക്കൾക്കു തങ്ങളുടെ മക്കളെ വളർത്തുന്നതിലുള്ള സമൂർത്തമായ മാതൃപിതൃത്വത്തോട് അനുബന്ധിച്ചുള്ള സാമൂഹിക-സാമ്പത്തിക, ആത്മീയ ബുദ്ധിമുട്ടുകളെ അതിജീവിക്കാൻ അവരെ സഹായിക്കുകയാണ്. രണ്ട്, കൗമാരക്കാർ, യുവജനങ്ങൾ എന്നിവരെ അവരുടെ ജീവിതത്തിലെ വളർച്ചാഘട്ടങ്ങളിൽ വ്യക്തിവത്കരിക്കപ്പെട്ട അജപാലന പ്രോഗ്രാമുകളിലൂടെ സഹഗമിക്കുന്നതുമാണ്.

21) **കുടുംബപ്രാർത്ഥന**: അനുദിന കുടുംബപ്രാർത്ഥനയുടെ പതിവും ദൈവവചനവായനയും പ്രോത്സാഹിപ്പിക്കണം. എന്നാൽ, പട്ടണങ്ങളിലെയും പ്രവാസികളുടെയും കുടുംബങ്ങളുടെ വ്യതിരിക്തമായ പ്രത്യേകതകൾ പരിഗണിച്ചുകൊണ്ട് ഓരോ സന്ദർഭത്തിനും ചേർന്ന വിധത്തിൽ കുടുംബ ആധ്യാത്മികത വികസിപ്പിക്കാൻ അജപാലകർ വിശ്വാസികളെ സഹായിക്കാൻ തയ്യാറാകണം. മിശ്രവിവാഹിതർ, വിവാഹം മോചിപ്പിക്കപ്പെട്ടവർ, വീണ്ടും വിവാഹം ചെയ്തവർ എന്നിവരുടെ കുടുംബങ്ങൾക്ക് കൂടുതൽ അജപാലനശ്രദ്ധ ആവശ്യമാണ്.

22) **മക്കളുടെ കടമ**: ക്രൈസ്തവകുടുംബത്തിൽ കുട്ടികൾക്കും മാതാപിതാക്കന്മാർക്കുമുള്ള കടമകളെക്കുറിച്ച് സഭ പഠിപ്പിക്കണം. അപ്പനോടും അമ്മയോടും കുട്ടികൾ ബഹുമാനം കാണിക്കണമെന്നത് ദൈവത്തിന്റെ കല്പന ആവശ്യപ്പെടുന്ന കാര്യമാണ് (പുറ 20:12). മക്കൾക്കടുത്ത ബഹുമാനം ജീവന്റെ ദാനത്താലും സ്നേഹം, അധ്വാനം എന്നിവ വഴി മക്കളെ ലോകത്തിലേക്കു കൊണ്ടുവരികയും പ്രായത്തിലും വിജ്ഞാനത്തിലും കൃപയിലും വളരാൻ സഹായിക്കുകയും ചെയ്തവരോടുള്ള നന്ദിയിൽനിന്ന് വരുന്നതാണ് (പ്രഭാ 7:2728).[18] വിധേയത്വവും അനുസരണയും മക്കൾക്കടുത്ത ആദരവിന്റെ അടയാളങ്ങളാണ്. മുതിർന്ന മക്കൾ തങ്ങളുടെ മാതാപിതാക്കന്മാർക്ക് ഭൗതികവും ധാർമ്മികവുമായ സഹായം വാർധക്യത്തിലും ദുരിതത്തിലും രോഗത്തിലും ഏകാന്തതയിലും നല്കിക്കൊണ്ട് മക്കൾക്കടുത്ത ആദരവ് പ്രകാശിപ്പിക്കണം.[19] കുടുംബജീവിതത്തിൽ താളാത്മകതയും സ്നേഹവും വളർത്തുന്നതിൽ മാതാപിതാക്കളോടും വല്യപ്പനോടും വല്യമ്മയോടുമുള്ള ബഹുമാനത്തിനും നന്ദിക്കും വലിയ പങ്കുണ്ട്.

23) **മാതാപിതാക്കളുടെ കടമ**: ക്രൈസ്തവ മാതാപിതാക്കന്മാരുടെ പ്രധാനപ്പെട്ട കടമകളെക്കുറിച്ച് വ്യക്തമായ മാർഗനിർദ്ദേശങ്ങൾ സഭ നല്കിക്കൊണ്ടാണിരിക്കുന്നത്. പേരന്റിംഗ് ഗൗരവപൂർണമായ വെല്ലുവിളികൾ നേരിടുന്ന ഇന്ന് ആ കടമകൾ ഇനിയും ഊന്നിപ്പറയണം. ക്രൈസ്തവ മാതാപിതാക്കന്മാരുടെ ഏറ്റവും പ്രധാനപ്പെട്ട കടമകൾ താഴെ ചേർക്കുന്നു:

1. ദൈവത്തിന്റെ നിയമം നിറവേറ്റാൻ ഉതകുന്ന വിദ്യാഭ്യാസം മക്കൾക്കു നല്കുക.

2. മക്കളുടെ ശാരീരികവും മാനസ്സികവും ആത്മീയവുമായ കാര്യങ്ങൾക്കു ആവശ്യമുള്ളത് നല്കുക.

3. ആർദ്രത, ക്ഷമ, ബഹുമാനം, വിശ്വസ്തത, നിസ്വാർത്ഥസേവനം എന്നിവയുള്ള കുടുംബം സൃഷ്ടിക്കുക.

4. ക്രൈസ്തവ അധ്യാപകരെന്ന നിലയിലുള്ള തങ്ങളുടെ ദൗത്യം നിർവഹിക്കാൻ മാതാപിതാക്കന്മാരെ ഏറ്റവും നന്നായി സഹായിക്കുന്ന സ്കൂളുകൾ തിരഞ്ഞെടുക്കുക.

5. ബുദ്ധിയുടെയും സ്വാതന്ത്ര്യത്തിന്റെയും ശരിയായ വളർച്ചയ്ക്കും ഉപയോഗത്തിനും ഉപകരിക്കത്തക്കവിധത്തിൽ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുക.

6. ഭൗതികവും ചോദനപരവുമായ മാനങ്ങളെ ആന്തരികവും ആത്മീയവുമായവയ്ക്കു വിധേയമാക്കാൻ കുട്ടികളെ പഠിപ്പിക്കുക.

7. കുട്ടികളെ സുവിശേഷവത്കരിക്കുകയും സഭാജീവിതവുമായി ബന്ധപ്പെടുത്തുകയും ചെയ്യുക.

8. പ്രാദേശികവും വിശാലവുമായ സമൂഹത്തിൽ പൊതു ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാൻ പ്രേരിപ്പിക്കുക.

9. മക്കളെ സുകൃതങ്ങളിൽ വിദ്യാഭ്യാസം ചെയ്യിക്കുക. അതിനു നീണ്ടുനില്ക്കുന്ന അഭ്യസനവും ആത്മത്യാഗവും ശരിയായ വിലയിരുത്തലും ആത്മവിജയവും ആവശ്യമാണെന്ന് ഓർക്കണം.

10. കുട്ടികൾ ആത്മാർത്ഥമായി തിരഞ്ഞെടുക്കുന്ന തൊഴിലിനെയും ജീവിതാവസ്ഥയെയും ആദരിക്കുക. പൗരോഹിത്യജീവി

ത്തത്തിലേക്കും സന്ന്യസ്ത ജീവിതത്തിലേക്കും ഉള്ള മക്കളുടെ ദൈവവിളിയെ പ്രത്യേകം പ്രോത്സാഹിപ്പിക്കുക.[20]

ക്രൈസ്തവ മാതാപിതാക്കന്മാർക്ക് ലിസ്യുവിലെ വിശുദ്ധ കൊച്ചുത്രേസ്യായുടെ മാതാപിതാക്കളായ വിശുദ്ധ ലൂയി മാർട്ടീനിൽ നിന്നും (1823-1894) വിശുദ്ധ സെലിഗ്വെരിനിൽ നിന്നും (1831 -1877) പഠിക്കാവുന്നതാണ്. അവർ ദാമ്പത്യ-കുടുംബ ആധ്യാത്മികതയ്ക്കും ക്രൈസ്തവപേരന്റിംങിനും അസാധാരണ സാക്ഷ്യം നൽകിയവരാണ്. സർവോപരി വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ കുടുംബങ്ങൾക്കു നല്കിയ വിജ്ഞാനപ്രദമായ ഉപദേശങ്ങൾ ശ്രദ്ധാപൂർവം പഠിക്കുന്നതിന് ക്രൈസ്തവകുടുംബങ്ങൾ തയ്യാറാകണം. മാതൃകാ കുടുംബങ്ങളെ അംഗീകരിക്കുകയും ക്രൈസ്തവപ്രസിദ്ധീകരണങ്ങളിലൂടെ അറിയിക്കുകയും ചെയ്യുന്നത് പരോക്ഷമെങ്കിലും ക്രൈസ്തവകുടുംബത്തിന്റെ സുവിശേഷം പ്രഖ്യാപിക്കുന്നതിനുള്ള ഫലപ്രദമായ മാർഗമാണ്.

24) **കുടുംബങ്ങളുടെ സഭാത്മകവിളി**: വിവാഹത്തിലൂടെയും കുടുംബത്തിലൂടെയും മനുഷ്യവ്യക്തി മാനുഷിക കുടുംബത്തിലേക്കും ദൈവിക കുടുംബമായ സഭയിലേക്കും പ്രവേശിക്കുന്നു. കുടുംബത്തിന്റെ സത്തയും ദൗത്യവും സ്നേഹം സംരക്ഷിക്കുക, വെളിപ്പെടുത്തുക, കൈമാറുക എന്നതാണ്. കുടുംബം ഈ ദൗത്യം നാല് രീതിയിൽ നിർവഹിക്കുന്നുവെന്ന് വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പാ വ്യക്തമാക്കിയിട്ടുണ്ട്. 1) വ്യക്തികളുടെ കൂട്ടായ്മ രൂപീകരിക്കുക, 2) ജീവനു ശുശ്രൂഷ ചെയ്യുക, 3) സമൂഹത്തിന്റെ പുരോഗതിയിൽ പങ്കുചേരുക, 4) സഭയുടെ ജീവനിലും ദൗത്യത്തിലും പങ്കുചേരുക.

### 2. കുടുംബങ്ങളെയും യുവദമ്പതികളെയും സഹഗമിക്കൽ

25) കുടുംബത്തിന്റെ സുവിശേഷം പ്രസംഗിക്കുകയും ക്രൈസ്തവവിവാഹത്തെ വളർത്തുകയും ചെയ്യുമ്പോഴും മുറിവേറ്റ കുടുംബങ്ങളെയും കുടുംബം കെട്ടിപ്പടുക്കാൻ ആരംഭിക്കുന്ന യുവദമ്പതികളെയും അജപാലനപരമായി സഹഗമിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം. കൂടെക്കൂടെയുള്ള കുടുംബസന്ദർശനവും കുടുംബം ആശീർവദിക്കലും ഇടവക വൈദികരുടെ ശുശ്രൂഷാപരമായ ആധ്യാത്മികതയുടെ ഫലപ്രദങ്ങളായ രണ്ടു വശങ്ങ

ളാണ്. അജപാലനപരമായ സഹഗമനത്തിന്റെ ഫലപ്രദമായ രീതികളായി അവ തുടരുകയും ചെയ്യുന്നു. ഈ പരമ്പരാഗതമായ രീതിക്കു പുറമേ, സന്ന്യസ്ത സഹോദരിമാർ കുടുംബ കൗൺസലിങ്ങിന്റെയും ഹോംമിഷന്റെയും രീതികൾ ഇന്ന് അനേകം രൂപതകളിൽ നന്നായി നടത്തുന്നുണ്ട്.

മുറിവേറ്റ കുടുംബങ്ങളുടെ പ്രശ്നങ്ങളും യുവദമ്പതികളുടെ ആവശ്യങ്ങളും വ്യത്യസ്തങ്ങളാണ്. അതിനാൽ, വ്യക്തിഗതകേസുകൾക്കു ശ്രദ്ധ കൊടുക്കുന്ന കുടുംബകൗൺസലിങ് നമ്മുടെ കാലഘട്ടത്തിൽ കുടുംബങ്ങളുടെ പ്രത്യേക സഹഗമനത്തിന്റെ ഉചിതവഴിയായിരിക്കും. തങ്ങളെത്തന്നെയും അപരനെയും മനസ്സിലാക്കാനും സ്വീകരിക്കാനും ഇതു ദമ്പതികളെ സഹായിക്കും. വൈകാരിക കെട്ടുകളെ അഴിക്കാനും തുടർന്ന് ആഴത്തിലുള്ള സംതൃപ്തിയും വൈകാരികബന്ധവും നേടുന്നതിനായി ഒന്നിച്ചു പ്രവർത്തിക്കാനും കുടുംബകൗൺസിലിങ് ദമ്പതികളെ സഹായിക്കും. അതുമാത്രമല്ല, വിശ്വാസം, സഭാത്മക ശിക്ഷണം, ആധ്യാത്മികത, ലൈംഗികത, വന്ധ്യത എന്നിവയും ഇവയോടെല്ലാം ബന്ധപ്പെട്ട ആഴമാർന്ന പ്രശ്നങ്ങളും കണ്ടെത്താനും ഇവയ്ക്ക് ഉത്തരങ്ങൾ കണ്ടെത്താൻ കഴിയുന്ന ശരിയായ ഇടങ്ങളിലേക്കു ദമ്പതികളെ നയിക്കാനും കുടുംബകൗൺസലിങ് ഉപകരിക്കും. ചുരുങ്ങിയ പക്ഷം ഒരു ഫാമിലി കൗൺസലിങ് സെന്റർ എങ്കിലും രൂപതയിലെ ഓരോ ഫൊറോനയിലും ഉണ്ടായിരിക്കുന്നത് അഭികാമ്യമാണ്.

ചില സ്ഥലങ്ങളിൽ ഇടവകകൾ പല കുടുംബാചാരങ്ങളും ഏറ്റെടുത്തു നടത്തുന്നതായി തോന്നുന്നു. അവ ഇടവകതലത്തിൽ ആഘോഷിക്കുന്നു. അതുവഴി കുടുംബങ്ങൾക്ക് അവയുടെ പരമ്പരാഗത കുടുംബാഘോഷങ്ങൾ ഇല്ലാതാകുന്നു. പെസഹാ അപ്പം മുറിക്കൽ ചില ഇടവകകളിൽ കുടുംബയൂണിറ്റ് സെൻട്രൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നത് ഒരു ഉദാഹരണമാണ്. ഗാർഹികസഭകൾ ഇടവകപള്ളികളിൽ ലയിപ്പിക്കുന്നത് അഭികാമ്യമല്ല, അനുവദിക്കാവുന്നതുമല്ല. കുടുംബങ്ങൾ അവയുടെ അനന്യതയും നിർവഹണപരമായ സവിശേഷതയും ഇടവകാതലത്തിലുള്ള ആഘോഷങ്ങളിൽ നഷ്ടപ്പെടുത്തരുത്. ഇടവകതലത്തിലുള്ള സഭാത്മക അനന്യതയും ഓരോ കുടുംബത്തിന്റെയും

സവിശേഷതയിലുള്ള കുടുംബ അനന്യതയും തമ്മിലുള്ള സമതുലനത ശ്രദ്ധാപൂർവം നിലനിറുത്തേണ്ടതാണ്.

### 3. കുടുംബവും ക്രൈസ്തവപരിശീലനവും

26) വിവാഹഒരുക്കകോഴ്സ് രൂപതകൾ നവീകരിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. വിവാഹരീതിയിലും കുടുംബജീവിതത്തിലുമുള്ള പ്രാദേശികവും ആഗോളപരവുമായ പ്രശ്നങ്ങളും പ്രവണതകളും പരിഗണിച്ചുവേണം അതുചെയ്യാൻ. പുതിയ ദമ്പതികളെ ഒരുക്കുന്നതിലും അവർക്ക് തുടർപരിശീലനം നല്കുന്നതിലും ചുരുങ്ങിയപക്ഷം ഇടവകയിൽനിന്ന് ഒരു സ്പോൺസർ ദമ്പതിയോ, സാധ്യമെങ്കിൽ രണ്ടോ മൂന്നോ ദമ്പതികളും ഒരു വൈദികനും ഒരു സന്യസ്തസിസ്റ്ററും ഉൾക്കൊള്ളുന്ന ഒരു ടീമോ, ഉൾപ്പെടുന്നതു നല്ലതാണ്. പ്രാരംഭകൂദാശയിൽ തലതൊട്ടപ്പനും തലതൊട്ടമ്മയും ചെയ്യുന്നതുപോലെ സ്പോൺസർ ദമ്പതികൾക്ക് വിവാഹത്തിന്റെ അടുത്ത തയ്യാറെടുപ്പിലും വിവാഹമെന്ന കൂദാശയുടെ ആരാധനാക്രമത്തിലും നവദമ്പതികളുടെ കുടുംബജീവിതത്തിന്റെ ആദ്യനാളുകളിലും പ്രത്യേക സ്ഥാനം ഉണ്ടായിരിക്കുക ഉപകാരപ്രദമാണ്. പരിശീലനം ലഭിച്ച ടീമിന് തുടർപരിശീലനവും മാർഗനിർദ്ദേശവും നല്കാൻ പറ്റുന്നിടത്തോക്കെ ദമ്പതികളെ, പ്രത്യേകിച്ചു വിവാഹം കഴിഞ്ഞ് രണ്ടോ മൂന്നോ മാസമായവരെ, വിളിച്ചുകൂട്ടാനാവും. നവദമ്പതികളുടെ വൈവാഹിക അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനും പ്രശ്നങ്ങൾ വല്ലതുമുണ്ടെങ്കിൽ അതു പരിഹരിക്കാൻ അവരെ സഹായിക്കുന്നതിനും ടീമിനു സാധിക്കും. അനേകം ഇടവകകളിൽ കുടുംബങ്ങളെ സഹായിക്കുന്നതിനുള്ള സ്തുത്യർഹമായ സംരംഭങ്ങൾ അല്മായർ നടത്തുന്നുണ്ട്; പ്രത്യേകിച്ചും കുടുംബങ്ങൾക്കുള്ളിലും കുടുംബങ്ങൾ തമ്മിലുമുള്ള സംഘർഷങ്ങൾ പരിഹരിക്കുന്നതിന്. അജപാലകർ ഈ പുതിയ അപ്പസ്തോലികസംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുകയും നയിക്കുകയും അവയുമായി കൈകോർക്കുകയും വേണം.

27) വൈദികരുടെയും ഇടവകയിൽ പ്രവർത്തിക്കുന്ന സന്യസ്തരുടെയും അജപാലനശുശ്രൂഷയിൽ സഭ കുടുംബപ്രേഷിതത്വത്തിനു പ്രാമുഖ്യം നല്കണം. കുടുംബങ്ങൾക്കുവേണ്ടിയുള്ള ശുശ്രൂഷയിലേയ്ക്ക് ഭാവിയിൽ കടന്നുവരുന്നവർ പാടവമുള്ളവരും ഫലദായകരുമാകാൻ കത്തോലിക്കാ കുടുംബപ്രേഷി

ത്വത്തിന്റെ സമീപനങ്ങൾ സെമിനാരികളുടെയും സന്ന്യസ്തപരിശീലനകേന്ദ്രങ്ങളുടെയും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം. ഇപ്പോൾ ശുശ്രൂഷയിലായിരിക്കുന്ന വൈദികർക്കും സന്ന്യസ്തർക്കും കുടുംബപ്രേഷിതത്വത്തെക്കുറിച്ചുള്ള ഹ്രസ്വകാല ഉപരികോഴ്സുകൾ നല്കുക എന്നതും വളരെ പ്രധാനപ്പെട്ട കാര്യമാണ്. അങ്ങനെ കുടുംബപ്രേഷിതത്വത്തിൽ അവർക്കുള്ള അറിവും വൈദഗ്ധ്യവും നവീകരിക്കാനാവും; കുടുംബകാര്യങ്ങളിൽ സാർവത്രികസഭയ്ക്കുള്ള നവീകൃത തീക്ഷ്ണതയിലും സമർപ്പണത്തിലും പങ്കുചേരാനുമാകും. വിവാഹം, കുടുംബം എന്നിവയെക്കുറിച്ചുള്ള പഠനഗവേഷണങ്ങൾക്കായി വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പായുടെ പേരിലുള്ള ഇൻസ്റ്റിറ്റ്യൂട്ടും (ചങ്ങനാശ്ശേരിയിലെ കാനാ), തിരുക്കുടുംബ സന്ന്യാസിനികൾ നടത്തുന്ന തൃശൂർ വേലൂരിലെ FATRIയും വലിയ സഹായമാണ്. കുടുംബങ്ങളുടെ നവീകരണത്തിനും വിശുദ്ധിക്കും വേണ്ടി പ്രവർത്തിക്കാൻ ഓരോ ക്രൈസ്തവനും കടമയുണ്ടെന്ന കാര്യം മറക്കരുത്. കുടുംബപ്രേഷിതത്വം ഭംഗിയായി നിർവഹിക്കുന്നതിന് പക്വതയും തീക്ഷ്ണതയുമുള്ള ദമ്പതികളെ തിരഞ്ഞെടുത്ത് കുടുംബശുശ്രൂഷയിൽ പരിശീലനം നല്കുന്നതു ഉത്തമമാണ്. നമ്മുടെ സഭയിലെ ചില രൂപതകൾ അപ്പസ്തോലിക ദമ്പതികൾക്കായി വിജയപ്രദമായ പരിശീലനപരിപാടികൾ കരുപ്പിടിപ്പിച്ചിട്ടുണ്ടെന്നതും സന്തോഷകരമാണ്.

28) ശരിയായ ലൈംഗികവിദ്യാഭ്യാസം നമ്മുടെ ഈ കാലഘട്ടത്തിന്റെ അടിയന്തിരാവശ്യമാണ്. ഇന്നത്തെ സൈബർ - ഡിജിറ്റൽ യുഗത്തിൽ, പകുതിയിലധികം ലൈംഗികവിവരങ്ങൾ കുട്ടികൾക്കു ലഭിക്കുന്നത് ഇന്റർനെറ്റ് വഴിയാണ്. പോർണോഗ്രഫിയിലൂടെ അതു മിക്കപ്പോഴും നല്കപ്പെടുന്നു. പോർണോഗ്രഫി മാനുഷിക ലൈംഗികതയെന്ന പരിശുദ്ധവും ശക്തവുമായ ദൈവികദാനത്തിന്റെ വിഷമയമായ വ്യാജമാക്കലും ദുരുപയോഗിക്കലുമാണ്. സഭയും മാതാപിതാക്കന്മാരും യഥാർത്ഥ ലൈംഗികവിദ്യാഭ്യാസം കുട്ടികൾക്കു നല്കുക എന്ന പ്രധാനപ്പെട്ട ദൗത്യത്തിൽനിന്ന് മാറിനിന്നാൽ, കുട്ടികൾക്ക് അത് മറ്റു സ്ഥലങ്ങളിലും സാഹചര്യങ്ങളിലും നിന്നുമായിരിക്കും കിട്ടുക എന്ന കാര്യം നാം ഓർമ്മിക്കണം.

29) ഗവൺമെന്റിൽ നിന്നുള്ള പൊതുസഹായങ്ങൾ നേടിയെടുക്കുന്നതിന് കുടുംബങ്ങളെ ഫലപ്രദമായി സഹായിക്കാൻ സഭയ്ക്കു കഴിയും. സത്യത്തിൽ ദേശീയ - സംസ്ഥാന - പഞ്ചായത്ത് തലങ്ങളിലുള്ള അസംഖ്യം പ്രോഗ്രാമുകളെക്കുറിച്ച് നമ്മുടെ മിക്ക കുടുംബങ്ങൾക്കും വേണ്ടത്ര അറിവില്ല. ആ സഹായങ്ങൾ അവയ്ക്ക് ന്യായാനുസൃതം അവകാശപ്പെട്ടതാണ്. ഓരോ രൂപതയിലെയും സാമൂഹിക ക്ഷേമപ്രവർത്തന സെന്ററുകൾ ഇക്കാര്യങ്ങൾ ശ്രദ്ധിക്കുകയും അങ്ങനെ നമ്മുടെ കുടുംബങ്ങളെ സാമ്പത്തികമായി ഉറപ്പുള്ളതും സാമൂഹികമായി ഉയർന്നുപോകുന്നതുമാക്കാൻ സഹായിക്കണം. സഭ കുടുംബങ്ങളെ ശക്തീകരിക്കുകയും പരിശീലിപ്പിക്കുകയും വേണം. പ്രത്യേകിച്ച് അതിലെ എല്ലാ അംഗങ്ങൾക്കും സമഗ്ര പാരിസ്ഥിതിക വിദ്യാഭ്യാസം നല്കണം. ഫ്രാൻസീസ് പാപ്പായുടെ വാക്കുകൾ നമുക്ക് ഓർക്കാം: "കുടുംബത്തിൽ സമഗ്രമായ വിദ്യാഭ്യാസം നമുക്കു ലഭിക്കുന്നു. വ്യക്തിപരമായ പക്വതയിൽ സ്വരൈക്യത്തോടെ വളരുവാൻ അതു നമ്മെ സഹായിക്കുന്നു. നമുക്കു നല്കപ്പെട്ട ഒരു വസ്തുവിനെക്കുറിച്ചുള്ള ആത്മാർത്ഥമായ കൃതജ്ഞതയുടെ പ്രകാശനമായി, ആരും ആവശ്യപ്പെടാതെ തന്നെ നിനക്കു നന്ദി എന്നു പറയാൻ കുടുംബത്തിൽ നാം പഠിക്കുന്നു. നമ്മുടെ അക്രമവാസനയും അത്യാഗ്രഹവും നിയന്ത്രിക്കാനും നാം ആരെയെങ്കിലും ദ്രോഹിച്ചാൽ മാപ്പു ചോദിക്കാനും കുടുംബത്തിൽവച്ച് നാം പഠിക്കുന്നു. ഹൃദ്യമായ മര്യാദയുടെ ലളിതമായ ഈ പ്രകടനങ്ങൾ, പങ്കുവയ്ക്കപ്പെടുന്ന ജീവിതത്തിന്റെ സംസ്കാരത്തെയും നമ്മുടെ പരിതഃസ്ഥിതികളോടുള്ള ബഹുമാനത്തെയും സൃഷ്ടിക്കുന്നു."[21]

## ഉപസംഹാരം

30) വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ പറഞ്ഞതുപോലെ 'കുടുംബം ഭൂമിയിൽ സ്വർഗത്തിന്റെ സാദൃശ്യമാണ്'. അനേകം ക്രൈസ്തവ കുടുംബങ്ങൾ നല്കിയ പരസ്പരസ്നേഹത്തിന്റെയും ശ്രദ്ധയുടെയും മനോഹര സാക്ഷ്യത്തിന് നമ്മൾ ദൈവത്തെ സ്തുതിക്കുകയും നന്ദി പറയുകയും ചെയ്യുന്നു. നസ്രത്തിലെ തിരുക്കുടുംബത്തിന്റെ ഛായയിലുള്ള ഒരു യഥാർത്ഥ ക്രൈസ്തവകുടുംബത്തിന്റെ മാതൃകയും, പരമ പരിശുദ്ധത്രിത്വ

ത്തിന്റെ സാദൃശ്യത്തിലുള്ളതും മിശിഹായ്ക്ക് തന്റെ സഭയോടുള്ള സ്നേഹത്തെ പൂർണമായി ദൃഷ്ടാന്തീകരിക്കപ്പെട്ടതുമായ ഒരു യഥാർത്ഥ ക്രൈസ്തവവിവാഹവും, വ്യക്തിഗതവാദത്താലും സുഖലോലുപതയാലും വളരെ രോഗാതുരമായിരിക്കുന്ന ഇന്നത്തെ ലോകത്തിൽ, 'പ്രകാശവും ഉപ്പുമാണ്'. അതേസമയം തന്നെ അനേകം കുടുംബങ്ങൾക്കു പ്രശ്നങ്ങൾ ഉണ്ടെന്ന് സഭയ്ക്ക് ദുഃഖപൂർണമായ അവബോധവുമുണ്ട്. വിവാഹത്തിലേക്കും കുടുംബജീവിതത്തിലേക്കുമുള്ള സമുന്നതമായ ദൈവവിളിയോടൊപ്പം ദൈവം തന്റെ മക്കൾക്കു നല്കുന്ന അനുഗ്രഹങ്ങൾ ആസ്വദിക്കുന്നതിൽനിന്ന് ഈ പ്രശ്നങ്ങൾ അവരെ തടയുന്നു. വ്യക്തിപരമായ വിശ്വാസക്ഷയവും പൂർണമായും ഭൗതികവത്കരിക്കപ്പെട്ടിരിക്കുന്ന ഒരു ജീവിതവീക്ഷണത്തിന്റെ തീവ്രമായ ആഞ്ഞുപുല്കലുമാണ് വിവാഹവും കുടുംബവും ദൈവപദ്ധതിയിൽനിന്ന് അകലുന്നതിനുള്ള ഏറ്റവും ആഴമാർന്ന കാരണങ്ങൾ. അതിനാൽ, കുടുംബത്തെക്കുറിച്ചുള്ള ദൈവികപദ്ധതിയുടെ ശരിയായ ധാരണയും ദൈവത്തിന്റെ സ്വപ്നങ്ങൾക്കനുസരിച്ച് ജീവിതത്തെ വീണ്ടും രൂപപ്പെടുത്താനുള്ള ആത്മാർത്ഥമായ ശ്രമവും അടിയന്തിരമായ ആവശ്യമാണ്. ഈ ശ്രമത്തിൽ, ഈ പഠനരേഖയുടെ ആദ്യഭാഗത്തു ഹ്രസ്വമായി നല്കിയിരിക്കുന്ന കുടുംബത്തിന്റെ സുവിശേഷവും രണ്ടാംഭാഗത്ത് ചൂണ്ടിക്കാട്ടിയിരിക്കുന്ന ആധുനിക കുടുംബം നേരിടുന്ന വെല്ലുവിളികളുടെ വിവരണവും മൂന്നാംഭാഗത്ത് അവതരിപ്പിച്ചിരിക്കുന്ന ഇന്ന് കുടുംബജീവിതത്തിന്റെ ഗുണം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ചെയ്യേണ്ട പ്രായോഗികകാര്യങ്ങളുടെ സൂചനാത്മകവും അപൂർണവുമായ പട്ടികയും വലിയ സഹായമാകുമെന്ന് പ്രതീക്ഷിക്കുന്നു.

## ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

1) ക്രൈസ്തവകുടുംബത്തെക്കുറിച്ച് വിശുദ്ധ ഗ്രന്ഥവും സഭയുടെ പ്രബോധനാധികാരവും നല്കുന്ന പ്രബോധനത്തെക്കുറിച്ച് നമ്മുടെ കുടുംബങ്ങൾക്ക് എന്ത് അവബോധമാണുള്ളത്? കുടുംബദൈവശാസ്ത്രത്തിന്റെ ഏതേതു വശങ്ങളാണ് ഇന്ന് ഊന്നിപ്പറയേണ്ടത്?

2) കുടുംബത്തിൽ എല്ലാവർക്കും സ്ത്രീപുരുഷന്മാരുടെ തുല്യമഹത്ത്വത്തെക്കുറിച്ച് അവബോധമുണ്ടോ?

3) സീറോമലബാർ സമൂഹങ്ങളിൽ കുടുംബങ്ങളിലെ അംഗസംഖ്യ കുറയുന്ന പ്രശ്നത്തെ എങ്ങനെ നമുക്കു ഫലപ്രദ മായി നേരിടാനാവും?

4) ഇന്നത്തെ കുടുംബങ്ങൾ അഭിമുഖീകരിക്കുന്ന പ്രധാനപ്പെട്ട വെല്ലുവിളികൾ ഏവ? പ്രശ്നങ്ങളുടെ ഗൗരവം, അടിയന്തി രസ്വഭാവം എന്നിവയുടെ വെളിച്ചത്തിൽ പട്ടിക തയ്യാറാക്കുക.

5) യഥാർത്ഥ കുടുംബപ്രാർത്ഥനാനുഭവം കുടുംബ ങ്ങൾക്കുണ്ടോ? കുടുംബസമയങ്ങളുടെ, പ്രത്യേകിച്ച് കുടുംബ പ്രാർത്ഥനയുടെ, ഗുണംമെച്ചപ്പെടുത്താൻ വേണ്ട നിങ്ങളുടെ നിർദ്ദേ ശങ്ങളേവ?

## Endnotes

[1] *Catechism of the Catholic Church* (1994), 2202.
[2] *Catechism of the Catholic Church*, 2205.
[3] Pope John Paul II, *Familiaris Consortio*, (1981), 21.
[4] *Catechism of the Catholic Church*, 2207.
[5] Pope John Paul II, *Mulieris Dignitatem* (1988), 10.
[6] The Pontifical Council for Justice and Peace, *The Compendium of the Social Doctrine of the Church* (2004), 146, 147.
[7] Second Vatican Council, *Gaudium et Spes*, 22.
[8] "The *Consortium Vitae Coniugalis:* Nature and Application" in *Studia Canonica* 6, 1972.
[9] Second Vatican Council, *Lumen Gentium,* 11; Second Vatican Council, *Gaudium et Spes*, 48.
[10] Pope Francis, *Lumen Fidei,* 53.
[11] *Catechism of the Catholic Church*, 2205.
[12] Second Vatican Council, *Gaudium et Spes,* 52.
[13] Second Vatican Council, *Gaudium et Spes,*52.
[14] Pope John Paul II, *Familiaris Consortio*, 45.
[15] *The Compendium of the Social Doctrine of the Church,* 252-254.
[16] Pope Francis, *Laudato si',* 61.
[17] *Catechism of the Catholic Church*, 2202-2205.
[18] *Catechism of the Catholic Church*, 2215.
[19] *Catechism of the Catholic Church*, 2218.
[20] *Catechism of the Catholic Church*, 2221-2233; Pope John Paul II, *Familiaris Consortio*, 71.
[21] Pope Francis, *Laudato si',* 213.

## മൂന്നാം വിഭാഗം

# പ്രവാസികളുടെ ദൗത്യം വെല്ലുവിളികളും വീക്ഷണങ്ങളും

# ആമുഖം

1) ദൈവപരിപാലനയാൽ സീറോ മലബാർ സഭയ്ക്ക് ഇന്ന് ഒരു ആഗോളമാനം കൈവന്നിരിക്കുന്നു. ഇതിനുള്ള മുഖ്യകാരണം ഇരുപത്, ഇരുപത്തൊന്ന് നൂറ്റാണ്ടുകളിൽ ഉണ്ടായ പ്രവാസമെന്ന പ്രതിഭാസമാണ്. മാതൃദേശത്തുള്ള വിഭവങ്ങളുടെ അപര്യാപ്തതയും, ദൂരദേശങ്ങളിലും വിദേശങ്ങളിലുമുള്ള ജോലി സാധ്യതകളുമാണ് കൂടുതൽ പച്ചപ്പുള്ള പ്രദേശങ്ങൾ തേടിപ്പോകുവാൻ സീറോ മലബാർ വിശ്വാസികളെ പ്രേരിപ്പിച്ചത്. മാത്രമല്ല, കേരളത്തിലുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ ദൂരദേശങ്ങളിലേയ്ക്ക് യാത്ര ചെയ്യുവാൻ അവരെ സുസജ്ജരാക്കുകയും ചെയ്തു. ഇന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ താമസമുറപ്പിച്ചിരിക്കുന്ന പ്രവാസികൾ രണ്ടും മൂന്നും തലമുറകൾവരെ എത്തിയിരിക്കുന്നു. സ്വാഭാവികമായും, അവർ ആ ദേശത്തിന്റെ സന്താനങ്ങളായി പരിണമിക്കുകയും ചെയ്തിരിക്കുന്നു. തന്മൂലം, കേരളത്തിന്റെ അതിർത്തികളിൽ ഒതുങ്ങിയിരുന്ന സീറോ മലബാർ സഭ, തോമാശ്ലീഹായുടെ പ്രേഷിതചൈതന്യം ഉൾക്കൊണ്ട് വ്യത്യസ്തമായ ഭാഷാ-മത-സാംസ്കാരിക പശ്ചാത്തലങ്ങളിൽ ഈശോമിശിഹായുടെ സുവിശേഷം പ്രഘോഷിക്കുകവഴി ഇന്ന് ആഗോളസഭയായി വളർന്നിരിക്കുന്നു.

## 1. പ്രവാസത്തിന്റെ ബൈബിളധിഷ്ഠിതവും ദൈവശാസ്ത്രപരവുമായ കാഴ്ചപ്പാടുകൾ:

2) **വിശുദ്ധഗ്രന്ഥ വീക്ഷണങ്ങൾ:** ബൈബിളെന്നത് പ്രവാസത്തിന്റെ പുസ്തകവും, യാത്രയിലായിരിക്കുന്ന ജനതകളുടെ ചരിത്രവുമാണ്. വിജയപരാജയങ്ങളും, സുഖദു:ഖങ്ങളും, പ്രതിസന്ധികളും പരീക്ഷണങ്ങളും, പ്രത്യാശകളും നിരാശകളും അനുഭവിച്ചുകൊണ്ട് ഓരോവ്യക്തിയും നിത്യതയെ ലക്ഷ്യമാക്കി പ്രയാണം ചെയ്യുന്നു. ദൈവപദ്ധതിയനുസരിച്ച് യാത്ര ചെയ്യുവാൻ അബ്രാഹത്തിന് ലഭിച്ച വിളി, തന്റെ വീട് വിട്ട് ഫിലിസ്ത്യരുടെ നാട്ടിൽ താമസസ്ഥലം തേടുന്ന ഇസഹാക്ക്, ഫിലിസ്ത്യരുടെ നാട്ടിൽ നിരാകരിക്കപ്പെടുന്ന അദ്ദേഹത്തിന്റെ ദുരനുഭവം, വിദേശിയായ ജോസഫ് ഈജിപ്തിനെ ദാരിദ്രത്തിൽ നിന്ന് രക്ഷിച്ചതിനെ തുടർന്ന് ഈജിപ്തിന്റെ കാര്യസ്ഥനായിത്തീരുവാനുള്ള നിയമനം; പരിചിതമായ ചുറ്റുപാടുകളിൽ നിന്ന് അജ്ഞാത വഴികളിലൂടെ നയിക്ക

പ്പെടുന്ന ഗോത്രപിതാക്കന്മാർ; എന്നിങ്ങനെ പ്രവാസത്തിന്റെ ധാരാളം ഉത്തമോദാഹരണങ്ങൾ പഴയനിയമത്തിൽ കണ്ടെത്തുവാൻ നമുക്കു കഴിയും.[1] ഇവയെല്ലാം ആധുനിക കാലഘട്ടത്തിലുള്ള പ്രവാസത്തിന്റെ പൂർവമാതൃകകളാണ്. ഈ സംഭവങ്ങളോരോന്നും ദൈവീകപദ്ധതിയിലും, ദൈവികപരിപാലനയിലും ആശ്രയിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. ഈ അർത്ഥത്തിൽ പ്രവാസികൾ പ്രത്യേകമായ ലക്ഷ്യത്തോടുകൂടി തിരഞ്ഞെടുക്കപ്പെട്ട് നയിക്കപ്പെടുന്ന ദൈവജനമാണ്.

3) ഈശോയുടെ ജീവിതമെന്നത് മനുഷ്യസഞ്ചാരത്തിന്റെ സാക്ഷ്യമാണ്. മാതാപിതാക്കന്മാരോടൊത്ത് ഈശോ ബെത്‌ലേഹമിലേയ്ക്കും പിന്നീട് ഈജിപ്തിലേയ്ക്കും, പരസ്യജീവിതത്തിനായി പലസ്തീനായിലേയ്ക്കും യാത്ര ചെയ്തു. മാത്രമല്ല, കർത്താവിന്റെ വിചാരണയും, പീഡാസഹനവും, കുരിശുമരണവും വിവിധ സ്ഥലങ്ങളിൽ വച്ചായിരുന്നു. സമൂഹത്തിന്റെ താഴ്ന്ന തലങ്ങളിലുള്ളവരുമായി ഈശോ തന്നെത്തന്നെ താദാത്മ്യപ്പെടുത്തി. സുവിശേഷം പ്രഘോഷിക്കുവാനായി ഈശോയുടെ ശിഷ്യന്മാർ വിദൂര സ്ഥലങ്ങളിൽ ചുറ്റി സഞ്ചരിച്ചു. പ്രവാസി സമൂഹങ്ങളുടെ ക്ഷേമത്തിനായി ആദിമ ക്രൈസ്തവ സമൂഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. കൂടാതെ, ദൈവനാമത്തിൽ, അവർ സമത്വവും നീതിയും പ്രഘോഷിക്കുകയും ചെയ്തു.[2] അപരിചിതരെ സ്നേഹിക്കുവാനും അവർക്ക് ആതിഥ്യമരുളുവാനും, ആദിമസഭാംഗങ്ങൾക്ക് പ്രത്യേകം നിർദ്ദേശം ലഭിച്ചിരുന്നു. കാരണം അപരിചിതരെ സ്വാഗതം ചെയ്യുകയെന്നത് നീതിപൂർവമായ പ്രവൃത്തിയായി അവർ മനസ്സിലാക്കിയിരുന്നു.

4) **സഭാത്മാകമായ ക്രമീകരണങ്ങൾ**: ആദിമകാലം മുതൽതന്നെ സഭ അതിന്റെ അജപാലനാപരമായ ദൗത്യം ഗൗരവതരമായി കരുതിയിരുന്നു. ആദിമ നൂറ്റാണ്ടുകളിൽ തന്നെ അതതു സ്ഥലങ്ങളിലെ സഭാ വിശ്വാസികളുടെ മേൽ പാത്രിയർക്കീസുമാർക്കും മറ്റു പിതാക്കന്മാർക്കുമുള്ള അധികാര ചട്ടങ്ങൾ ഏർപ്പെടുത്തിയിരുന്നു. ആദ്യത്തെ സാർവത്രിക സൂനഹദോസായ നിഖ്യായുടെ (325) കാനോനകളിൽ നാം ഇങ്ങനെ വായിക്കുന്നു. 'ഈജിപ്ത്, ലിബിയ, പെന്റാപോളിസ്, തുടങ്ങിയ പ്രദേശങ്ങളിലെ പുരാതനപാരമ്പര്യങ്ങൾ തീർച്ചയായും സംരക്ഷിക്കപ്പെടണം.

നാലാം ലാറ്ററൻ സൂനഹദോസിന്റെ (1215) കാനോനയനുസരിച്ച് വിവിധ ഭാഷകൾ സംസാരിക്കുന്ന മനുഷ്യർ ഒരേ നഗരത്തിൽ അഥവാ ഒരേ രൂപതയിൽ പല സ്ഥലങ്ങളിലും ഉള്ളതിനാലും, അവർ ഒരേ വിശ്വാസമുള്ളവരും എന്നാൽ വ്യത്യസ്തമായ ആരാധനക്രമങ്ങളും രീതികളും ഉള്ളവരായതിനാലും, സഭാപിതാക്കന്മാർക്കു താഴെ പറയുന്ന കാര്യങ്ങളിൽ കൃത്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്... വ്യത്യസ്തമായ ആരാധന ക്രമങ്ങളിലും ഭാഷകളിലും ആഘോഷപൂർവം വിശുദ്ധ കർമങ്ങൾ അനുഷ്ഠിക്കുവാനും കൂദാശകൾ പരികർമം ചെയ്യുവാനും, വാക്കുകളിലൂടെയും നല്ല മാതൃകകളിലൂടെയും ഉപദേശിക്കുവാനും അനുയോജ്യരായവരെ പ്രദാനം ചെയ്യണം.

5) പന്ത്രണ്ടാം പീയൂസ് മാർപാപ്പ 1952-ൽ പുറപ്പെടുവിച്ച *എക്സുൾ ഫമീലിയ* (Exsul familia) എന്ന പ്രമാണരേഖ പ്രവാസികൾക്കായുള്ള അജപാലനശുശ്രൂഷയുടെ മാഗ്നാക്കാർട്ട ആയി കരുതപ്പെടുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ,[4] *പാസ്തൊറാലിസ് മിഗ്രതോരും കൂര* (pastoralis migratorum cura) എന്ന മോത്തുപ്രോപ്രിയൊ, പൗരസ്ത്യ പാശ്ചാത്യസഭാ നിയമസംഹിതകൾ, പ്രവാസികളുടെ അജപാലന കാര്യങ്ങൾക്കായുള്ള പൊന്തിഫിക്കൽ കൗൺസിൽ പുറപ്പെടുവിച്ച *Erga migrantes caritas Christi* (The love of Christ towards migrants)[5] എന്നീ രേഖകളിൽ ഇതേ വിഷയം വിപുലമായി വിശദീകരിച്ചിട്ടുണ്ട്. തങ്ങളുടെ മാതൃസഭകളുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് ആരാധന നടത്തുവാനുള്ള അവകാശം എല്ലാ ക്രിസ്തീയ വിശ്വാസികൾക്കും ഉണ്ട്. ഒരു സ്വയാധികാരസഭയുടെ അതിർത്തിക്കുള്ളിൽ മറ്റൊരു സ്വയാധികാരസഭയിലെ വിശ്വാസികൾ വേണ്ടത്ര ഉണ്ടെങ്കിൽ അവരുടെ അജപാലനാവശ്യങ്ങൾ പരിരക്ഷിക്കാൻ അവരുടെ തന്നെ സഭയിലെ വൈദീകർ, ഇടവകകൾ, എപ്പിസ്കോപ്പൽ വികാരിമാർ, എന്നിവ നൽകുവാൻ സഭാധികാരികൾ ശ്രദ്ധിക്കണം.[6] ഇത്തരത്തിലുള്ള ക്രമീകരണങ്ങൾ നടത്തേണ്ടത് അതാതു സ്ഥലങ്ങളിലെ മെത്രാന്മാരും മേജർആർച്ചുബിഷപ്പും തമ്മിലുള്ള പരസ്പര സമ്മതത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം. ഒരു സ്വയാധികാരസഭയിൽനിന്നും മറ്റൊരു സ്വയാധികാരസഭയിലേയ്ക്ക് അംഗത്വം മാറുവാൻ ഒരാളെ മറ്റൊരാൾ പ്രേരിപ്പിക്കുന്നത് സഭയുടെ കാനോനി

കനിയമം വിലക്കുന്നു. സഭാനിയമങ്ങളുടെ ചൈതന്യമനുസരിച്ച് മറ്റൊരു സഭാഅംഗത്വം എളുപ്പമായ രീതിയിൽ തിരഞ്ഞെടുക്കുവാൻ ആരെയും അനുവദിക്കുന്നില്ല. എല്ലാ വിശ്വാസികളും തങ്ങളുടെ ആരാധനാക്രമത്തെ അറിയുവാനും നിലനിർത്താനും പരിരക്ഷിക്കുവാനും കടമയുള്ളവരാണ്.[7] ചുരുക്കിപ്പറഞ്ഞാൽ പ്രവാസികളോടൊന്നിച്ചുള്ള അജപാലനസഹഗമനം എല്ലാ സ്വയാധികാര സഭകളയുടെയും ഉത്തരവാദിത്വമാണ്; കൂദാശകളുടെയും കൂദാശാനുകരണങ്ങളുടെയും പരികർമ്മം, കുട്ടികളുടെയും യുവാക്കളുടെയും മുതിർന്നവരുടെയും വിശ്വാസപരിശീലനം, ഭക്തസംഘടനകളുടെ പ്രവർത്തങ്ങളെ ഏകോപിപ്പിക്കുകയും സുസാധ്യമാക്കുകയും ചെയ്യൽ, എന്നിവ ഈ ഉത്തരവാദിത്വത്തിന്റെ പരിധിയിൽ വരുന്നു.[8]

**2. പ്രവാസത്തിന്റെ സ്വഭാവവും സങ്കീർണ്ണതയും**

6) **പ്രവാസത്തിന്റെ അടിസ്ഥാന തത്വങ്ങൾ**: മനുഷ്യവംശത്തിന്റെ ചരിത്രംതന്നെ പ്രവാസത്തിന്റെ ചരിത്രമാണ്; പച്ചപ്പുകൾ തേടിയുള്ള സംഘാതമായ ഒരു സഞ്ചാരം. പൊതുവായി പറഞ്ഞാൽ, ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്തുക, പുതിയ ലക്ഷ്യങ്ങൾ നേടുക, അതിജീവനത്തിനായി പുതിയ അർത്ഥതലങ്ങൾ കണ്ടെത്തുക, ഭൂമിയിലെ അനിത്യമായ നിലനിൽപിന്റെ സാഫല്യം കൈവരിക്കുക തുടങ്ങിയവയാണ് പ്രവാസത്തിനുള്ള മുഖ്യകാരണങ്ങൾ. അഭയാർഥികൾ, സ്ഥിരജോലിക്കാർ, താത്കാലിക ജോലിക്കാർ, സമുദ്രയാത്രക്കാർ, വിവിധ രാജ്യക്കാരായ ഉദ്യോഗസ്ഥർ, നാടോടികൾ തുടങ്ങിയവർ പ്രവാസികളിൽ ഉൾപ്പെടുന്നു. സീറോ മലബാർ സഭയിൽ നിന്നുള്ള പ്രവാസികളിൽ അധികവും മെച്ചപ്പെട്ട വിദ്യാഭ്യാസത്തിനും തൊഴിലിനും കൃഷിക്കും വേണ്ടി വീടുവിട്ടിറങ്ങിയവരാണ്. കേരളമൊഴിച്ച് ഇന്ത്യയുടെ ഇതരസംസ്ഥാനങ്ങളിലും ഇന്ത്യയ്ക്കു പുറത്തും താമസമുറപ്പിച്ച പ്രവാസികൾക്ക് അവരുടെ മാതൃസഭയുടെ അജപാലനത്തിൽ നിന്ന് മാറിനിൽക്കേണ്ടി വരുന്നുണ്ട്. എങ്കിലും, തങ്ങൾ വാസമുറപ്പിച്ച ദേശത്തോടുള്ള അനുരൂപണത്തിലും ഉൾചേരലിലും ദേശീയ അന്തർദേശീയ പ്രവാസികൾക്കു ശ്രദ്ധേയമായ സമാനതകൾ കാണാവുന്നതാണ്.

7) **ആദ്യതലമുറയിലെ പ്രവാസികളുടെ അനുരൂപണം**: മറ്റൊരു സംസ്കാരത്തിലേക്കും ഭാഷയിലേക്കും പരിസ്ഥിതിയിലേക്കും

പറിച്ചുനടപ്പെടുമ്പോൾ പ്രവാസികൾക്ക് തങ്ങളുടെ ഉറ്റ സ്നേഹിതരേയും ബന്ധുക്കളേയും നഷ്ടപ്പെടുന്നു. പക്ഷേ അവരുടെ നഷ്ടബോധം സാമ്പത്തിക അഭിവൃദ്ധിക്കുവേണ്ടിയുള്ള തീവ്രാഭിലാഷത്തിനു വഴിമാറിക്കൊടുക്കുന്നു. പ്രവാസികളുടെ ആദ്യതലമുറ കഠിനാദ്ധ്വാനികളും കഷ്ടപ്പാടുകൾ ഉൾക്കൊള്ളാൻ തയ്യാറുള്ളവരുമായിരുന്നു. അതിനാൽ അവർക്ക് ഏതു പുതിയ പരിസ്ഥിതിയിലും നിലയുറപ്പിക്കാൻ സാധിച്ചിരുന്നു. വികസിത രാജ്യങ്ങളിൽ മറ്റെവിടുത്തെക്കാളും അനായാസമായി അനുരൂപണവും ഉൾചേരലും സാധ്യമാണ്. ഈ അവസ്ഥയിൽ സ്വാഭാവികമായും തങ്ങളുടെ ഭാവിവളർച്ചയ്ക്ക് വിഘ്നമായി നിൽക്കുന്ന പൂർവ്വ സാംസ്കാരിക തനിമയെ നിർബന്ധിതമായോ സ്വമനസ്സാലെയോ അവർ ഉപേക്ഷിക്കുന്നു. എങ്കിലും ഇപ്പോഴും അവരുടെ ഗൃഹാതുരത ഇന്നലെകളിലെ അവരുടെ സാംസ്കാരിക സത്തയെ പ്രോജ് വലിപ്പിക്കുന്നു. ആദ്യതലമുറയിൽപ്പെട്ട പ്രവാസികൾക്ക് തങ്ങളുടെ പുതിയ സാഹചര്യങ്ങളോടു പൂർണമായും ഇണങ്ങിച്ചേരാനായിട്ടില്ലെങ്കിലും അവയോട് പൊരുത്തപ്പെട്ടുപോകുവാൻ അവർ ശ്രമിക്കുന്നു.

8) **മണ്ണിന്റെ മക്കളുടെ ഉൾചേരൽ:** പ്രവാസികളുടെ രണ്ടും മൂന്നും തലമുറകൾ അവർ ചേക്കേറുന്ന നാട്ടിലെ ഭാഷയെ സ്വന്തം ഭാഷയായി സ്വീകരിക്കുന്നു. എന്നാൽ സ്വഭവനങ്ങളിലാകട്ടെ തങ്ങളുടെ മാതാപിതാക്കളുടെ ഭാഷതന്നെ സംസാരിക്കുകയും ചെയ്യുന്നു. ഇത് അവരിൽ രണ്ടു ലോകം സൃഷ്ടിക്കുന്നു. അതുകൊണ്ട് ഇരുഭാഷകളോടും ഒരേപോലുള്ള മമത വളർത്താൻ അവർ നിർബന്ധിതരാകുന്നു. മാതാപിതാക്കൾ മിക്കവാറും തങ്ങളുടെ പഴയ പാരമ്പര്യങ്ങളെയും സമ്പ്രദായങ്ങളെയും കുറിച്ച് വലിയ അഭിമാനത്തോടെ സംസാരിക്കുകയും നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന മൂല്യങ്ങളെക്കുറിച്ചു മക്കളെ ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു. ഇത്തരമൊരവസ്ഥയിൽ അനുരൂപണം വളരെ ശ്രമകരമാണ്. കുട്ടികൾക്കാകട്ടെ സാംസ്കാരികമായ ഒരു സന്നിഗ്ദ്ധാവസ്ഥയെ നേരിടേണ്ടിവരികയും വരുന്നു. അവർ പുതിയ ചുറ്റുപാടിലെ ആവശ്യതകളോട് പൊരുത്തപ്പെടുകയും മാതാപിതാക്കളുടെ അനുഭവജ്ഞാനത്തിന്റെ കാതൽ നിലനിർത്തുവാൻ പ്രേരിതരാവുകയും ചെയ്യുന്നു. അതോടെ ഒരു മധ്യമാർഗം (middle position) തെരഞ്ഞെടുക്കാൻ അവർ സ്വയം പഠിക്കുന്നു. ഒന്നുകിൽ തങ്ങളുടെ മാതാ

പിതാക്കളുടെ അനന്യത പൂർണമായും നഷ്ടപ്പെടുത്തുക, അല്ലെങ്കിൽ അതു പുതിയ സംസ്കാരത്തോടു സമഗ്രമായി ലയിപ്പിക്കുക എന്നിങ്ങനെയുള്ള അവരുടെ ചിന്തകൾ ആദർശത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നവയാണ്. രണ്ടാം തലമുറ ഈ സങ്കീർണപ്രശ്നത്തിലൂടെ കടന്നുപോകുന്നവരാണെങ്കിലും മൂന്നാം തലമുറയിലും തുടർന്നു വരുന്നവരിലും പുതിയ സംസ്കാരത്തിലേയ്ക്കുള്ള ഈ ഉൾചേരൽ താരതമ്യേന എളുപ്പമാണ്.

9) **പ്രവാസത്തിന്റെ സങ്കീർണത**: ദേശീയ അന്തർദേശീയ പ്രവാസികൾ അനേകം സാമൂഹിക-രാഷ്ട്രീയ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നുണ്ട്. തദ്ദേശീയപ്രവാസികൾ മതം, ഭാഷ, സംസ്കാരം എന്നിവയിലെ വ്യത്യസ്തകളുമായി ബന്ധപ്പെട്ട നിരവധി പ്രശ്നങ്ങൾ അഭിമുഖീകരിക്കുമ്പോൾ, അന്തർദേശീയ പ്രവാസികളാകട്ടെ അതതു രാജ്യത്തിന്റെ സാമൂഹിക-സാംസ്കാരിക-സാമ്പത്തിക സംവിധാനങ്ങൾക്ക് ഭീഷണി ഉയർത്തുന്നവരായി ലോകരാഷ്ട്രങ്ങൾ വിലയിരുത്തുന്നുവെന്ന പ്രശ്നമാണ് നേരിടുന്നത്. അന്തർദേശീയ പ്രവാസികൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

1. സ്വന്തം സമ്പദ്ഘടനയുടെ സുസ്ഥിതിക്കു ഭീഷണിയായി പ്രവാസികളെ നോക്കിക്കാണുന്ന തദ്ദേശീയർ.

2. വർഗീയവും വംശീയവുമായ വിവേചനത്തിന്റെ ഫലമായി ഉണ്ടാകുന്ന ശാരീരിക മാനസിക പീഡനങ്ങൾ.

3. പ്രവാസികളുടെ ജോലിസമയത്തിന്റെ ദൈർഘ്യത്തെക്കുറിച്ചുള്ള വിവാദങ്ങൾ, അപര്യാപ്തമായ തൊഴിൽവ്യവസ്ഥകൾ, ശമ്പള നിരക്ക്, പോഷകാഹാരക്കുറവ്, താമസസൗകര്യങ്ങളുടെ അഭാവം.

4. പ്രവാസികളിൽ ചിലർ സഹിക്കുന്ന മാനസിക പിരിമുറുക്കവും നഷ്ടബോധവും.

5. തൊഴിലവസരങ്ങളെക്കുറിച്ചുള്ള കാര്യങ്ങളിൽ മണ്ണിന്റെ മക്കളും പ്രവാസികളും തമ്മിലുള്ള അസമത്വവും അസ്വസ്ഥതകളും.

6. പ്രവാസികൾക്കു പൗരാവകാശങ്ങൾ നിഷേധിക്കുന്ന ചില രാജ്യങ്ങളുടെ നിലപാടുകൾ.

## 3. സീറോ മലബാർ പ്രവാസം: ചരിത്രവും വളർച്ചയും

10) അധിനിവേശകാലഘട്ടങ്ങളിൽ (Colonial Period) ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്കുള്ള പ്രവാസം താരതമ്യേന ചെറിയ തോതിലായിരുന്നു. ഭാരതജനസംഖ്യയുടെ മൂന്നോ നാലോ ശതമാനം മാത്രമായിരുന്നു ഇത്. എന്നാൽ, ഈ കാലഘട്ടത്തിൽ ആയിരക്കണക്കിന് അവിദഗ്ധരായ തൊഴിലാളികളെ വടക്കേ ഇന്ത്യയിൽ നിന്ന് ബ്രിട്ടീഷുകാർ അവരുടെ വിദേശകോളനികളിലേക്ക് കൊണ്ടുപോയി. സ്വാതന്ത്ര്യാനന്തര കാലഘട്ടം വളരെ വ്യത്യസ്തമായിരുന്നു. 1950 ന്റെ അവസാനമായപ്പോഴേയ്ക്കും സീറോ മലബാർ വിശ്വാസികൾ ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്ക് പ്രയാണം ആരംഭിക്കുകയും 1960കളിൽ അതൊരു കൂട്ടായ മുന്നേറ്റമായി തീരുകയും 1980കളിൽ അതിന്റെ മൂർദ്ധന്യാവസ്ഥയിൽ എത്തുകയും ചെയ്തു. 1950 കളിൽ കുടിയേറിയതു കർഷകരും അവിദഗ്ധ തൊഴിലാളികളുമാണെങ്കിൽ, 1960കളിലാകട്ടെ ഹൈസ്കൂൾ വിദ്യാഭ്യാസം ഉള്ളവരെങ്കിലും സാങ്കേതിക വൈദഗ്ധ്യം കുറഞ്ഞവരായിരുന്നു കുടിയേറിയത്. 1970 മുതൽ നഴ്സുമാരുടെയും ഐടി (IT) വിദഗ്ധവരുടെയും വലിയ തോതിലുള്ള പ്രവാസകാലമായിരുന്നു. ആദ്യകാലഘട്ടങ്ങളിൽ തികച്ചും പ്രാദേശികമായിരുന്ന പ്രവാസം പിന്നീട് അമേരിക്ക, കാനഡ, യു.കെ., അയർലണ്ട്, ഓസ്ട്രേലിയ, ന്യൂസിലാൻഡ്, യൂറോപ്പ് എന്നിവിടങ്ങളിലേക്ക് വ്യാപിച്ചു. 1960-കളിൽ എണ്ണപ്പാടങ്ങളിലുണ്ടായ അഭൂതപൂർവകമായ മുന്നേറ്റത്തിന്റെ ഫലമായി ഗൾഫ് രാജ്യങ്ങളിലേക്കു പ്രവാസികളുടെ ഒരു കുത്തൊഴുക്കുണ്ടായി. താരതമ്യേന സാങ്കേതിക പരിജ്ഞാനം ഇല്ലാത്തവരും കർമശേഷി കുറഞ്ഞവരുമായ പ്രവാസികൾക്ക് കുടിയേറിയ സമൂഹത്തിനുള്ളിൽ തനതായ ഒരു വ്യക്തിത്വം രൂപപ്പെടുത്തിയെടുക്കുന്നതിനുള്ള സാമ്പത്തിക ഭദ്രതയും ഭാഷാപരിജ്ഞാനവും ഇല്ലായിരുന്നു. എന്നാൽ വിദഗ്ധരായ ഉദ്യോഗാർത്ഥികൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതകളും ധനസ്ഥിതിയും കണക്കിലെടുത്തു പ്രവാസസ്ഥലത്തു തന്നെ സുസ്ഥിരജീവിതം കെട്ടിപ്പടുക്കുവാൻ മുൻ തലമുറയേക്കാൾ വേഗത്തിൽ സാധിച്ചു.

11) 1990-കളുടെ അവസാനത്തിൽ പ്രവാസം അതിന്റെ ഉച്ചസ്ഥാ

യിലെത്തി. ഈ കാലഘട്ടത്തിൽ ആഗോളവത്കരണം പ്രവാസത്തെ ത്വരിതപ്പെടുത്തുന്നതായി കാണാനാകും. ആയതിനാൽ പ്രവാസ സംസ്ക്കാരത്തിന്റെ ഭാവിയെക്കുറിച്ചു പ്രവചിക്കുക ബുദ്ധിമുട്ടേറിയതാണ്. വാസ്തവത്തിൽ, രണ്ടായിരമാണ്ടിനുശേഷം പ്രവാസം കീഴ്മറിയുന്നതിന്റെ അടയാളങ്ങൾ കണ്ടുതുടങ്ങി. വ്യവസായ വത്കരണത്തിന്റെ അഭാവം ഒരു കാലത്ത് കേരളത്തിൽനിന്നുള്ള പ്രവാസത്തിന് മുഖ്യകാരണമായെങ്കിൽ, പിന്നീട് കേരളത്തിൽ ഉടലെടുത്ത വ്യവസായ സ്ഥാപനങ്ങളും, ഏറിവന്ന തൊഴിൽ സാധ്യതകളും, സ്വയം പര്യാപ്ത സംഘങ്ങളുടെ രൂപീകരണവും സ്വാഭാവികമായി വന്നുചേർന്ന മറ്റു സാദ്ധ്യതകളും പ്രവാസ സംസ്കാരത്തെ ദുർബലപ്പെടുത്തി.

12) **സീറോ മലബാർ പ്രവാസികളിലെ വിവിധ വിഭാഗങ്ങൾ**: ഇപ്പോൾ സീറോ മലബാർ സഭയിൽ മൂന്നു തരം പ്രവാസികളുണ്ട്.

1. സ്ഥിരമായി പ്രവാസികളായി കഴിയുന്നവർ
2. മേൽത്തരം ജോലിസാധ്യതകൾ തേടി താത്കാലികമായി പ്രവാസം നടത്തുന്നവർ
3. പഠനത്തിനും തൊഴിലിനുമായി പ്രവാസികളായി കഴിയുന്ന വിദ്യാർത്ഥികളും അവിവാഹിതരുമായവർ.

ഇതിൽ ആദ്യത്തെ വിഭാഗത്തിൽപ്പെട്ട പ്രവാസികളുടെ മക്കൾ രണ്ടും അതിലപ്പുറവുമുള്ള തലമുറകളിലേക്കു വളർന്നു കഴിഞ്ഞു. തങ്ങൾ പ്രവാസികളാണെന്ന തോന്നൽ അവർക്കില്ല. തങ്ങൾ മണ്ണിന്റെ മക്കളാണെന്ന ഒരു ബോധ്യവും അവകാശവാദവും അവരുടെ ഇടയിലുണ്ട്. മേൽപ്പറഞ്ഞ പട്ടികയിൽ രണ്ടും മൂന്നും ഗണത്തിൽപ്പെട്ടവർ സീറോ മലബാർ സഭയിലെ മദ്ധ്യവയസ്കരടങ്ങുന്ന യുവവിഭാഗമാണ്. ലോകം മുഴുവനുമുള്ള സീറോ മലബാർ പ്രവാസി സമൂഹത്തിന്റെ ഇപ്പോഴത്തെ ശരാശരി വയസ് നാൽപതിൽ താഴെയാണ്. കേരളത്തിലെ കുടുംബങ്ങൾ വാർദ്ധക്യത്തിൽ എത്തുവാനും പ്രവാസി സമൂഹങ്ങൾ യുവത്വത്തിൽ നിലകൊള്ളുവാനുമുള്ള സാധ്യത ഈ വസ്തുത വെളിപ്പെടുത്തുന്നു.

13) **സ്ഥിതിവിവരക്കണക്ക്**: സീറോ മലബാർ സഭയിലുള്ള 49,00,000 വിശ്വാസികളിൽ 13 ലക്ഷത്തോളം ആളുകൾ ഇന്നു കേ

രളത്തിനു പുറത്ത് പ്രവാസികളായി കഴിയുന്നു. കേരളത്തിനു പുറത്ത്, എന്നാൽ ഇന്ത്യയിൽതന്നെയായി, അഞ്ചര ലക്ഷത്തിലധികവും ഇന്ത്യയ്ക്ക് വെളിയിൽ ഏഴര ലക്ഷവും പ്രവാസികളുണ്ടെന്നാണ് സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നത്. ഇന്ത്യയിലെ സീറോ മലബാർ രൂപതകൾക്ക് വെളിയിൽ ഉള്ള രണ്ടു ലക്ഷത്തിലധികം വരുന്ന സഭാവിശ്വാസികൾക്കും ഇന്ത്യയ്ക്കു പുറത്ത് ഗൾഫ് രാജ്യങ്ങൾ,[9] യൂറോപ്പ്, യു.കെ., അയർലണ്ട്, സിംഗപ്പൂർ, ആഫ്രിക്ക മുതലായ രാജ്യങ്ങളിലുള്ള അഞ്ചര ലക്ഷത്തോളം വരുന്ന വിശ്വാസികൾക്കും വേണ്ടി സീറോ മലബാർ സഭയുടെ അജപാലനസംവിധാനങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

14) **പ്രവാസികളുടെ അജപാലനത്തിനായി സ്വീകരിച്ച നടപടികൾ:** വിവിധങ്ങളായ പരിമിതികൾ ഉണ്ടായിരുന്നിട്ടും, സീറോ മലബാർ സഭ പ്രവാസികളുടെ പ്രശ്നങ്ങളിൽ സജീവമായി ഇടപെടുകയും അവരുടെ അജപാലന സംരക്ഷണത്തിനായി പലതരത്തിലുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. തെക്കൻ കേരളത്തിൽ നിന്നും വടക്കൻ കേരളത്തിലേക്കുള്ള പ്രവാസകാലം മുതൽ സഭ അവളുടെ ക്രിയാത്മകമായ ഇടപെടലുകളിലൂടെ ഫലവത്തായ രീതിയിൽ അജപാലനദൗത്യം നിർവ്വഹിച്ചിട്ടുണ്ട്. 1953ൽ തലശേരി രൂപത നിലവിൽ വരുകയും പിന്നീട് അതു അഞ്ചു രൂപതകളായി വിഭജിക്കപ്പെടുകയും ചെയ്തു. രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം, സഭാകൂട്ടായ്മയുടെ ദൈവശാസ്ത്രപഠനങ്ങളുടെ സ്വാധീനഫലമായി, സീറോ മലബാർ സഭ കേരളത്തിനു പുറത്തും വിദേശത്തും പ്രവാസികളായി കഴിയുന്നവർക്ക് തനതായ അജപാലനശുശ്രൂഷ നൽകേണ്ടതിന്റെ ഉത്തരവാദിത്വത്തെക്കുറിച്ചും സ്വന്തം തനിമയെക്കുറിച്ചും വളരെയേറെ ബോധവതിയായിത്തീർന്നു.

15) അജപാലനശുശ്രൂഷയ്ക്കായുള്ള ഉചിതമായ നടപടികൾ വേണമെന്നു പരിശുദ്ധ സിംഹാസനത്തോട് പ്രവാസത്തിന്റെ ആരംഭഘട്ടം മുതൽ സീറോ മലബാർ സഭ തുടർച്ചയായി അഭ്യർത്ഥിച്ചിരുന്നു. പ്രവാസികളുടെ ആവശ്യങ്ങളെന്തെന്നു മനസ്സിലാക്കുവാനും അതിനുള്ള പ്രതിവിധികൾ നിർദ്ദേശിക്കുവാനുമായി പരിശുദ്ധ സിംഹാസനം 1978-മുതൽ അപ്പസ്തോലിക് വിസിറ്റേറ്റേഴ്സിനെ നിയമിച്ചിരുന്നു. തുടർന്ന് 1988-ൽ കല്യാൺ രൂപതയും,

2001-ൽ ചിക്കാഗോയിലെ സെന്റ് തോമസ് രൂപതയും 2012-ൽ ഫരീദാബാദ് രൂപതയും 2014-ൽ മെൽബണിലെ സെന്റ് തോമസ് രൂപതയും നിലവിൽ വന്നു. 2015-ൽ എക്സാർക്കേറ്റ് സ്ഥാപിതമാകുന്നതുവരെ ചിക്കാഗോയിലെ മെത്രാനായിരുന്നു കാനഡയിലെ അപ്പസ്തോലിക് വിസിറ്റേറ്റർ. മെൽബണിലെ മെത്രാൻ ന്യൂസിലാൻഡിലെ അപ്പസ്തോലിക് വിസിറ്റേറ്ററായി 2014 മുതൽ ശുശ്രൂഷ ചെയ്തുവരുന്നു. കർണാടകയിലെ മണ്ഡ്യ രൂപത ബാംഗളൂരിലെ പത്തു ജില്ലകൾക്കൂടി ഉൾപ്പെടുത്തി 2015-ൽ വിപുലീകരിക്കുകയുണ്ടായി. ഇവിടെയെല്ലാം സഹോദരീസഭകൾ തമ്മിൽ സൗഹാർദപരമായ അന്തരീക്ഷമാണ് നിലനിൽക്കുന്നത്.

16) **പ്രവാസികളുടെ ഇടയിലെ അജപാലനശുശ്രൂഷ:** സീറോ മലബാർ സഭ പരിശുദ്ധ സിംഹാസനം വഴി നൽകപ്പെട്ട തീരുമാനങ്ങൾ നടപ്പിലാക്കിയതിനു പുറമെ, യൂറോപ്പ്, യൂ.കെ., അയർലണ്ട്, ആഫ്രിക്കാ, തുടങ്ങി വിവിധ വിദേശരാജ്യങ്ങളിലും ഇന്ത്യയിലെ പ്രധാന നഗരങ്ങളിലും പ്രവാസിസമൂഹങ്ങളിലും സീറോ മലബാർ വിശ്വാസികൾക്കായി പ്രത്യേകം അജപാലകരെ നിയോഗിച്ചിട്ടുണ്ട്. പ്രധാന സ്ഥലങ്ങളിലെ അജപാലന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനായി വൈദീക-അല്മായനേതൃത്വത്തെ ചുമതലപ്പെടുത്തിയിരിക്കുന്നു. ഇക്കാര്യങ്ങളുടെ ചുമതലയുള്ള മെത്രാന്മാർ ഇവിടെയെല്ലാം ഇടയനടുത്ത സന്ദർശനങ്ങൾ സമയാസമയങ്ങളിൽ നടത്തിവരുന്നു. പ്രവാസിസമൂഹങ്ങളിലെ പ്രതിനിധികളെ സഭാ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ചു നടന്ന ആഗോള സമ്മേളനത്തിലേക്കു ക്ഷണിക്കുകയുണ്ടായി. കൂടാതെ ഇടയലേഖനങ്ങൾ എല്ലാ പ്രവാസകേന്ദ്രങ്ങളിലേക്കും അയയ്ക്കുകയും ആരാധനാക്രമ-മതബോധനഗ്രന്ഥങ്ങൾ വിതരണം നടത്തുകയും ചെയ്യുന്നു. ഇന്ത്യയ്ക്കു പുറമെയുള്ളവർക്കായി, പ്രവാസികളുടെ സുവിശേഷവത്കരണത്തിനും അജപാലന ശുശ്രൂഷയ്ക്കും ആയുള്ള സീറോ മലബാർ കമ്മീഷൻ അനേക വർഷങ്ങളായി അക്ഷീണം പരിശ്രമിച്ചു വരുന്നു. ഇന്ത്യയ്ക്കകത്തുള്ള പ്രവാസികളുടെ ആവശ്യങ്ങൾ സംരക്ഷിക്കുന്നത് അപ്പസ്തോലിക് വിസിറ്റേറ്ററുടെ നേതൃത്വത്തിലുള്ള സാന്തോം മിഷനാണ്.

17) **പ്രവാസികളുടെ സംഭാവനകൾ:** സീറോ മലബാർ സഭയിലെ പ്രവാസികൾ ഒരുമിച്ചുചേർന്നു കൂട്ടായ്മകൾ രൂപീകരി

ക്കുകയും തങ്ങളുടെ സാമൂഹ്യവും സാംസ്കാരികവുമായ ജീവിതം അതതു പ്രദേശങ്ങളിൽ ആവിഷ്കരിക്കുകയും ചെയ്യുന്നു. ഇത്തരം കൂട്ടായ്മകളിൽ പുതിയ തലമുറയുടെ സജീവപങ്കാളിത്തം ശ്രദ്ധേയമാണ്. ഒരു മതേതര സമൂഹത്തിന്റെ സാംസ്കാരികവും രാഷ്ട്രീയവുമായ മണ്ഡലങ്ങളിൽ അവർ ക്രിയാത്മകമായി വർത്തിക്കുന്നു. ക്രിസ്തീയ കൂട്ടായ്മകളിലും ക്രിസ്തീയ സഭകൾക്കിടയിലും വിവിധ മതവിശ്വാസികൾക്കിടയിലും പ്രവർത്തിക്കുവാൻ പ്രവാസിസമൂഹങ്ങൾക്ക് നിരവധി അവസരങ്ങൾ ഉണ്ട്.[10] ക്രൈസ്തവ വിശ്വാസികളുടെ ഇടയിലും മറ്റു വിഭാഗങ്ങൾക്കിടയിലും തങ്ങൾക്കുള്ള എല്ലാ സൗകര്യങ്ങളും പരസ്പരം പങ്കുവച്ചുജീവിക്കുവാനും സമൂഹനന്മയ്ക്കായി ജീവകാരുണ്യപ്രവർത്തനങ്ങളിൽ ഏർപ്പെടുവാനുമുള്ള അവസരങ്ങൾ പ്രവാസി സമൂഹങ്ങൾ ഒരുക്കുന്നു.

18) പുരോഗതി കൈവരിച്ചു കൊണ്ടിരിക്കുന്ന പ്രവാസികൾ തങ്ങളുടെ സമ്പാദ്യത്തിന്റെ നല്ലൊരു പങ്കും സ്വദേശത്തേയ്ക്ക് അയക്കുന്നു. അതുവഴിയായി അവരുടെ കുടംബങ്ങളിലും ഇടവകകളിലും ഗ്രാമങ്ങളിലും മാത്രമല്ല, കേരള സംസ്ഥാനത്തിലും ഭാരതത്തിലൊട്ടാകെയും വൻതോതിലുള്ള സാമ്പത്തിക ഭദ്രത കൈവരുന്നു. ആയതിനാൽ, സീറോ മലബാർ സഭാംഗങ്ങളുടെ പ്രവാസ ജീവിതത്തിലൂടെ അവർ പറിച്ചുനടപ്പെട്ട ഇടങ്ങളിലെ പ്രാദേശിക സമൂഹങ്ങൾക്കു മാത്രമല്ല, മാതൃസഭയ്ക്കും മാതൃരാജ്യത്തിനും വളർച്ച ഉണ്ടാകുന്നുണ്ട്.

### 4. പ്രവാസികളുടെ വെല്ലുവിളികൾ

19) **വിശ്വാസത്തിന്റേയും പാരമ്പര്യത്തിന്റേയും കൈമാറ്റം:** പ്രവാസികൾ തങ്ങളുടെ മാതൃദേശത്തുനിന്ന് വ്യതിരിക്തമായ ഒരു പുതുമണ്ണിലേക്കു പറിച്ചുനടപ്പെട്ടവരാണ്. പുതുമണ്ണും സാഹചര്യങ്ങളും എപ്പോഴും അനുകൂലമല്ലാത്തതിനാൽ അവയെ വേണ്ടവിധം ഉൾക്കൊള്ളുവാൻ പ്രവാസികളെ സജ്ജമാക്കേണ്ടത് അവരുടെ വളർച്ചയ്ക്ക് അനിവാര്യമാണ്. തങ്ങളുടെ വിശ്വാസത്തേയും സഭയുടെ പാരമ്പര്യങ്ങളേയും സമന്വയിപ്പിച്ച് ജീവിക്കുവാൻ കഴിഞ്ഞ കാലങ്ങളിൽ പ്രവാസി കുടുംബങ്ങൾ വളരെയധികം പ്രയാസങ്ങൾ സഹിച്ചിരുന്നു. കുടുംബപാരമ്പര്യങ്ങൾ, പ്രാർത്ഥനകൾ, കുടുംബമൂല്യ സംവിധാനങ്ങൾ, സാംസ്കാരിക പാരമ്പര്യങ്ങൾ,

ആചാരാനുഷ്ഠാനങ്ങൾ, മുതലായവ വഴി അവർ തങ്ങളുടെ വിശ്വാസത്തെ സംരക്ഷിച്ചിരുന്നു. സീറോ മലബാർ സഭയുടെ തനതായ അജപാലനശുശ്രൂഷയുടെ അഭാവത്തിൽ, ആരാധനാക്രമവൈവിധ്യങ്ങളെ ഗൗനിക്കാതെ, ലഭ്യമായ ആരാധനാനുഷ്ഠാനങ്ങളിൽ പങ്കുചേരുവാൻ അവർ നിർബന്ധിതരായി തീർന്നു. പക്ഷേ മാതൃസഭയിലെ ആരാധനാനുഷ്ഠാനങ്ങളിൽ പങ്കുചേരേണ്ടതിന്റെ കടമയെക്കുറിച്ച് അവരിൽ നല്ലൊരു പങ്കും അവബോധമുള്ളവരായിരുന്നു. ഇത്തരുണത്തിൽ, അംഗീകാരമില്ലാത്ത യോഗങ്ങൾ, പ്രാർത്ഥനാകൂട്ടായ്മകൾ, സെക്ടുകൾ എന്നിവയിൽ നിന്ന് അകന്നിരിക്കുക എന്നത് മർമ്മപ്രധാനമാണ്. സത്യവിശ്വാസത്തിൽ നിന്നു വ്യതിചലിപ്പിക്കുന്ന ഇത്തരം സാഹചര്യങ്ങളിൽനിന്ന് അകന്നിരിക്കുവാൻ സഭാമക്കൾ അതീവശ്രദ്ധയുള്ളവരായിരിക്കണം.

20) സീറോ മലബാർ ആരാധനക്രമത്തിന്റെ ആഘോഷവും വിശ്വാസപരിശീലനവും (Catechism) പ്രവാസികളുടെ ഇടയിൽ വിശ്വാസ കൈമാറ്റത്തിനുള്ള വളരെ ഫലപ്രദമായ ഉപാധികളാണ്. ഇവ കാര്യക്ഷമമായി നടത്തുക എന്നത് സഭയുടെ കർത്തവ്യവും വെല്ലുവിളിയുമാണ്. പ്രവാസി സമൂഹങ്ങളിൽ ദീർഘനാളായി സീറോ മലബാർ ആരാധനക്രമത്തിൽ തുടർച്ചയായി പങ്കെടുക്കുന്ന വിശ്വാസികൾ കൂടുതൽ ഐക്യത്തിൽ ഒരു സമൂഹമായി ജീവിക്കുന്നതായി കാണുവാൻ സാധിക്കും. പ്രവാസി സമൂഹങ്ങളിലെ വിശ്വാസികൾ പല രൂപതകളിൽ നിന്നും വന്നുചേർന്നവരാകയാൽ, അവരെയെല്ലാം ഉൾക്കൊള്ളുന്നതിന് പ്രവാസി സമൂഹങ്ങളിൽ അർപ്പിക്കപ്പെടുന്ന ആരാധനക്രമവും കൂദാശകളും എപ്പോഴും സീറോ മലബാർ സിനഡ് അംഗീകരിച്ച ഗ്രന്ഥങ്ങളും അനുഷ്ഠാനവിധികളും (synodal formula) അനുസരിച്ചുള്ളതായിരിക്കണം.[11] പ്രവാസികൾ തങ്ങളുടെ ചെറുപ്പകാലങ്ങളിൽ തന്നെ മാതൃദേശത്തെ ഉപേക്ഷിക്കേണ്ടിവന്നതിനാൽ പല മാതാപിതാക്കളും അവരുടെ വിശ്വാസപാരമ്പര്യങ്ങളേയും അവയുടെ അർത്ഥങ്ങളേയുംകുറിച്ച് അജ്ഞരാണ്. പരമ്പരാഗതമായ വിശ്വാസപരിശീലന രീതികൾ പ്രവാസികളുടെ സാഹചര്യങ്ങളെയും ആവശ്യങ്ങളെയും വേണ്ടവിധം ഉൾക്കൊള്ളുവാൻ പലപ്പോഴും പര്യാപ്തമാകുന്നില്ല. എന്നാൽ ഈ ദൗത്യം ഫലപ്രദമായി നിർവ്വഹിക്കുവാൻ നമ്മുടെ വിശ്വാസപരിശീലനചക്രവാളങ്ങൾ ഇനിയും വിപുലമാക്കേ

ണ്ടിയിരിക്കുന്നു. സംഘടിതമായ വിശ്വാസപരിശീലന സാധ്യതകൾ ഇല്ലാതെ വരുമ്പോൾ സീറോ മലബാർ പാഠപുസ്തകങ്ങൾ ഉപയോഗിച്ചുകൊണ്ടു തങ്ങളുടെ മക്കളെ വിശ്വാസം പരിശീലിപ്പിക്കുവാനുള്ള ഉത്തരവാദിത്വം മാതാപിതാക്കൾ ഏറ്റെടുക്കണം. കുടുംബത്തിലെ മുതിർന്നവരിൽ വിശ്വാസവും ആധ്യാത്മികതയും പ്രോജ്വലിപ്പിക്കാൻ മുതിർന്നവർക്കുള്ള വിശ്വാസപരിശീലനവും (adult catechism) നടപ്പിലാക്കേണ്ടിയിരിക്കുന്നു.

21) പ്രവാസികൾക്കിടയിൽ ഭൂരിഭാഗവും യുവജനങ്ങളും യുവകുടുംബങ്ങളുമാണ്. ആധുനിക ആശയവിനിമയ സംവിധാനങ്ങൾ, ജീവിതശൈലികൾ, ആഘോഷങ്ങൾ മുതലായവ ഇവരെ ദ്രുതഗതിയിൽ സ്വാധീനിക്കുന്നു. നഗരങ്ങളിൽ ഒരു അജ്ഞാതത്വം (anonymity) നിലനിൽക്കുന്നതിനാൽ സഭയ്ക്ക് അതാതു സ്ഥലങ്ങളിലെ പ്രവാസികളെ തിരിച്ചറിയാൻ കഴിയുന്നില്ല. കാര്യക്ഷമമായ സംവിധാനങ്ങളുടേയും ആശയസംവേദന മാർഗ്ഗങ്ങളുടേയും അഭാവമാണ് ഈ ദുരവസ്ഥയ്ക്കു കാരണം. സ്വന്തം തൊഴിലിനും സാമ്പത്തിക ഭദ്രതയ്ക്കും സാമൂഹ്യജീവിത നിലവാരത്തിനും മുൻതൂക്കം കൊടുക്കുന്നതുമൂലം ആധുനിക തലമുറ അവരുടെ സമീപത്തുള്ള ഇടവകകൾ അന്വേഷിച്ചു കണ്ടെത്തുന്നതിനുപോലും വൈമുഖ്യം പുലർത്തുന്നു.

22) **കുടുംബബന്ധങ്ങൾ**: പ്രവാസി കുടുംബങ്ങൾ മിക്കവാറും അണുകുടുംബങ്ങളാണ്. ആഴമായ കുടുംബബന്ധങ്ങളുടെ അഭാവം മൂലം കെട്ടുറപ്പിന്റെ ബലം അവർക്ക് നഷ്ടമാകുന്നു. സാധാരണയായി പ്രവാസദേശങ്ങളിൽ ബന്ധുക്കൾ ഇല്ലാത്തതിനാൽ മാതാപിതാക്കൾ പൂർണമായും തങ്ങളുടെ മക്കളെ ആശ്രയിക്കേണ്ടിവരുന്നു. ഈ അവസ്ഥ അവരുടെ മക്കളുടെ കുടുംബജീവിതത്തെ സാരമായി ബാധിക്കുന്നു. ജോലിസ്ഥലങ്ങളിലെ ക്ലേശങ്ങളും പിരിമുറുക്കങ്ങളും, വർധിച്ചുവരുന്ന സാമ്പത്തികഭാരവും, വായ്പകളും, കുടുംബാംഗങ്ങളുടെ അസാന്നിദ്ധ്യത്താൽ വരുന്ന സഹായമില്ലായ്മയും മറ്റും യുവകുടുംബങ്ങളുടെ മാനസിക സമ്മർദ്ദത്തെ വർധിപ്പിക്കുകയും ജീവിതത്തിന്റെ ആവശ്യതകളോട് വേണ്ടവിധം പ്രത്യുത്തരിക്കുവാൻ അവർ കഷ്ടപ്പെടുകയും ചെയ്യുന്നു. ജോലിസ്ഥലങ്ങളിൽനിന്നും വളരെ വൈകി എത്തുന്നതുമൂലം പ്രാർത്ഥനാജീവിതവും കുടുംബജീവിതത്തിലെ കടമകളും അവ

ഗണിക്കുവാൻ അവർ നിർബന്ധിതരമാകുന്നു.

23) വിശ്വാസത്തിൽ വളരാൻ കുട്ടികൾക്കു നല്ല മാതൃകകളും സാക്ഷ്യങ്ങളും ആവശ്യമാണ്. മുൻകാലങ്ങളിൽ വല്യപ്പന്മാരും വല്യമ്മമാരും അവരുടെ പേരക്കുട്ടികൾക്കു വിശ്വാസം കൈമാറിയിരുന്നു. എന്നാൽ ഇന്നത്തെ പ്രവാസസാഹചര്യങ്ങളിൽ യുവകുടുംബങ്ങൾ മാതാപിതാക്കളെ വിട്ടു ചെറിയ ഫ്ളാറ്റുകളിലൊ വീടുകളിലൊ മാറിത്താമസിക്കുന്നതിനാൽ മേൽപ്പറഞ്ഞ വിധത്തിലുള്ള വിശ്വാസ കൈമാറ്റത്തിനുള്ള അവസരങ്ങൾ ഇല്ലാതാവുന്നു.

24) **വിവാഹങ്ങൾ**: സീറോ മലബാർ സഭയ്ക്കു വിവാഹ സമ്പ്രദായത്തെയും കുടുംബജീവിതത്തെയും സംബന്ധിച്ചു വളരെ സമ്പന്നമായ പാരമ്പര്യങ്ങളും പൈതൃകവുമുണ്ട്. ഇതു നൂറ്റാണ്ടുകളായി നമ്മുടെ പൂർവപിതാക്കന്മാർ അചഞ്ചലമായ വിശ്വാസത്തോടെ നിധിപോലെ കാത്തുസൂക്ഷിച്ചു കൈമാറിയ അമൂല്യ സമ്പത്താണ്. വിവാഹത്തിലെ വിശുദ്ധിയും വിശ്വസ്തതയും ഉയർത്തിപ്പിടിച്ചുകൊണ്ട് കുടുംബങ്ങളുടെ കെട്ടുറുപ്പും പ്രശസ്തിയും അവർ നിലനിർത്തുകയും പ്രവാസ സ്ഥലങ്ങളിലെ വ്യത്യസ്ത സംസ്കാരങ്ങളിലുള്ളവർ പോലും അനുകരിക്കത്തക്ക വിധത്തിൽ ഈ പൈതൃകവും പാരമ്പര്യവും മുമ്പോട്ടു കൊണ്ടുപോവുകയും ചെയ്തിരുന്നു. എന്നാൽ ആഗോളവത്കരണസംസ്കാരത്തിന്റെ പ്രവണതകളായ, ഉപഭോഗ സംസ്കാരം, അണുകുടുംബവ്യവസ്ഥ, പാശ്ചാത്യസംസ്കാരത്തിന്റെ അനുകരണം, സാങ്കേതികശാസ്ത്രത്തിന്റെ വളർച്ച, അതിന്റെ ദുരുപയോഗം, സ്വന്തം തൊഴിലിനോടുള്ള അമിതമായ ആസക്തി മുതലായവ പ്രവാസിക കുടുംബങ്ങളുടെ അടിവേരിളക്കുവാൻ പലപ്പോഴും കാരണമാകുന്നു. ഉന്നതമായ കുടുംബമൂല്യങ്ങളെ സംരക്ഷിക്കുവാൻ സഭ ഇത്തരം പ്രശ്നങ്ങളെ ഗൗരവമായി കണക്കിലെടുക്കേണ്ടിയിരിക്കുന്നു.

25) മിശ്രവിവാഹങ്ങളും (mixed marriages) വ്യത്യസ്ത മതവിഭാഗങ്ങളിൽപ്പെട്ടവർ തമ്മിലുള്ള വിവാഹങ്ങളും (disparity of cult marriages) പ്രവാസികളുടെ ഇടയിൽ വർധിച്ചുവരികയാണ്. പരമ്പരാഗതമായ രീതിയിൽ, മുൻകൂട്ടി നിശ്ചയിച്ചുറപ്പിച്ചു വിവാഹിതരാവുന്നവരുടെ എണ്ണം 60-70 ശതമാനത്തോളമായി കുറഞ്ഞുപോയിരിക്കുന്നു. ജീവിതപങ്കാളിയെ തെരഞ്ഞെടുക്കാനുള്ള വ്യ

ക്തിസ്വാതന്ത്ര്യത്തിന്റെ അടയാളമായി പ്രേമവിവാഹങ്ങൾ കരുതപ്പെടുന്നു. ആൺ-പെൺ സൗഹൃദത്തെ മഹത്വീകരിക്കുന്ന വിദ്യാലയങ്ങളിലും കലാലയങ്ങളിലുമാണു ഭൂരിഭാഗം കത്തോലിക്കാ കുട്ടികളും പഠിക്കുന്നത്. സ്വന്തം സമുദായത്തിൽ നിന്നും തനിക്കു ചേർന്ന ജീവിതപങ്കാളിയെ കണ്ടുപിടിക്കാൻ സാധിക്കുന്നില്ലെന്നുള്ളതും, നാൽപതുകളിലും വിവാഹം നടക്കാതെ പോകുന്നതിലെ അനിശ്ചിതത്വവും, ജീവിതത്തെക്കുറിച്ചു വ്യക്തമായ വീക്ഷണങ്ങൾ ഇല്ലാതെപോകുന്നതും ആഡംബര രീതികളും, ഇടയ്ക്കിടെ കൂട്ടുകാരുമൊത്തുള്ള വാരാന്ത്യഒത്തുചേരലുകളും, മാനുഷിക, കുടുംബ മൂല്യങ്ങളുടെ ഗുരുതരമായ ശൈഥില്യവും, സ്വാർത്ഥബുദ്ധിയും, സ്വകേന്ദ്രീകൃത ജീവിതവുമെല്ലാം പ്രവാസികളിലെ യുവതലമുറയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

26) **നിശ്ചിത അധികാരപരിധിക്കു (Proper territory) പുറത്തുള്ളവരുടെ അജപാലന ശുശ്രൂഷയിലെ നിബന്ധനകൾ**: സീറോ മലബാർ സഭയെ അഞ്ചു പ്രവിശ്യകളായി അതിർത്തി നിർണ്ണയിച്ചതു ലോകം മുഴുവനുമുള്ള അവളുടെ മക്കൾക്കു ഫലപ്രദമായ അജപാലന ശുശ്രൂഷ നൽകുന്നതിനു തടസമായിത്തീർന്നു. പരിശുദ്ധ സിംഹാസനം മതിയായ മാർഗരേഖകളും കാനോനിക ചട്ടങ്ങളും രൂപീകരിച്ചിട്ടുണ്ടെങ്കിലും സിംഹഭാഗം പ്രവാസികൾക്കും തൃപ്തികരമായ അജപാലന ശുശ്രൂഷ ലഭിക്കുന്നില്ല. ആരാധനക്രമജീവിതം, വിശ്വാസപരിശീലനം, സഭയുടെയും കുടുംബങ്ങളുടെയും വിശ്വാസ പാരമ്പര്യങ്ങളിൽ നിന്നുമുള്ള അന്യവത്കരണം, എന്നിവ ഇന്നു പ്രവാസികൾ അഭിമുഖീകരിക്കുന്ന ഗുരുതരമായ പ്രശ്നങ്ങളാണ്. ഇന്ത്യയുടെ ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ ഒരുവൻ തന്റെ സ്വന്ത നാട്ടിൽ ഒരു പ്രവാസിയായിരിക്കുന്നതിലെ അസാധാരണത്വം ഇന്നത്തെ ഗൗരാവമായ ഒരു പ്രശ്നമാണ്. പ്രവാസികളായ വിശ്വാസികളുടെ എണ്ണം പരിഗണിക്കുമ്പോൾ, ലത്തീൻ സഭക്കോ സീറോ മലബാർ സഭക്കോ കൃത്യമായ സ്ഥിതിവിവര കണക്കുകളില്ല. സീറോ മലബാർ പ്രവാസികൾക്കു ആവശ്യമായ അജപാലന ശുശ്രൂഷ ലഭ്യമാക്കുവാൻവേണ്ടി സഭാനിയമങ്ങൾ അതിന്റെ കൃത്യമായ പരിപ്രേക്ഷ്യത്തിലൂടെ മനസിലാക്കുവാൻ ശ്രമിക്കുകയും അവയെ നടപ്പിലാക്കുവാൻ ക്ലേശവും കരുതലുകളും എടുക്കുകയും ചെയ്ത

ലത്തീൻ സഭയിലെ മെത്രാന്മാരുടെ സ്തുത്യർഹമായ സേവനത്തെ സീറോ മലബാർ വിശ്വാസികൾ ഏറെ വിലമതിക്കുന്നുണ്ട്. എന്നിരുന്നാലും, ലത്തീൻ സഭയിൽപ്പെട്ട ചില അധികാരികളും വൈദീകരും സഭാപഠനങ്ങളെക്കുറിച്ചുള്ള പ്രകടിതമായ അജ്ഞതകൊണ്ട്, സീറോ മലബാർ വിശ്വാസികൾക്കായുള്ള അജപാലനശുശ്രൂഷ പ്രവാസി സമൂഹങ്ങളിൽ അനൈക്യം സൃഷ്ടിക്കുമെന്ന് കരുതുന്നു. സംവാദത്തിലൂടെയും ലത്തീൻ മെത്രാന്മാരുമായുള്ള സഹകരണത്തിലൂടെയും മാത്രമേ ഇതിനു ഫലപ്രദമായ പരിഹാരം കാണാൻ സാധിക്കൂ. സീറോ മലബാർ സഭയിൽ നിന്നും നിസഹകരിച്ചു മാറിനിൽക്കുകയും ലത്തീൻ ഇടവകകളിൽ ഭാഗികമായി ചേരുകയും ചെയ്തിട്ടുള്ള പ്രവാസികളെ തിരിച്ചുകൊണ്ടുവരുന്നതിന് സംഘടിതമായ പ്രയ്തനം ആവശ്യമാണ്.

27) **കേരളത്തിലേക്കുള്ള പ്രവാസം:** ഭാരതത്തിന്റെ അന്യസംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേയ്ക്കുള്ള പ്രവാസം നമ്മുടെ പ്രത്യേക ശ്രദ്ധ അർഹിക്കുന്ന ആധുനിക പ്രതിഭാസമാണ്. കേരളത്തിലെ ആകെ ജനസംഖ്യയിൽ ഏകദേശം 7% ശതമാനം ആളുകൾ അന്യസംസ്ഥാനങ്ങളിൽനിന്നുള്ളവരാണ്. മിഷൻ രൂപതകളിലും പ്രവാസികൾക്കുവേണ്ടിയുള്ള രൂപതകളിലും ഇതേ സ്ഥിതിവിശേഷം തന്നെയാണ് നിലവിലുള്ളത്. പ്രവാസികളായി എത്തുന്നവരെ സ്വീകരിക്കുവാൻ നമ്മുടെ സഭ സജ്ജമായിരിക്കേണ്ടതാണ്. മറ്റ് സഭകളിലെ കത്തോലിക്കർക്കും വിവിധ വിഭാഗങ്ങളിൽപ്പെട്ട അകത്തോലിക്കരായ ക്രിസ്ത്യൻ പ്രവാസികൾക്കും അജപാലനശുശ്രൂഷ ആവശ്യമുണ്ട്.[12] പ്രവാസികളായി കടന്നുവരുന്ന ആളുകളുടെ ഭാഷ, സംസ്കാരം, വിശ്വാസപാരമ്പര്യങ്ങൾ, സഭാവ്യക്തിത്വം, ആരാധനാക്രമങ്ങൾ എന്നിവ ബഹുമാനിച്ചുകൊണ്ടുതന്നെ അജപാലനശുശ്രൂഷ നല്കുവാൻ സീറോ മലബാർ സഭയിലെ അജപാലകരും വിശ്വാസികളും ശ്രദ്ധിക്കേണ്ടതാണ്.

### 5. സീറോ മലബാർ പ്രവാസത്തെക്കുറിച്ചുള്ള വീക്ഷണങ്ങൾ

28) പ്രവാസി സഭയിൽ നിന്നും ആഗോളസഭയിലേക്ക്: തെക്കേ ഇന്ത്യയിലുള്ള ഒരു കൊച്ചുസംസ്ഥാനത്തു മാത്രം ഒതുങ്ങിനിന്നിരുന്ന സീറോ മലബാർ സഭ, 75 വർഷത്തെ കാലയളവിലുണ്ടായ പ്രവാസത്തിലൂടെ, ഗണ്യമായ തോതിൽ ലോകത്തിലെ സകല ഭൂഖണ്ഡങ്ങളിലേക്കും വ്യാപിച്ചു. പ്രവാസം ഒരിക്കലും

സീറോ മലബാർ സഭ തീരുമാനിച്ചുറപ്പിച്ച ഒരു സംഘടിത മുന്നേറ്റമായിരുന്നില്ല; പ്രത്യുത ദൈവപരിപാലനയുടെ ഭാഗമായിരുന്നു. കാലക്രമത്തിൽ, തങ്ങൾ പറിച്ചുനടപ്പെട്ട സംസ്കാരത്തോട് ഇഴുകിചേർന്ന് പ്രവാസികൾ മണ്ണിന്റെ മക്കളായി, അവിടെ ആഴത്തിൽ വേരുറപ്പിച്ചു. അപ്രകാരം സീറോ മലബാർ സഭയ്ക്ക് ഒരു ആഗോളമാനം കൈവന്നിരിക്കുന്നതിനാൽ, പ്രവാസികൾക്കായുള്ള അവരുടെ അജപാലന പ്രവർത്തനങ്ങൾക്കും സാർവ്വത്രികമാനം കൈവരേണ്ടിയിരിക്കുന്നു. കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ചുകൊണ്ട്, സംസ്കാരങ്ങൾ, ഭാഷകൾ, മത പശ്ചാത്തലങ്ങൾ എന്നിങ്ങനെ സഭാജീവിതവുമായി ബന്ധപ്പെട്ട എല്ലാ തലങ്ങൾക്കും ഒരു ആഗോളമാനം നൽകുവാൻ സീറോ മലബാർ സഭ സന്നദ്ധയാകേണ്ടിയിരിക്കുന്നു.

29) **വിവിധ ഭാഷാ-മത-സംസ്കാരങ്ങളിലുള്ള പ്രവാസികൾ**: സഭാത്മകതനിമയെ സാംസ്കാരിക തനിമയിൽനിന്നും വേർതിരിച്ച് കാണേണ്ടിയിരിക്കുന്നു. ഒന്നാമത്തേത് ഒരു വ്യക്തിയുടെ ക്രിസ്തീയ വിശ്വാസത്തിന്റെ കാതലും രണ്ടാമത്തേത് അനുദിന ജീവിതത്തിന്റെ പ്രകാശനവുമാണ്. ഓരോ സ്വയാധികാരസഭയും (sui iuris Church) അതതിന്റെ ആരാധനാക്രമങ്ങൾ കാത്തുസൂക്ഷിക്കണമെന്നാണു സഭാനിയമങ്ങൾ അനുശാസിക്കുന്നത്. പ്രവാസികൾ വൈവിധ്യമാർന്ന സാംസ്കാരിക പശ്ചാത്തലത്തിൽ ജീവിക്കുന്നതിനാൽ സഭാത്മകവും സാമൂഹികവുമായ പ്രവർത്തനങ്ങൾ തീർച്ചയായും പ്രവാസികളുടെ പുതിയ സാഹചര്യങ്ങൾക്കു ഇണങ്ങുന്നതും യോജിക്കുന്നതുമായിരിക്കണം; കഴിയുന്നതും, പുതിയ പശ്ചാത്തലത്തിൽ അർത്ഥവത്തും പ്രസക്തവുമായിരിക്കണം. പ്രവാസദേശങ്ങളിൽ ഭാഷ, ഭക്ഷണശീലങ്ങൾ, തൊഴിൽധാർമ്മികത, വസ്ത്രധാരണ രീതികൾ, ജീവിതശൈലികൾ എന്നിവയെല്ലാം വ്യത്യസ്തമായിരിക്കും. എന്നാൽ ഇത്തരം ഘടകങ്ങളൊന്നുംതന്നെ ഒരുവന്റെ സഭാത്മക തനിമയ്ക്ക് തടസമായി നിൽക്കുവാൻ പര്യാപ്തമല്ല.

30) സഭാത്മക തനിമ ജീവിക്കുകയും പ്രകടിപ്പിക്കുകയും ചെയ്യുന്നത് വ്യതിരക്തമായ സംസ്കാരങ്ങളിലാണ്.[13] എന്നാൽ സഭാത്മക തനിമയെ വിഴുങ്ങിക്കളയുവാൻ ഏതെങ്കിലും ഒരു പ്രത്യേക സംസ്കാരത്തിന് സാധിക്കില്ല. ഒരു സംസ്കാരവും

നിശ്ചലമോ പൂർണ്ണമോ അല്ല; രൂപാന്തരീകരണവും ശുദ്ധീകരണവും അതിന് ആവശ്യമാണ്. പ്രവാസികൾക്ക് തങ്ങളുടെ സഭാത്മകതനിമ ഏതു സംസ്കാരത്തിലും ജീവിക്കാൻ കഴിയും. ആദിമക്രൈസ്തവ സമൂഹങ്ങൾ ഇതിന് ഉത്തമമാതൃകകളാണ്.[14] സീറോ മലബാർ സഭ അവളുടെ പൈതൃകസമ്പത്തിൽ ജീവിക്കുമ്പോൾ അതിന്റെ വൈവിധ്യമാർന്ന പാഠഭേദങ്ങൾ പ്രവാസി സമൂഹങ്ങളിൽ രചിക്കുവാൻ സാധിക്കും. ഉദാഹരണത്തിന് ഗൾഫ് രാജ്യങ്ങളിൽ വെള്ളിയാഴ്ചയാണ് കർത്താവിന്റെ ദിവസമായി പ്രവാസികൾ ആചരിക്കുന്നത്. യൂറോപ്പിലെയും അമേരിക്കയിലെയും വസ്ത്രധാരണരീതികൾ പ്രവാസികളായ വിശ്വാസികളുടെയും വൈദീകരുടെയും ഔദ്യോഗിക വസ്ത്രധാരണരീതികളെ സ്വാധീനിക്കുവാൻ സാധ്യതയുണ്ട്. എന്നിരുന്നാലും കേരളത്തിന് പുറത്തേയ്ക്കു വ്യാപിക്കുന്ന സീറോ മലബാർ സഭ കേരള സംസ്കാരത്തിന്റെ പകർപ്പാണെന്ന ആരോപണം അത്ര നിസാരമായി തള്ളിക്കളയാവുന്നതല്ല. കേരള സംസ്കാരത്തോടുള്ള ഈ ഒട്ടിച്ചേരൽ സീറോ മലബാർ സഭയ്ക്കു കേരളത്തിനു പുറത്ത് തഴച്ചു വളരുന്നതിന് ഒരു തടസമായി ഭവിക്കുമോ എന്ന കാര്യത്തിൽ ആത്മപരിശോധന ആവശ്യമുണ്ട്.

31) **സാംസ്കാരികസങ്കലനം (interculturation)**: പ്രവാസദേശത്തെ പുതിയ സംസ്കാരത്തിലേക്ക് പ്രവാസികളെ കൂട്ടിച്ചേർക്കുന്നതിനു പകരം പ്രവാസികളുടെ തനതു സംസ്കാരത്തിന്റെയും പുതിയ സംസ്കാരങ്ങളുടേയും തുടർച്ചയുള്ളതും പരസ്പരപൂരകവുമായ ആശയങ്ങളുടെ പരസ്പര വിനിമയമാണ് സാംസ്കാരിക സങ്കലനത്തിൽ സംഭവിക്കുന്നത്. ഈ പ്രവർത്തന ശൈലി ഓരോ പ്രവാസിയുടെയും സംസ്കാരിക ജീവിതശൈലികളിൽ സ്ഫുരിക്കുന്നുണ്ട്. പുതിയ സാഹചര്യത്തോട് ഇണങ്ങിച്ചേരാനും തനിമ നിലനിർത്താനും ഏറ്റവും ഉചിതമായ മാർഗം ഈ പാരസ്പര്യത്തിന്റെ നൈരന്തര്യത്തിലൂടെ അവനവനെത്തന്നെ പാകപ്പെടുത്തി രൂപാന്തരപ്പെടുത്തുക എന്നതാണ്. വൈദീകരൊ പ്രവാസിസമൂഹങ്ങളോ ഈ പ്രകിയയിലൂടെ കടന്നുപോകാൻ വൈമനസ്യം കാണിച്ചാൽ, യുവതലമുറ സഭാത്മക വ്യക്തിത്വത്തെ അപ്രസക്തമായി മാത്രമേ കാണൂ. വികസിച്ചുകൊണ്ടിരിക്കുന്ന പുതിയ സംസ്കാരങ്ങൾക്കും പ്രവണതകൾക്കും ഇണങ്ങും വി

ധം സീറോ മലബാർ സഭാംഗങ്ങളുടെ ഭാഷയെയും പ്രവർത്തനശൈലിയെയും സംവേദനക്ഷമതയുള്ളതാക്കിത്തീർക്കണം. ലിംഗാവബോധത്തെക്കുറിച്ച് വളരുന്ന ആദർശങ്ങൾ, ഭാവാവിഷ്കാരസ്വാതന്ത്ര്യം, സഹകരണാത്മകമായ ആസൂത്രണം, സംഘടിതയജ്ഞങ്ങളിലെ സുതാര്യത എന്നിവ വികസിത രാജ്യങ്ങളുടെയും നഗരങ്ങളുടെയും സുപ്രധാനമായ മൂല്യങ്ങളിൽ ചിലതാണ്. ഇത്തരം സാമൂഹ്യമൂല്യങ്ങളെ ശുശ്രൂഷാമേഖലകളിൽ വിലമതിക്കാനും ഉൾക്കൊള്ളാനും സഭാനേതൃത്വത്തിനു കഴിയണം. സീറോ മലബാർ സഭ ആഗോളസഭയായിക്കൊണ്ടിരിക്കുന്ന ഇന്നത്തെ പശ്ചാത്തലത്തിൽ ഇപ്രകാരമുള്ള സാംസ്കാരികസങ്കലനം സാധ്യമാകുന്നതാവശ്യമായ മാർഗങ്ങൾ സ്വീകരിക്കുവാൻ വൈദീകരും അജപാലന ശുശ്രൂഷയിൽ നേതൃത്വം കൊടുക്കുന്നവരും ശ്രദ്ധിക്കണം.

32) **പ്രവാസികളിലൂടെയുള്ള സുവിശേഷവത്കരണം**: സഭയുടെ ചരിത്രത്തിൽ, ചലനാത്മകത സുവിശേഷപ്രഘോഷണത്തിനുള്ള മുഖ്യ ഉപാധിയായി. പ്രവാസികളായ വിശ്വാസികൾ അവരുടെ ജീവിതവും സാക്ഷ്യവും വഴി വചനപ്രഘോഷണത്തിന്റെ ഉപകരണങ്ങളായിത്തീർന്നു. സഭാമക്കളുടെ അനുസ്യൂതമായ പ്രേഷിതയാത്രകളാണു ലോകത്തിന്റെ എല്ലാ മുക്കിലും മൂലയിലും സഭയെ വ്യാപിപ്പിച്ചത്. ഈശോയെക്കുറിച്ച് കേട്ടിട്ടില്ലാത്തവരോട് അവിടുത്തെ പ്രഘോഷിക്കുവാനും അവരുടെ ഉറങ്ങിക്കിടക്കുന്ന ക്രൈസ്തവ മനസാക്ഷിയെ നവീകരണ സാക്ഷ്യത്തിലൂടെ ഉണർത്തുവാനുമുള്ള ആത്മീയോത്തരവാദിത്വം ദൈവം ഓരോ പ്രവാസിയെയും ഭരമേല്പിച്ചിട്ടുണ്ട്. ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം (1 കൊറി. 9.16), എന്ന വിശുദ്ധ പൗലോസ് ശ്ലീഹയുടെ വാക്കുകൾ ഓരോ പ്രവാസിയുടെയും ഹൃദയത്തിൽ പ്രതിധ്വനിക്കണം. മാർത്തോമാശ്ലീഹാ ഭാരതത്തിലേക്ക് അയക്കപ്പെട്ടതുപോലെ സീറോ മലബാർ പ്രവാസികൾ ലോകം മുഴുവനിലേക്കും അയക്കപ്പെട്ടിരിക്കുന്നു. പ്രവാസമെന്നത് അവരുടെ മാത്രം നിലനിൽപിനും സാമ്പത്തികഭദ്രതയ്ക്കും വേണ്ടി മാത്രമുള്ളതല്ല, പ്രത്യുത, സഭയെ ആഗോളവത്കരിക്കുവാനുള്ള ദൗത്യത്തിൽ പങ്കുചേരുന്നതിനും കൂടിയാണ്.

33) ഹൈന്ദവ ഭൂരിപക്ഷമുള്ള ഉത്തരേന്ത്യൻ സംസ്ഥാനങ്ങ

ൾ, മുസ്ലീം ഭൂരിപക്ഷമുള്ള ഗൾഫ് പ്രദേശങ്ങൾ, ക്രിസ്ത്യൻ ഭൂരിപക്ഷമുള്ള യൂറോപ്പ്, വ്യത്യസ്ത മതവിശ്വാസങ്ങൾ പുലർത്തുന്ന മറ്റു വിദേശരാജ്യങ്ങൾ എന്നിവിടങ്ങളിലുള്ള സീറോ മലബാർ പ്രവാസികളുടെ സാന്നിധ്യം തന്നെ സുവിശേഷവത്കരണത്തിന്റെ ഒരു രീതിയാണ്. വിവിധ മതങ്ങളും സംസ്കാരങ്ങളുമുള്ള മതേതര സമൂഹങ്ങളുമായി സംവദിക്കാൻ പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ അവർ പക്വതയുള്ള ക്രൈസ്തവരായിത്തീരുന്നു. വിശ്വാസികൾ എവിടെ വളരുന്നുവോ അവിടെ ക്രിസ്തീയ സാക്ഷ്യം വഹിക്കാൻ അവരെ പ്രാപ്തരാക്കേണ്ട ചുമതല സീറോ മലബാർ സഭയുടേതാണ്. ഇപ്രകാരം ചെയ്തില്ലെങ്കിൽ അതിന്റെ പരമമായ നഷ്ടം സാർവത്രിക സഭയ്ക്കു തന്നെയാണ്.

34) **മൂല്യാധിഷ്ഠിത കുടുംബവിദ്യാഭ്യാസം:** നാഗരികതയുടെ ഘോഷാരവങ്ങൾക്കിടയിൽ ദൈവശബ്ദം മുങ്ങിത്താഴ്ന്നുപോകുവാൻ ഇടയുണ്ട്. എല്ലാ സുഖസൗകര്യങ്ങളുടെയും ശീതളഛായയിൽ പാർക്കുന്ന കുട്ടികൾക്ക് കഷ്ടപ്പാടുകളെ കൈകാര്യം ചെയ്യാനുള്ള പരിശീലനം ലഭിക്കുന്നില്ല. തൻമൂലം വേദനകളെക്കുറിച്ചും കഠിനാധ്വാനത്തെക്കുറിച്ചും അവർക്കു ബോധ്യമില്ലെന്നു മാത്രമല്ല, പണത്തിന്റെ മൂല്യമെന്തെന്നും അവർക്ക് അറിവില്ല. ചില മക്കൾ അവരുടെ മാതാപിതാക്കളുടെ ജീവിതകാലം മുഴുവനുമുള്ള അധ്വാനത്തെ ദുർവ്യയം ചെയ്തു നശിപ്പിക്കുന്നു. മാതാപിതാക്കൾ മക്കളുടെ ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷകൾക്കും സ്വപ്നങ്ങൾക്കുമിടയിൽ അവരുടെ ആത്മീയ മൂല്യപരിശീലനത്തിനായി വേണ്ടത്ര ഇടം കൊടുക്കുന്നില്ല. എന്നാൽ മതേതരമായ ഒരു ചിന്താഗതിയുടെ അതിപ്രസരംമൂലം യുവമനസുകൾ ഭൗതിക മൂല്യങ്ങളിലേക്കു വഴുതിമാറി. തങ്ങളുടെ സമയമോ കഴിവുകളോ ദാനങ്ങളോ ഒന്നുംതന്നെ നിരാലംബരായ സഹോദരങ്ങളുമായി പങ്കുവയ്ക്കാൻ അവർ പരിശീലിപ്പിക്കപ്പെടുന്നില്ല. നിരന്തരവും പ്രതിദിനവുമുള്ള കുടുംബപ്രാർത്ഥനകൾ, വ്യക്തിപരമായ പ്രാർത്ഥനകൾ, കൂടെക്കൂടെയുള്ള കുമ്പസാരം, വി. കുർബാനയിലുള്ള പങ്കുചേരൽ, വീടുകളുടെ വാർഷിക വെഞ്ചരിപ്പ്, കുടുംബ കൂട്ടായ്മകളിലുള്ള ഭാഗഭാഗിത്വം, പങ്കുവയ്ക്കലുകൾ, തീർഥാടനങ്ങൾ, വിനോദയാത്രകൾ മുതലായവ ഇന്ന് ത്വരിതഗതിയിൽ ക്ഷയിച്ചുകൊണ്ടിരിക്കുന്നു.

35) **സഭാത്മക തനിമ:** നൂറ്റാണ്ടുകളായി കൈമാറി കിട്ടിയ സഭാവ്യക്തിത്വവും ആധ്യാത്മികതയും സംരക്ഷിക്കാനും പരിപോഷിപ്പിക്കുവാനും കഠിനാധ്വാനം ചെയ്യുന്ന അനേകം പ്രവാസികൾ സഭയിലുണ്ട്. നമ്മുടെ സഭാവ്യക്തിത്വത്തിന് പല ഘടകങ്ങളുണ്ട്. സത്താപരമായ കാര്യങ്ങളിലൊഴികെ, മറ്റുള്ളവയിൽ അതാതു ദേശത്തെ പ്രവർത്തന ശൈലികൾ സ്വീകരിക്കാവുന്നതാണ്. വീടുവെഞ്ചരിപ്പ്, ജനനം, വിവാഹം, ഗർഭധാരണം, മരണം എന്നീ സന്ദർഭങ്ങളോടനുബന്ധിച്ച് മാർത്തോമാ ക്രിസ്ത്യാനികൾക്കു തനതായ ആചാരരീതികൾ ഉണ്ട്. വീടുകളിലുള്ള പെസഹാ ആചരണം, ഉപവാസ ദിനങ്ങളോടുകൂടിയ മൂന്ന്, എട്ട്, പതിനഞ്ച്, ഇരുപത്തഞ്ച്, അമ്പത് നോമ്പാചരണങ്ങൾ, വിശുദ്ധ തോമാശ്ളീഹായുടെയും മറ്റു വിശുദ്ധരുടെയും കബറിടങ്ങളിലേക്കുള്ള തീർത്ഥയാത്ര തുടങ്ങിയവ മാർത്തോമാ ക്രിസ്ത്യാനികളുടെയിടയിൽ നിലനിന്നിരുന്നു. ഇതുപോലുള്ള ആചാരാനുഷ്ഠാനങ്ങൾ വിശ്വാസപാരമ്പര്യങ്ങളിൽ ആഴപ്പെടാനും മറ്റുള്ളവരെ പഠിപ്പിക്കുവാനുള്ള സന്ദർഭങ്ങളായി നാം കാണേണ്ടതാണ്. അതിലൂടെ സഭാത്മക വ്യക്തിത്വവും മൂല്യങ്ങളും കൈമാറ്റം ചെയ്യപ്പെടുന്നു.

36) തങ്ങളുടെ മക്കളെ പരമ്പരാഗതമായ ക്രിസ്തീയശൈലികളിൽ വളർത്തിക്കൊണ്ടുവരിക എന്ന ഒരു വെല്ലുവിളി പ്രവാസികൾ നേരിടുന്നുണ്ട്. പ്രവാസികളുടെ ആദ്യത്തെ തലമുറ അവർ കുടിയേറുന്നതിനു മുമ്പ് സീറോ മലബാർ സഭയിലെ കുടുംബ ആചാരാനുഷ്ഠാനങ്ങൾ മാതൃദേശത്ത് അനുവർത്തിച്ചിരുന്നു. പുതിയ തലമുറയാകട്ടെ അവർ ജീവിക്കുന്ന ദേശത്തിന്റെയും മാതാപിതാക്കളുടെയും മൂല്യവ്യവസ്ഥിതികൾ തമ്മിലുള്ള വൈരുധ്യങ്ങളെ അഭിമുഖീകരിക്കുന്നു. കേരളത്തിനു പുറത്തു വളരുന്ന യുവതലമുറ സഭയുടെ പരമ്പരാഗതമായ ആചാരങ്ങൾ അനുഷ്ഠിക്കുകയോ, അവയുടെ ആഴമേറിയ പ്രാധാന്യം യഥാർത്ഥത്തിൽ മനസിലാക്കുകയോ ചെയ്യാതെ വിശാല ലോകത്തിൽ ജീവിക്കുവാൻ താല്പര്യപ്പെടുന്നു. ഇവരെ ക്രിസ്തീയ പാരമ്പര്യങ്ങളിൽ വളർത്തുവാൻ ഉപയുക്തമായ രീതിയിൽ, പുത്തൻസാഹചര്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട്, പ്രാദേശിക ഭാഷകളിൽ കുടുംബപ്രാർത്ഥനകളും വിശ്വാസപരിശീലനഗ്രന്ഥങ്ങളും രൂപകല്പന ചെയ്യണം.

37) എല്ലാ പ്രവണതകൾക്കും ഒരു പ്രതിപ്രവണതയുണ്ട്. ആ

ഗോളവത്കരണത്തിന്റെ ശക്തമായ സ്വാധീനത്താൽ മനുഷ്യൻ തന്റെ ഇന്നലെകളിലേക്ക്-പൂർവസംസ്കാരത്തിലേക്ക് തിരിച്ചു പോകുവാൻ തീവ്രമായി അഭിലഷിക്കുന്ന കാലമാണിത്. തന്റെ സ്വത്വത്തിലേക്കു തിരിച്ചുപോകാനുള്ള മനുഷ്യന്റെ ഈ ത്വരയെ ഗുണപരമായ രീതിയിൽ പ്രയോജനപ്പെടുത്താൻ സീറോ മലബാർ സഭയ്ക്ക് കഴിയണം. ഒരേസമയം ആഗോളമായിരിക്കെത്തന്നെ സവിശേഷമായിരിക്കുക അഥവാ സ്വത്വഗുണമുള്ളതായിരിക്കുക എന്നതാണ് ഈ പുതിയ സമീപനത്തിന്റെ കാതൽ. തങ്ങളുടെ സ്വത്വത്തിലേക്കു തിരിച്ചുവരാനുള്ള പ്രവാസികളുടെ പ്രവണതയെ, ഭാവാത്മകമായി ആവിഷ്കരിക്കുവാനുള്ള പദ്ധതികളെ സീറോ മലബാർ സഭ പിൻതാങ്ങണം.

38) മാർ തോമാശ്ലീഹായാൽ സ്ഥാപിതമായ ഏഴര പള്ളികളും മറ്റു വിശുദ്ധസ്ഥലങ്ങളും ഉൾപ്പെടുത്തി ഒരു വിശുദ്ധ തീർത്ഥാടന പദ്ധതി ക്രമീകരിക്കുന്നത് സഭയുടെ പാരമ്പര്യങ്ങളിലേയ്ക്കുള്ള ഒരു ആത്മീയ തീർത്ഥയാത്രയായിരിക്കും. 2022-ൽ മാർ തോമാശ്ലീഹായുടെ ഭാരതപ്രവേശനത്തിന്റെ മഹാജൂബിലി ആചരിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത തീർത്ഥാടനകേന്ദ്രങ്ങൾ വിശ്വാസികൾ സന്ദർശിക്കുന്നത് ഉചിതമാണ്. വിശുദ്ധ അൽഫോൻസാമ്മ, വിശുദ്ധ ചാവറയച്ചൻ, വിശുദ്ധ എവുപ്രാസ്യാമ്മ എന്നിവരും സഭയിലെ വാഴ്ത്തപ്പെട്ടവരും പ്രവാസികളുടെ ഇടയിൽ വ്യാപകമായി പ്രചരിപ്പിക്കപ്പെടണം.

39) **മാതൃസഭയുടെ കൂട്ടായ്മയുമായുള്ള ഐക്യം:** പ്രവാസികളായ യുവജനങ്ങളുടെ ഇടയിലെ അജപാലനപ്രവർത്തനങ്ങളിൽ നേരിടുന്ന വലിയ പ്രശ്നങ്ങളിലൊന്ന് അവർക്ക് മാതൃസഭയായ സീറോമലബാർസഭയുടെ കൂട്ടായ്മയുമായുള്ള വൈകാരികമായ അടുപ്പം ഇല്ലെന്നതാണ്. തൻമൂലം അവർ പലപ്പോഴും സമീപത്തുള്ള ലത്തീൻ ദൈവാലയങ്ങളിലോ ചിലപ്പോഴെങ്കിലും അകത്തോലിക്കാ ആരാധാനാലയങ്ങളിലോ നടത്തപ്പെടുന്ന ശുശ്രൂഷകളിലോ ചില സെക്ടുകളുടെ തന്നെ കൂട്ടായ്മകളിലോ പങ്കുചേരുന്നു. സമീപത്തുള്ള സീറോമലബാർ ദൈവാലയത്തെക്കുറിച്ച് അറിവു ലഭിച്ചാലും അവർ തങ്ങളുടെ പഴയകൂട്ടായ്മകളുമായുള്ള ബന്ധം വിഛേദിക്കാതെ അതിൽത്തന്നെ തുടരുകയാണ് പലപ്പോഴും ചെയ്യുന്നത്. എന്നാൽ അവർ ഇതോ

ടൊപ്പം തങ്ങളുടെ കേരളത്തിലെ മാതൃരൂപതകളുമായുള്ള ബന്ധം നിലനിർത്താൻ ശ്രമിക്കുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെ സീറോ മലബാർ സഭാകൂട്ടായ്മയിലേക്ക് അവരെ എത്തിക്കുന്നതിന് സംഘാത്മകമായ പരിശ്രമം ആവശ്യമാണ്.

40) ദേശീയവും അന്തർദേശീയവുമായ തലങ്ങളിൽ ഉന്നത വിദ്യാഭ്യാസരംഗത്തു വിപുലമായ സാദ്ധ്യതകൾ ഉള്ളതുകൊണ്ട് ധാരാളം സീറോ മലബാർ യുവജനങ്ങൾ പ്രവാസിസമൂഹങ്ങളിൽ താമസിക്കുന്നു. ഇങ്ങനെ മാതൃ ഇടവകകളിൽനിന്നുമാറി വിദൂരദേശങ്ങളിൽ താമസിക്കുന്ന സഭാമക്കളെക്കുറിച്ചുള്ള കൃത്യമായ വിവരശേഖരണം നടത്തേണ്ടതാണ്. അവരെക്കുറിച്ചുള്ള ഒരു രജിസ്റ്റർ മാതൃ ഇടവകകളിൽ സൂക്ഷിക്കുകയും അവർ എത്തിച്ചേരുന്ന പ്രവാസീസമൂഹങ്ങളിൽ അജപാലനശുശ്രൂഷ നടത്തുന്നവർക്ക് ഇവരെസംബന്ധിച്ചുള്ള വിവരങ്ങൾ കൈമാറേണ്ടതുമാണ്. മൊബൈൽ ആപ്ലിക്കേഷൻ പോലുള്ള നൂതന സാങ്കേതികവിദ്യകൾ വഴി തങ്ങൾ എത്തിച്ചേരുന്ന പ്രദേശങ്ങളിലുള്ള സീറോമലബാർ സമൂഹങ്ങളെക്കുറിച്ചുള്ള അറിവ് പ്രവാസികൾക്ക് ലഭ്യമാക്കാവുന്നതാണ്.

41) **പ്രവാസികൾക്ക് സഭാനേതൃത്വത്തിൽ നിന്നുള്ള പ്രതീക്ഷകൾ**: സീറോമലബാർ സഭയുടെ അജപാലനപ്രവർത്തനങ്ങൾ പ്രവാസിസമൂഹങ്ങൾക്ക് ലഭ്യമാക്കുന്നതിൽ കാലവിളംബം വരുത്തിയെന്ന പരാതി പ്രവാസികളായി കഴിയുന്ന മുതിർന്ന തലമുറ പലപ്പോഴും ഉന്നയിക്കാറുണ്ട്. തങ്ങൾക്ക് അജപാലന ശുശ്രൂഷകൾ ഏറെആവശ്യമായിരുന്ന ആദ്യകാലങ്ങളിൽ അത് ലഭിച്ചില്ല എന്നതാണ് അവരുടെ പരാതിയുടെ അടിസ്ഥാനം. ശരിയായ മാർഗ്ഗനിർദേശങ്ങൾ വേണ്ട സമയത്ത് നല്കാൻ സാധിക്കാഞ്ഞതിനാൽ തങ്ങളുടെ മക്കൾ കൈവിട്ടുപോകുന്ന സ്ഥിതിവിശേഷം ഉണ്ടായി. അവർ വളർന്നുവന്ന വ്യത്യസ്തമായ സാഹചര്യങ്ങളുമായി പൊരുത്തപ്പെടുകയും അപരിചിതമായ സീറോ മലബാർ സഭയുടെ ആരാധനാക്രമത്തിൽ പലപ്പോഴും താല്പര്യം ഇല്ലാത്തവരുമായി മാറി. ആരാധനാക്രമ പൈതൃകം കാത്തുസൂക്ഷിച്ച് ജീവിക്കണോ അതോ അവ ഉപേക്ഷിക്കണോ എന്നതാണ് ഇവരുടെ മുന്നിൽ ഉയരുന്ന ചോദ്യം. നിരവധി സ്ഥലങ്ങളിൽ നമ്മുടെ പ്രവാസിസമൂഹം രൂപപ്പെട്ടുവരുന്ന പ്രക്രിയയിലാ

ണ്. നിരവധിയായ ജീവിതവ്യഗ്രതകളിലൂടെ കടന്നുപോകുന്ന അവർ മാതൃസഭയിൽ നിന്ന് ദൈവാലയനിർമ്മാണത്തിനും അതിനാവശ്യമായ സ്ഥലം വാങ്ങുന്നതിനുമുള്ള സാമ്പത്തിക സഹായങ്ങൾ പ്രതീക്ഷിക്കുന്നു. അതുപോലെതന്നെ പലസ്ഥലങ്ങളിലും രജിസ്ട്രേഡ് സംഘങ്ങളും മറ്റും ആരംഭിച്ച് സ്ഥലം വാങ്ങാനും അജപാലനാവശ്യങ്ങൾ നിറവേറ്റാനാവശ്യമായ മറ്റുസംവിധാനങ്ങൾ ഒരുക്കാനും ശ്രമിച്ചുവരുന്നു.

42) പ്രവാസികൾ അവരുടെ മാതൃസഭയിൽ നിന്ന് കൂടുതൽ സൗഹൃദ സമീപനമാണു പ്രതീക്ഷിക്കുന്നത്. കേരളത്തിലെ തങ്ങളുടെ മാതൃഇടവകകളിലെ വൈദികരിൽനിന്ന് കൂദാശകളും കൂദാശാനുകരണങ്ങളുമെല്ലാം സ്വീകരിക്കുന്നതിൽ അനാവശ്യമായ പലതടസ്സങ്ങളും അവർക്കു നേരിടേണ്ടിവരുന്നെന്ന പരാതി പലപ്പോഴും ഉയരാറുണ്ട്. ചിലപ്പോഴെങ്കിലും കൂദാശകൾ സ്വീകരിക്കുന്നതിനും സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനുമായി പുതുതായി വീണ്ടും മാതൃഇടവകകളിൽ അംഗത്വമെടുക്കേണ്ടിവരികയോ അവിടെ നടക്കുന്ന നിർമ്മാണപ്രവർത്തനങ്ങൾക്ക് വൻതുകകൾ സംഭാവനകൾ നല്കേണ്ടിവരികയോ ചെയ്യുന്നു. അവരിൽ ചിലർ അവർ വസിക്കുന്ന പ്രവാസിസ്ഥലങ്ങളിൽ ദൈവാലയങ്ങൾ നിർമ്മിക്കുവാൻ നിർലോഭം സഹായിച്ചവരും മറ്റു ചിലർ ദൈവാലയനിർമ്മാണ പ്രവർത്തനത്തിൽ ആയിരിക്കുകയും ചെയ്യുന്നവരാണ്. ഇതു അവർക്ക് പലപ്പോഴും സാമ്പത്തിക ഭാരത്തിന് കാണമാകുന്നു. പ്രവാസികളുടെ മാതൃഇടവകകൾ ഇത്തരം കാര്യങ്ങൾ ഗൗരവമായി പരിഗണിക്കേണ്ടതുണ്ട്. എന്നാൽ പ്രവാസദേശങ്ങളിലെ സീറോ മലബാർസഭാകൂട്ടായ്മയുമായി ബന്ധം പുലർത്താതെ മാറിനിൽക്കുകയും ചിലപ്പോൾ അതിനെ എതിർക്കുകയും ചെയ്യുന്നവർ കേരളത്തിലെ തങ്ങളുടെ മാതൃ ഇടവകകളിൽ അനർഹസ്ഥാനങ്ങൾ നേടുന്നത് ചിലപ്പോഴെങ്കിലും ദൃശ്യമാണ്. ഇവർ നല്കുന്ന സാമ്പത്തികസഹായങ്ങളാണിതിനു പലപ്പോഴും കാരണമാകുന്നത്. പ്രവാസികളായി കഴിയുന്നവർ വിവാഹത്തിനായും മറ്റും മാതൃഇടവകകളിൽ എത്തുമ്പോൾ പ്രവാസസമൂഹത്തിൽ അജപാലനശുശ്രൂഷയ്ക്കായി നിയുക്തരായവർ നല്കുന്ന സർട്ടിഫിക്കറ്റുകളോ അതുസംബന്ധിച്ചുള്ള രേഖകളോ ഇടവക വികാരി പലപ്പോഴും ആവശ്യപ്പെടാറില്ല.

പ്രവാസികളുടെ ഇടയിൽ അജപാലനശുശ്രൂഷ നിർവ്വഹിക്കുന്ന വൈദികർ നല്കുന്ന ഫ്രീസ്റ്റേറ്റ് സർട്ടിഫിക്കറ്റുകൾ നിർബന്ധിതമാക്കേണ്ടതുണ്ട്. പ്രവാസികൾക്കായി ഏർപ്പെടുത്തിയിരിക്കുന്ന അജപാലനപരമായ ക്രമീകരണങ്ങൾ അന്യദേശത്തു സ്ഥിരമായി താമസമാക്കിയവരും താത്കാലികമായി താമസമാക്കിയവരും പാലിക്കേണ്ടതുണ്ട്.

43) **സംഘടനാ സംവിധാനങ്ങൾ**: പ്രവാസികളായി കഴിഞ്ഞ ശേഷം തിരികെവരാൻ ആഗ്രഹിക്കുന്നവരുടെ പ്രശ്നങ്ങളും, ആഗോളപ്രവാസം വിദ്യാർഥികൾക്കിടയിലുണർത്തുന്ന പ്രശ്നങ്ങളും ഇതര കുടിയേറ്റ പ്രശ്നങ്ങളുമെല്ലാം സഭ ഗൗരവതരമായി പരിഗണിക്കേണ്ട വിഷയങ്ങളാണ്. ഇതുപോലെതന്നെ, പ്രവാസത്തിന്റെ രണ്ടും മൂന്നും ഘട്ടങ്ങൾ കടന്നുവരുന്ന തലമുറകളുടെ ജീവിതരീതി, ആരാധനാക്രമഭാഷ, സാംസ്കാരിക അനുരൂപണം, സംസ്കാരങ്ങൾ തമ്മിലുള്ള അനുരൂപണം എന്നിവയെല്ലാം പഠന വിഷയമാക്കേണ്ടതാണ്. ഇത്തരം സങ്കീർണ്ണങ്ങളായ പ്രശ്നങ്ങളെ നേരിടുന്നതിന് സാധാരണ രീതിയിലുള്ള അജപാലനശുശ്രൂഷകൾ അപര്യാപ്തമായിരിക്കും. ഇത്തരം പ്രശ്നങ്ങളെ സഭയുടെ നിരന്തരമായ നിരീക്ഷണവും അവധാനപൂർവകമായ സമീപനവും കൊണ്ടുമാത്രമേ നേരിടാനാവൂ. ആയതിനാൽ ഒരു സ്ഥിരം സംവിധാനംതന്നെ ഔദ്യോഗികമായി അതിനായി നിലനിർത്തേണ്ടതുണ്ട്. പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരത്തോടെ മേജർ ആർക്കി എപ്പിസ്കോപ്പൽ വിസിറ്റേറ്ററെ നിയമിക്കുന്നതിനുള്ള സാധ്യതകൾ നടപ്പിലാക്കുന്നത് ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഒരു മാർഗ്ഗമാണ്.[15]

44) തങ്ങൾ ജീവിച്ചുപോന്ന അതേ പാതയിലൂടെതന്നെ തങ്ങളുടെ മക്കളും സഞ്ചരിക്കണമെന്നാഗ്രഹിക്കുന്ന മാതാപിതാക്കൾ, തങ്ങൾ ചേക്കേറിയ നാട്ടിലെ സംസ്കാരവുമായി അനുരൂപപ്പെടുന്നതിന് മക്കൾക്ക് പലപ്പോഴും തടസ്സമായി നിലകൊള്ളുന്നു. അതിനാൽ ഇളംതലമുറയ്ക്ക് പുതിയ സാഹചര്യങ്ങളുമായി വൈകാരികമായി പൊരുത്തപ്പെടുന്നതിനു സഹായകമായ കാര്യങ്ങൾ ലഭ്യമാക്കുന്നതിന് സഭതന്നെ മുൻകൈയെടുക്കേണ്ടതുണ്ട്. അതിനായി ഒരു പ്രത്യേക ഗവേഷണ കേന്ദ്രം തന്നെ സ്ഥാപിച്ച് പ്രവാസസമൂഹത്തിന്റെ ഭാഷ, സംസ്കാരം, വിശ്വാസ

പരിശീലനം, ആരാധനാക്രമം എന്നിവയെല്ലാം പഠനവിഷയമാക്കുകയും വേണം. പ്രവാസസമൂഹങ്ങളിലെ കുട്ടികൾക്കും യുവജനങ്ങൾക്കുമായി ഒരു വിശ്വാസപരിശീലന വിഭാഗം ആരംഭിക്കുകയും അവരെ ആകർഷിക്കാനുതകുന്ന പഠനക്രമങ്ങൾ നടപ്പിലാക്കേണ്ടതുമാണ്. പ്രവാസസമൂഹത്തിനും പുതുതായി ഈ സമൂഹത്തിലേക്ക് കടന്നുവരുന്നവർക്കും അർഹമായ അംഗീകാരം നല്കുന്ന വിധത്തിലായിരിക്കണം ആരാധനാക്രമത്തിന്റെയും ആശയവിനിമയത്തിന്റെയും ഭാഷ തെരഞ്ഞെടുക്കേണ്ടത്.

45) 'നഷ്ടപ്പെട്ട കുഞ്ഞാടിനെ' വഴിയിൽ ഉപേക്ഷിക്കാൻ പാടില്ല. അവയെ അന്വേഷിച്ച് കണ്ടെത്തി മുഖ്യധാരയിലേക്കു തിരിച്ചു കൊണ്ടുവന്നേ മതിയാവൂ. നമ്മുടെ കൂട്ടായ്മകൾ ഇനിയും രൂപപ്പെട്ടിട്ടില്ലാത്ത സ്ഥലങ്ങളിൽ, വിദഗ്ധരായവരുടെ സഹായത്തോടെയും നൂതനമായ സാങ്കേതികവിദ്യകൾ ഉപയോഗിച്ചും സഭാമക്കളെ ഒരുമിച്ചു കൂട്ടേണ്ടതാണ്. സഭാകൂട്ടായ്മയിൽ നിന്ന് അകന്നുകഴിയുന്നവരെ സഭയുടെ ആരാധനാക്രമ വിശ്വാസ പരിശീലന പൈതൃകത്തിലേക്ക് തിരികെകൊണ്ടുവരുന്നതിന് ദൈവശാസ്ത്ര സമിതികൾ രൂപീകരിക്കുന്നത് ഉചിതമായിരിക്കും; കേന്ദ്രകാര്യാലയത്തിൽ നിന്ന് ഇത്തരം പ്രവർത്തനങ്ങൾ ഫലപ്രദമായ രീതിയിൽ ഏകോപിപ്പിക്കാൻ സാധിക്കും.

46) ഇന്ത്യ മുഴുവനിലുമായി വ്യാപിച്ചു കിടന്നിരുന്ന സ്വയംഭരണാധികാരം, സീറോമലബാർസഭയ്ക്ക് പുന:സ്ഥാപിച്ചു ലഭിക്കുക എന്നത് തികച്ചും നീതിയുക്തമായ ഒരു കാര്യമാണ്. സ്വയാധികാരസഭകളുടെ തുല്യാവകാശം സ്ഥാപിച്ചെടുക്കുന്നതിന് സാധ്യമായ എല്ലാമാർഗ്ഗങ്ങളും അവസരങ്ങളും ഉപയോഗിക്കുകയും സീറോമലബാർ സഭയുടെ നേരെയുള്ള അനീതിയും വിവേചനവും അവസാനിപ്പിക്കാൻ പരിശ്രമിക്കുകയും ചെയ്യണം. പ്രവാസികൾക്കായുള്ള അജപാലനശുശ്രൂഷകൾ ഫലപ്രദമായി നിർവ്വഹിക്കുന്നതിന് സഹായകമായവിധത്തിൽ സഭയുടെ അധികാരപരിധികൾ (jurisdication) ആഗോളതലത്തിൽതന്നെ നിശ്ചയിച്ച് നല്കേണ്ടതാണ്.

47) **ആഗോളതലത്തിൽ സഭയെ പടുത്തുയർത്തുന്നതിനാവശ്യമായ കൂട്ടായപരിശ്രമം:** നമ്മുടെ സഭയുടെ പ്രവർത്തനങ്ങൾ ആഗോളതലത്തിലെത്തിക്കുകയെന്നത് മാതൃസഭയുടെ ഉത്തര

വാദിത്വമാണ്. പ്രധാന നഗരങ്ങളിൽ താമസിക്കുന്ന പ്രവാസികൾക്ക്, പ്രത്യകിച്ച് ഇന്ത്യയിലുള്ളവർക്ക്, പള്ളികൾ, സ്കൂളുകൾ, ഇതരകേന്ദ്രങ്ങൾ എന്നിവ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. ഇതിന് ദത്തെടുക്കൽ, പങ്കാളിത്തപരമായ പങ്കുചേരൽ (partnership) തുടങ്ങിയരീതികൾ മാതൃസഭയ്ക്ക് സ്വീകരിക്കാവുന്നതാണ്. ഇന്ത്യക്കകത്തും പുറത്തുമുള്ള സാമ്പത്തിക ഭദ്രതയുള്ള രൂപതകൾ, ഫൊറോനകൾ, ഇടവകകൾ, സ്ഥാപനങ്ങൾ എന്നിവയ്ക്കെല്ലാം ഈ ഉദ്യമത്തിൽ പങ്കുചേരാവുന്നതാണ്. ASSM എന്ന സംഘടന വഴി സീറോ മലബാർ സഭ ആവശ്യക്കാരായ പ്രവാസസമൂഹങ്ങൾക്ക്, പ്രത്യകിച്ച് അവരുടെ പ്രാരംഭദിശയിൽ, സാമ്പത്തികസഹായങ്ങൾ നല്കിവരുന്നു.

48) സാമ്പത്തിക സഹായത്തിനു പുറമെ, സാങ്കേതികസഹായവും ഇതര അവശ്യവസ്തുക്കളുടെ പങ്കുവയ്ക്കലും പ്രവാസസമൂഹങ്ങൾക്കായി പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. പ്രവാസസമൂഹങ്ങളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞും, കാലഘട്ടത്തിന്റെ അനിവാര്യതയ്ക്കനുസരിച്ചും ഈ സമൂഹങ്ങളുടെ വളർച്ചയ്ക്കായി അല്മായ മിഷനറിമാരുടെയും പ്രാദേശികതലത്തിൽ പ്രവർത്തിക്കുന്ന പ്രേഷിതപ്രവർത്തകരുടെയും സേവനങ്ങൾ ഉപയോഗിക്കേണ്ടതാണ്. ഉദ്യോഗങ്ങളിൽ നിന്ന് വിരമിച്ചവർ, യുവജനങ്ങൾ എന്നിങ്ങനെയുള്ളവരിൽനിന്ന് പ്രാദേശികതലത്തിൽ പ്രവർത്തിക്കുന്ന പ്രേഷിതപ്രവർത്തകരെ കണ്ടെത്താവുന്നതും നിർമ്മാണരംഗത്തും വിദ്യാഭ്യാസരംഗത്തും ഇവരുടെ സേവനങ്ങൾ ഉപയോഗപ്പെടുത്താവുന്നതുമാണ്.

49) **സഭയുടെ ആഗോളവത്കരണം രൂപതകളിലൂടെ:** സീറോ മലബാർ സഭയെ ആഗോളസഭയായി വളർത്തിയെടുക്കുന്നതിൽ പ്രവാസരൂപതകൾക്കും മിഷൻ രൂപതകൾക്കും ഉള്ള പങ്കിനെ പറ്റി ചിന്തിക്കുക ഇത്തരുണത്തിൽ വളരെ ഉചിതമാണ്. പ്രവാസികളുടെ ഭാഷയും സംസ്കാരവുമായി ചിരപരിചയമുള്ളതിനാൽ സഭയുടെ ആഗോളവത്കരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ ഈ രൂപതകൾക്ക് സാധിക്കും. സീറോ മലബാർ സഭയിലെ ഇപ്പോഴത്തെ മിഷൻ രൂപതകളിലെല്ലാം തന്നെ പ്രവാസികൾ ഉണ്ടെന്നുള്ളതും ആഗോളവത്കരണതിന്റെ ഗതി ത്വരിതമാക്കുന്നു. സീറോ മലബാർ സഭയെ ആഗോളസഭയായി വളർത്തിയെടുക്കു

ന്നതിനായുള്ള ഏതാനും നിർദ്ദേശങ്ങൾ താഴെപ്പറയുന്നു: (1) സഭയുടെ പ്രബോധങ്ങൾക്കനുസരിച്ച് സുവിശേഷപ്രഘോഷണത്തിന്റെയും സാംസ്കാരിക സങ്കലനത്തിന്റെയും വക്താക്കളായി മിഷൻ പ്രദേശങ്ങളിൽ രൂപംകൊണ്ടുവരുന്ന സീറോമലബാർ വിശ്വാസിസമൂഹങ്ങൾ മാറണം. (2) മിഷൻരൂപതകളുടെ സഹകരണത്തോടെ മറ്റ് സ്വയാധികാരസഭകളുടെ സെമിനാരികളിലും പരിശീലനകേന്ദ്രങ്ങളിലും സീറോമലബാർസഭയുടെ ആരാധനക്രമം ആഘോഷിക്കുന്നതിന് സഭാ നേതൃത്വം മുൻകൈയെടുക്കണം; ഇവിടങ്ങളിൽ പൗരസ്ത്യസഭകളുടെ ആരാധനക്രമം, സഭാനിയമം, സഭാവിജ്ഞാനീയം എന്നിവ പഠിപ്പിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതും ഉചിതമായിരിക്കും. (3) സമൂഹത്തിലെ വിവിധവിഭാഗങ്ങൾ തമ്മിൽ പാലം പണിയുന്നവരായി തീരുവാനുള്ള ദൗത്യം (the mission of being bridge builders) മിഷൻരൂപതകൾക്കുണ്ട്. (4) സീറോമലബാർ ആരാധനക്രമം പ്രാദേശികഭാഷകളിൽ ആഘോഷിക്കപ്പെടേണ്ടതും പ്രവാസികളുടെ രണ്ടും തുടർന്നുമുള്ള തലമുറകൾക്കുവേണ്ടി തുടർഅനുരൂപീകരണം സാധ്യമാക്കേണ്ടതുമാണ്. (5) പ്രവാസികളുടെയിടയിലെ വളർച്ചയെയും പുതുസംരംഭങ്ങളെയും പരിചയപ്പെടുത്തുന്ന വാർത്താപത്രികകളും മാസികകളും പ്രസിദ്ധീകരിക്കുന്നത് അവരെ ഒന്നിപ്പിച്ചുനിറുത്തുവാൻ ഉപകരിക്കും. (6) പ്രവാസസമൂഹങ്ങളുടെ തിരുന്നാളാഘോഷങ്ങളിലേക്കും കൺവെൻഷനുകളിലേക്കും കൂട്ടായ്മകളിലേക്കും മറ്റും അതതു സ്ഥലങ്ങളിലുള്ള വ്യത്യസ്ത സ്വയാധികാരസഭകളിലെ മെത്രാന്മാരെയും സഭാധികാരികളെയും വചനപ്രഘോഷണത്തിനും മറ്റുമായി ക്ഷണിക്കുന്നത് സീറോ മലബാർ സഭയെ ആഗോളസഭയായി വളർത്തിയെടുക്കുവാൻ സഹായിക്കും.

50) **അജപാലനശുശ്രൂഷയ്ക്കായുള്ള നേതൃത്വപരിശീലനം:** പ്രവാസികളെ നയിക്കുവാനായി ക്രിയാത്മകമായി പ്രവർത്തിക്കുന്ന വൈദികരെയും സമർപ്പിതരെയും ഇന്ന് ആവശ്യമാണ്. മാർത്തോമ്മാക്രിസ്ത്യാനികളുടെ വിശ്വാസപാരമ്പര്യങ്ങളും ആദ്ധ്യാത്മികതയും, പുതിയ സാഹചര്യങ്ങളിൽ രൂപപ്പെട്ടിരിക്കുന്ന പ്രവാസസമൂഹങ്ങളിൽ പരിപോഷിപ്പിക്കുവാനായി നിയുക്തരാക്കപ്പെടുന്ന വൈദികരും സന്യസ്തരും സീറോമലബാർ സഭയുടെ വിശ്വാസ പൈതൃകത്തിൽ അഭിമാനം കൊള്ളുന്നവരും ബോധ്യമുള്ളവരു

മായിരിക്കണം. മാറിയ സാഹചര്യങ്ങളെയും സംസ്കാരത്തെയും ആദരിക്കുന്നതിന് അവരെ പരിശീലിപ്പിച്ചെങ്കിൽ മാത്രമേ, പുതിയ സാംസ്കാരികസാഹചര്യങ്ങളോട് അന്യഥാബോധമില്ലാതെ ഇഴുകിചേരുവാൻ പ്രവാസസമൂഹങ്ങളെ സഹായിക്കുവാൻ അവർക്കു സാധിക്കുകയുള്ളൂ.

51) പ്രവാസസമൂഹങ്ങളെ നയിക്കുന്ന വൈദീകരിലധികവും കേരളത്തിൽനിന്നുമാണ് വരുന്നത്. ഇത് ആദ്യതലമുറയിലെ പ്രവാസികൾക്ക് ഗുണകരമാകുമെങ്കിലും തുടർതലമുറകളിലെ മക്കൾക്ക് ദോഷകരമായേക്കാം. കേരളത്തിൽ നിന്നുള്ള വൈദികർ തങ്ങൾ ശുശ്രൂഷ ചെയ്യുന്ന സ്ഥലങ്ങളിലുള്ള പ്രാദേശികഭാഷകളിൽ കൂടുതൽ പ്രാവീണ്യമുള്ളവരാകുകയും പ്രവാസികളുടെ പ്രശ്നങ്ങളെയും അവസ്ഥകളെയും കുറിച്ച് അവബോധമുള്ളവരാകുകയും വേണം. അതിനായി, വൈദികർക്കും സന്യസ്തർക്കും അത്മായ നേതാക്കൾക്കും പ്രവാസി അജപാലനശുശ്രൂഷയിൽ കാലാനുസൃതമായ പരിശീലനം അത്യന്താപേക്ഷിതമാണ്.

52) അറിവും അനുഭവജ്ഞാനവുമുള്ള അത്മായനേതാക്കളുടെ അഭാവം ഇന്ന് പല പ്രവാസസമൂഹങ്ങളും നേരിടുന്ന വെല്ലുവിളിയാണ്. പ്രവാസികളുടെ വിദ്യാഭ്യാസനിലവാരത്തിൽ കാതലായ വ്യത്യാസം ഈ അടുത്തകാലത്ത് സംഭവിച്ചിട്ടുണ്ട്. അവിദഗ്ദ്ധതൊഴിലുകളിലാണ് ആദ്യകാലപ്രവാസികൾ അധികവും ഏർപ്പെട്ടിരുന്നതെങ്കിൽ, ഇന്ന് ഉന്നതമായ വിദ്യാഭ്യാസമുള്ള പ്രൊഫഷണലുകൾ പ്രവാസലോകത്ത് വിരളമല്ല. അവരുടെ കഴിവുകളെ ഉപയോഗിച്ചു കൊണ്ട് നൂതനമായ അജപാലനശൈലികൾ ആവിഷ്കരിക്കുവാൻ സഭക്ക് ഉത്തരവാദിത്വമുണ്ട്.

53) **പ്രവാസികളുടെയിടയിലെ വൈദികരും സന്യസ്തരും:** ലത്തീൻ സഭയുടെ രൂപതകളിലൊ സന്യാസ സമൂഹങ്ങളിലൊ ശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുമ്പോൾത്തന്നെ, സീറോ മലബാർ പ്രവാസികളുടെയിടയിൽ ശുശ്രൂഷചെയ്യുന്ന വൈദികരെയും സന്യസ്തരെയും കുറിച്ച് ഇനിയും വ്യക്തമായ ധാരണകൾ ഉണ്ടാകേണ്ടിയിരിക്കുന്നു. രണ്ടുതരത്തിലുള്ള അവസ്ഥകൾ സംജാതമായേക്കാം: (1) സീറോമലബാർ സഭയിൽ ജനിക്കുകയും എന്നാൽ ലത്തീൻ സഭയിലോ ലത്തീൻ റീത്തിലുള്ള സന്യാസസമൂഹങ്ങളിലൊ ചേർക്കപ്പെടുകയും ചെയ്ത വൈദികരും സന്യസ്തരും;

(2) സീറോമലബാർ റീത്തിലുള്ള രൂപതയുടെയൊ സന്യാസസമൂഹങ്ങളുടെയൊ അംഗമായിരിക്കുമ്പോൾത്തന്നെ ലത്തീൻ രൂപതയിലോ സന്യാസസമൂഹങ്ങളിലൊ തങ്ങളുടെ ശുശ്രൂഷ താൽക്കാലികമായി നൽകിക്കൊണ്ടിരിക്കുന്നവർ.

54) സീറോമലബാർ സഭ ആഗോളസഭയായി വളരുന്ന സാഹചര്യത്തിൽ പ്രവാസികളുടെയിടയിലെ വൈദികരേയും സന്യസ്തരേയും കുറിച്ച് താഴെപറയുന്ന കാര്യങ്ങൾ പരിഗണിക്കേണ്ടിയിരിക്കുന്നു: (1) സഭ സ്വഭാവത്താലെ പ്രേഷിതയാണ് എന്നതുപോലെ സീറോമലബാർ സഭയും പ്രേഷിതയാണ്. സീറോമലബാർ സഭയിൽ നിന്ന് കേരളത്തിന് പുറത്ത് പ്രേഷിതപ്രവർത്തനം നടത്തുവാൻ ആഗ്രഹിക്കുന്നവർ മറ്റ് വ്യക്തിഗതസഭയിൽ ചേരുവാൻ നിർബന്ധിതരാകുന്നത് ചിലപ്പോഴെങ്കിലും പ്രതിസന്ധി സൃഷ്ടിക്കുന്നു. ഇത് ഏറ്റവും കൂടുതൽ ബാധിക്കുന്നത് ധാരാളം ദൈവവിളികളുള്ള സീറോമലബാർ സഭയെയാണ്. സുവിശേഷവൽക്കരണം അജപാലനപ്രവർത്തനങ്ങളുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു എന്നിരിക്കെ, സീറോമലബാർ സഭക്ക് പ്രവാസിശുശ്രൂഷ അനുവദിക്കുകയും എന്നാൽ പ്രേഷിതപ്രവർത്തനം അനുവദിക്കാതിരിക്കുകയും ചെയ്യുന്നത് പുനർവിചിന്തനത്തിന് വിധേയമാക്കേണ്ടതല്ലേ? (2) സഭയുടെ ആഗോളസ്വഭാവം നമ്മുടെ മിഷണിമാർതന്നെ അംഗീകരിക്കേണ്ടതുണ്ട്. (3) പ്രവാസികളുടെയിടയിലെ അജപാലന ശുശ്രൂഷയിൽ, ഇപ്പോൾത്തന്നെ ആഗോള സ്വഭാവം കൈവന്നിരിക്കുന്ന സീറോമലബാർ സന്യാസ സമൂഹങ്ങളുടെ പങ്ക് എന്തായിരിക്കണം? (4) ലത്തീൻ രൂപതകളിൽ പ്രവർത്തിക്കുന്ന സീറോമലബാർ സന്യാസഭവനങ്ങളിൽ സീറോമലബാർ ആരാധനക്രമം പാലിക്കുവാനും സീറോമലബാർ തനിമയുടെ വിവിധഘടകങ്ങൾ നിഷ്ഠയോടെ ജീവിക്കുവാനും സാധിക്കുന്ന സാഹചര്യം ഉണ്ടാകേണ്ടതല്ലേ? (5) ലത്തീൻ രൂപതകളിൽ ചേർന്നിരിക്കുന്ന സീറോമലബാർ വൈദികരെയും സന്യസ്തരെയും സീറോമലബാർ പ്രവാസികളുടെ ശുശ്രൂഷയിൽ പങ്കാളികളാക്കേണ്ടതല്ലേ? ഇക്കാര്യങ്ങളിൽ, സഭാനിയമങ്ങളുടെ വെളിച്ചത്തിൽ ഉചിതമായ പരിഹാരങ്ങൾ കണ്ടെത്തേണ്ടതാണ്.

55) **സമർപ്പിത ദൈവവിളികളുടെ പ്രോത്സാഹനം:** അജപാലന ശുശ്രൂഷ വേണ്ടവിധം ലഭിക്കുന്ന സീറോമലബാർ പ്രവാസ

സമൂഹങ്ങളിൽ സമർപ്പിത ദൈവവിളികൾ വർദ്ധിച്ചുവരുന്നതായി കാണുന്നു. പ്രവാസികളായ കുട്ടികൾക്കും യുവാക്കൾക്കും ശരിയായ ആദ്ധ്യാത്മിക, മാനുഷിക പരിശീലനം നൽകി വളർത്തുവാൻ കഴിയുന്ന ഫലപ്രദമായ ഗർഭഗൃഹമാണ് ഒരു ഇടവകസമൂഹം. പ്രവാസികളിൽ നിന്നുള്ള നല്ല ദൈവവിളികൾ അവരുടെ തനതായ ഭാഷയിലും സംസ്കാരത്തിലും അജപാലനശുശ്രൂഷ ഫലപ്രദമായി നൽകുവാൻ വളരെ സഹായിക്കുന്നു. അതിനാൽ, എല്ലാ പ്രവാസികളും, പ്രത്യേകിച്ച് മാതാപിതാക്കൾ, തങ്ങളുടെയിടയിൽ നിന്നുള്ള സമർപ്പിത ദൈവവിളികളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. സഭയുടെ ആഗോളദൗത്യം കാര്യക്ഷമമാക്കുവാൻ സ്ഥിരം ഡീക്കന്മാർക്ക് പരിശീലനം നൽകുന്നതിനെക്കുറിച്ച് നാം ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു. നമ്മുടെ യുവജനസമ്പത്തിനെ പ്രേഷിതമേഖലകളിലേക്ക് വഴിതിരിച്ചുവിടുവാൻ പരിശ്രമിച്ചാൽ, നാം സീറോമലബാർ സഭയുടെ ആഗോളമാനത്തിന് ശക്തിപകരുകയാണ്.

56) **ആധുനിക സാമൂഹിക സാങ്കേതികവിദ്യയുടെ ഉപയോഗം:** സീറോമലബാർ പ്രവാസികളിലധികം പേരും ആധുനിക സാമൂഹ്യസമ്പർക്കമാധ്യമങ്ങളുടെയും സാങ്കേതികമികവുകളുടെയും ലോകത്തിൽ ജീവിക്കുന്നതുകൊണ്ട്, നമ്മുടെ സഭാപൈതൃകവും വിശ്വാസസമ്പത്തും നിലനിറുത്തുന്നതിനാവശ്യമായ സഭാപഠനങ്ങളെല്ലാം വളരെ ഫലപ്രദവും ആധുനികമനസ്സുകൾക്കിണങ്ങിയതുമായ സാമൂഹ്യസമ്പർക്കസങ്കേതങ്ങളിലൂടെ പ്രവാസികൾക്ക് പ്രാപ്യമാക്കുവാൻ നമുക്ക് കടമയുണ്ട്. എങ്കിൽ മാത്രമേ, സഭാപൈതൃകവും തങ്ങളുടെ വ്യതിരിക്തതയും അവരുടെ ഹൃദയങ്ങളിൽ ഉല്ലേഖനം ചെയ്യപ്പെടുകയുള്ളൂ. ആധുനികസാമൂഹികസമ്പർക്കമാധ്യമങ്ങളായ ഇന്റർനെറ്റിന്റെയും മൊബൈൽ ഫോണിന്റെയും സാധ്യതകൾ വിശ്വാസകൈമാറ്റത്തിനായി പൂർണമായും ഉപയോഗപ്പെടുത്തണം. വാട്സ്ആപ്, ടിിറ്റർ, ഫേസ്ബുക് എന്നിവയെല്ലാം ശരിയായവിധത്തിൽ കൈകാര്യം ചെയ്യുമെങ്കിൽ വളർന്നുവരുന്ന തലമുറകളുടെ വിശ്വാസപൈതൃകസംരക്ഷണത്തിന് വലിയ ഗുണം ചെയ്യും.

57) **വിവിധ രാജ്യങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ:**

1. വികസിതരാജ്യങ്ങളിൽ പുതുതലമുറയെ സഭയുടെ മുഖ്യ

ധാരയിലേയ്ക്കു കൊണ്ടുവരുന്നതിനുള്ള നടപടികൾ ആസൂത്രണം ചെയ്യുന്നതിനുമുമ്പ് അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുടെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലേണ്ടിയിരിക്കുന്നു. സഭാത്മക വ്യക്തിത്വത്തെക്കുറിച്ച് പഠിപ്പിക്കുന്നതിനു മുൻപ് മതം, വിശ്വാസം എന്നീ സത്യങ്ങളെക്കുറിച്ച് പുതുതലമുറയെ ബോധ്യപ്പെടുത്തേണ്ടതായും വന്നേക്കാം.

2. ഗൾഫ് നാടുകളിൽനിന്നു പ്രായമായവരിൽ ഒട്ടുമിക്കവരും കേരളത്തിലേക്കു തിരിച്ചുവരുവാൻ ഇഷ്ടപ്പെടുന്നവരാണ്. എന്നാൽ അവരുടെ മക്കൾ അവിടെത്തന്നെ തുടരുകയോ മറ്റെവിടെയെങ്കിലും പ്രവാസികളായി പോവുകയോ ചെയ്തേക്കാം. സങ്കീർണമായിക്കൊണ്ടിരിക്കുന്ന ഈ പ്രശ്നം ശ്രദ്ധാപൂർവം വിശകലനം ചെയ്യപ്പെടേണ്ടതുണ്ട്.

3. നമ്മുടെ അജപാലന ശുശ്രൂഷ എത്തിപ്പെടാത്ത പ്രവാസിസ്ഥലങ്ങളിൽ കഴിയുന്ന കത്തോലിക്കാ കുടുംബങ്ങളെ സഹായിക്കുവാൻ പര്യാപ്തമായ ഒരുക്കങ്ങളും വിദഗ്ധ പദ്ധതികളും ആവശ്യമാണ്.

4. സാമ്പത്തിക ശക്തി എന്ന നിലയിൽ ഇന്ത്യ കുതിച്ചുയർന്നുകൊണ്ടിരിക്കുന്നത് സീറോ മലബാർ സഭയുടെ വളർച്ചയിൽ ശക്തമായ തരംഗങ്ങൾ സൃഷ്ടിക്കും. ഭാരതീയ സംസ്കാരത്തിന്റെ മഹത്വവും പ്രാധാന്യവും ഇളംതലമുറയ്ക്ക് വ്യക്തമാക്കി കൊടുക്കുവാൻ ഇന്ത്യയിലെ സാധ്യതകൾ ഉപകരിക്കും.

58) **പൊതുവായ ചില വിഷയങ്ങൾ**: പ്രവാസികളെ പൊതുവായി ബാധിക്കുന്ന ചില വിഷയങ്ങൾ താഴെ പറയുന്നവയാണ്. (1) വളരെ വേഗം സീറോമലബാർ സഭ ആഗോളസഭയായി മാറിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ, ചരിത്രരേഖകളും പ്രമാണങ്ങളും സൂക്ഷിക്കുന്നതിന് ഗ്രന്ഥരക്ഷാലയം (archives) ഉണ്ടാകേണ്ടതാണ്. (2) പ്രവാസസംഘടനകൾ രാഷ്ട്രീയവും ബിസിനസ്പരവും വ്യക്തിപരവുമായ താൽപര്യങ്ങൾക്കുവേണ്ടി ചൂഷണം ചെയ്യപ്പെടുന്നു എന്നത് സീറോമലബാർ സഭ നേരിടുന്ന വെല്ലുവിളിയാണ്. (3) വിജയകരമായി വളർന്നുവന്നുകൊണ്ടിരിക്കുന്ന പ്രവാസസമൂഹങ്ങളുടെയും സ്തുത്യർഹമായ പ്രവാസിഅജപാലനനേതൃത്വത്തിലുള്ള വൈദിക, സന്യസ്ത, അൽമായ സുഹൃത്തുകളുടെയും വിജയകഥകൾ സഭാപ്രസിദ്ധീകരണങ്ങളിലൂടെ

പരസ്യപ്പെടുത്തുന്നതും പ്രോത്സാഹിപ്പിക്കുന്നതും നല്ലതായിരിക്കും.

## ഉപസംഹാരം

59) ലോകത്തിന്റെ അതിർത്തികൾവരെ മിശിഹായ്ക്ക് സാക്ഷ്യം വഹിക്കാനുള്ള ദൈവദത്തമായ അവസരമാണ് പ്രവാസമക്കളിലൂടെ സീറോമലബാർ സഭക്ക് കൈവന്നിരിക്കുന്നത്. മലമുകളിൽ പണിതുയർത്തപ്പെട്ട പട്ടണമായും ഭവനത്തിലുള്ള എല്ലാവർക്കും പ്രകാശം നൽകുന്ന വിളക്കായും സീറോമലബാർ സഭ ആഗോളസഭയായി പ്രശോഭിക്കും. പ്രവാസികൾ സീറോമലബാർ സഭക്കും സമൂഹത്തിനും നൽകിക്കൊണ്ടിരിക്കുന്ന നിരവധി സേവനങ്ങളെ അംഗീകരിക്കുകയും അഭിനന്ദിക്കുകയും, അവർ നേരിടുന്ന വെല്ലുവിളികളെ തിരിച്ചറിയുകയും ചെയ്തുകൊണ്ട് മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി സഭയുടെ ചരിത്രത്തിലെ ഒരു നാഴികക്കല്ലായി മാറുവാൻ പോകുകയാണ്. സാർവ്വത്രികസഭയിൽ പങ്കാളിത്തനേതൃത്വം ഏറ്റെടുത്തുകൊണ്ട് സഭാസമൂഹങ്ങളെ വളർത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനും സീറോമലബാർ പ്രവാസികൾക്ക് സാധിക്കും. സീറോമലബാർ സഭയുടെ തനിമ പ്രകടിപ്പിക്കുന്നതിനോടൊപ്പം മറ്റ് സഹോദരീ സഭകളെ മനസ്സിലാക്കിയും സഹായിച്ചും അവരുമായി പരസ്പരം പങ്കുവച്ചും ആദരിച്ചും ഒരുമയിൽ വളർന്നുവരുവാൻ നമുക്ക് സാധിക്കണം. പ്രവാസികളോടും അവരുടെ വരുംതലമുറകളോടുമൊപ്പം നടന്ന് ലോകത്തെ മുഴുവൻ സുവിശേഷവൽക്കരിക്കുവാൻ ആവശ്യമായ ഊർജ്ജം ഈ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയിലൂടെ ദൈവം നമുക്ക് നല്കട്ടെ.

## ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

1. സീറോ മലബാർ സഭയിൽനിന്നും സംലഭ്യമാകുന്ന അജപാലന ശുശ്രൂഷയിൽ പ്രവാസികൾ സംതൃപ്തരാണോ? സീറോ മലബാർ പ്രവാസ സമൂഹങ്ങളിലേക്കു കടന്നുചെല്ലാനുള്ള മാർഗങ്ങളും സാധ്യതകളും എന്തൊക്കെയാണ്?

2. പ്രവാസസമൂഹങ്ങളുടെ ആവശ്യങ്ങളോടും വെല്ലുവിളികളോടും ഭാവാത്മകമായി പ്രതികരിച്ചുകൊണ്ട് കാര്യക്ഷമവും സുസജ്ജവുമായ അജപാലനം നടത്തുന്ന വൈദീകരെയും മറ്റ്

ശുശ്രൂഷകരേയും രൂപീകരിക്കുവാൻ സാധ്യമായ നടപടികൾ എന്തൊക്കെയാണ്?

3. സാംസ്കാരിക സാംശീകരണം (cultural adaptation), സാംസ്കാരിക അനുരൂപണം (cultural integration), സാംസ്കാരിക ഉൾചേരൽ (inculturation), സാംസ്കാരിക സങ്കലനം (interculturation) എന്നിവ എപ്രകാരമാണു ഫലപ്രദമായ രീതിയിൽ ആഗോള പ്രവാസികൾക്കിടയിൽ, പ്രത്യേകിച്ച് കുടുംബപാരമ്പര്യത്തിന്റെയും ആചാരാനുഷ്ഠാനങ്ങളുടെയും പശ്ചാത്തലത്തിൽ, നടപ്പിലാക്കുവാൻ സാധിക്കുന്നത്?

4. സീറോ മലബാർ സഭയിലെ പ്രവാസികൾ ഏതുതരം തനിമയിലാണു ജീവിക്കേണ്ടത്? ഏതെല്ലാം ഘടകങ്ങളാണു പ്രവാസികളുടെ ആദ്യതലമുറയും പിന്നീടുള്ള തലമുറകളും സഭാതനിമയായി നിർബന്ധമായും കാത്തുസൂക്ഷിക്കേണ്ടത്?

5. സഭയുടെ സുവിശേഷവത്കരണ ദൗത്യത്തിൽ അർത്ഥവത്തായും സജീവമായും പ്രവാസസമൂഹത്തിന് എപ്രകാരം പങ്കുകാരാകാൻ കഴിയും? അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ എന്തൊക്കെയാണ്? അവയെ നേരിടാനുള്ള മാർഗങ്ങളും സംവിധാനങ്ങളും എന്തൊക്കെയെന്ന് നിർദ്ദേശിക്കുക.

## Endnotes

1. *Gen 12:1; 50:23; 26:16; 41-42; Ex 1:9-10, 1:11-14, 3:8*; *Deut 28:48; Ps 137; Neh 1:9; Rut 1:7; Tob 14:12.*
2. *Mt 2:1&13; 25:34-35*; *Lk 2:4; 9:58; Rom 12:13; 1Tim 3:2, 5:10; 1Pet 4:9*; *2Cor 8:9; Act 8:1;Eph 2:19; 1Cor 12:13-14; Gal 3:28.*
3. *Lev 19:33-34*; *Rom 15:7; Mt 25:31-45; Act 10:34-35.*
4. LG 23; GS, AG 38; CD, 23, 27; OE 2-4.
5. Pope John Paul II, *Erga migrantes caritas Christi*, 2004, nos. 52-54.

6. Letter of Pope St. John Paul II to the Bishops of India on 28th May 1987. The Holy Father insisted the same also in his address to the Plenary Assembly of the Congregation for the Oriental Churches, 1st Oct, 1998.
7. CCEO 17, 21, 29, 31, 32, 128, 38, 39-41, 213, 148, 588, 193, 1465; CIC 112, 383, 476, 518, 112, 111, 214.
8. Pope John Paul II, *Erga migrantes caritas Christi*, 2004, nos. 52-55.
9. There are two Apostolic Vicariates in the Gulf countries: The Southern Vicariate - the territories of the United Arab Emirates, Oman and Yemen and the Northern Vicariate - Kuwait, Qatar, Bahrain and Saudi Arabia.
10. "Guidelines for the Pastoral Care of Migrants" Part III, in *The Code of Particular Law of the Syro-Malabar Church*, Syro-Malabar Major Archiepiscopal Curia, Mount St. Thomas, Kochi, 2013, p. 146.
11. LG 13; *CIC* Can. 844, §§3-4 and *CCEO* Can. 671, §§3-4.
12. *GS 58-59*.
13. Christian faith with all its Jewish cultural garbs were not essentially to be carried forth (Acts 15). The first four books of the apostolic canon of the New Testament contain four different versions of the story. Their titles imply that there is one Gospel, related to four different writers (Lk 1, 1-4).
14. CCEO c. 148.

# ഉപസംഹാരം

ദൈവരാജ്യത്തിന്റെ വിത്തായ സീറോ മലബാർ സഭ എന്നും പ്രവർത്തനനിരതയാണ്. മനുഷ്യരുടെ ജീവിതത്തിന് അർത്ഥവും പ്രത്യാശയുമാണ് അവൾ പ്രഘോഷിക്കുന്ന സുവിശേഷം. ഈ ദൗത്യം പരിശുദ്ധാത്മാവിനാൽ പ്രേരിതയായി നിർവഹിക്കുന്നതിന് ലഭിച്ചിരിക്കുന്ന സുവർണാവസരമാണ് മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി. ഭാഗ്യസ്മരണാർഹനായ സഭയുടെ മുൻ മേജർ ആർച്ച്ബിഷപ് കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ പിതാവ് വിശേഷിപ്പിച്ചതുപോലെ, "അസംബ്ലി സഭയുടെ ഒരു പരിഛേദത്തിന്റെ സംഘാതമായ കൂട്ടായ്മയാണ്. പരിശുദ്ധാത്മാവ് സഭയോട് എന്തുപറയുന്നു എന്ന് വിവേചിക്കാനുള്ള വിശുദ്ധ ദിനങ്ങളാണ്."[1] അതിന് ഒരുക്കമായി പ്രസിദ്ധീകരിക്കപ്പെടുന്ന ഈ ചർച്ചാസഹായി കൈകാര്യം ചെയ്യുന്ന മൂന്ന് വിഷയങ്ങളും ദൈവജനത്തിന്റെ ജീവിതത്തിലേക്ക് ഇറങ്ങിച്ചെല്ലുവാനുള്ള സഭയുടെ ആഗ്രഹം വെളിപ്പെടുത്തുന്നവയാണ്. ലോകത്തിലും സഭയിലും ക്രിസ്തുവിന് സാക്ഷ്യം വഹിക്കുന്നതിന് വിശ്വാസസമൂഹത്തിനുള്ള പ്രത്യേക മികവുകളും അവർ നേരിടുന്ന വെല്ലുവിളികളും ഏവയെന്ന് മനസ്സിലാക്കാനുള്ള കൂട്ടായ്മയിലുള്ള പരിശ്രമമാണ് അസംബ്ലി. അസംബ്ലിയിലൂടെ സഭ അവളുടെ അപ്പസ്തോലിക പാരമ്പര്യം ലോകത്തിൽ ജീവിച്ചുകൊണ്ട് കത്തോലിക്കാകൂട്ടായ്മക്ക് ആക്കം കൂട്ടുന്നു; രാഷ്ട്രനിർമ്മിതിയിലുള്ള അവളുടെ പങ്ക് വർദ്ധമാനമാക്കുകയും ചെയ്യുന്നു.

യേശുവിന്റെ ലളിതജീവിതവും പഠനങ്ങളും നമ്മുടെ ജീവിതരീതികൾ സുവിശേഷാനുസൃതമാക്കുന്നതിന് ആഹ്വാനം ചെയ്യുന്നു. അതിനാവശ്യമായ പ്രായോഗിക നടപടികളിലേക്ക് നയിക്കുന്നതാണ് അസംബ്ലിയുടെ ആദ്യവിഷയമായ, "ജീവിതലാളിത്യം". ഇന്നത്തെ സമൂഹത്തെ കാർന്നുതിന്നുന്ന കമ്പോളസംസ്കാരം, സമൂഹത്തിൽ ഉടലെടുക്കുന്ന വ്യക്തിയധിഷ്ഠിതമായ സാമൂഹി

[1] Mar Varkey Cardinal Vithayathil, "Inaugural Message" in *Acts of the Third Major Archiepiscopal Assembly*, edited by Fr. Justin Vettukallel MST, Syro-Malabar Major Archiepiscopal Curia, Mount St. Thomas, Kakkanad, 2010, p. 20.

ക, മത, അനുഷ്ഠാനങ്ങൾ, പുരോഗതിയെക്കുറിച്ചുള്ള തെറ്റായ അനുമാനങ്ങൾ തുടങ്ങിയവയെ വിമർശനാത്മകമായി വിലയിരുത്തിക്കൊണ്ടാണ് ലളിതജീവിതത്തിനെതിരായ വെല്ലുവിളികളെ നേരിടേണ്ടത്. ഈ വിഷയത്തെക്കുറിച്ചുള്ള നമ്മുടെ ചർച്ചകൾ ലാളിത്യത്തിന്റെ ആത്മീയത നമ്മുടെ ജീവിതത്തിന്റെ വ്യക്തിപരവും കുടുംബപരവും സാമൂഹികവുമായ മാനങ്ങളെയും സഭയുടെ അജപാലനമനോഭാവങ്ങളെയും ഘടനകളെയും എങ്ങിനെ സ്പർശിക്കുന്നു എന്നതിൽ കേന്ദ്രീകരിച്ചു കൊണ്ടാകണം.

രണ്ടാമത്തെ വിഷയമായ "കുടുംബത്തിലെ ക്രൈസ്തവ സാക്ഷ്യം" കുടുംബത്തെക്കുറിച്ചുള്ള ദൈവികപദ്ധതിയെ കൂടുതൽ മനസ്സിലാക്കുന്നതിനും, കുടുംബം ഇന്ന് നേരിടുന്ന വെല്ലുവിളികളോട് പ്രതികരിക്കുന്നതിന് സീറോമലബാർ സഭയിലെ സമ്പന്നമായ കുടുംബപാരമ്പര്യങ്ങളെ ശക്തിപ്പെടുത്തുന്നതിനും വിശ്വാസികളെ ആഹ്വാനം ചെയ്യുന്നു. കുടുംബത്തിന്റെ ഘടനയെയും ദൃഢതയെയും നശിപ്പിക്കുന്ന ഇന്നത്തെ സമൂഹത്തിലെ പല പ്രവണതകളും കുടുംബജീവിതത്തിനു മാത്രമല്ല തുരങ്കം വയ്ക്കുന്നത്, സീറോമലബാർ സഭയുടെ സാമൂദായിക അടിത്തറക്ക് തന്നെയാണ്. സാമൂഹിക, സാംസ്കാരിക തലങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഗതിമാറ്റങ്ങൾ മൂലം കുടുംബങ്ങളിലെ മാനസിക, വൈകാരിക തലങ്ങളിൽ സംഭവിച്ചിരിക്കുന്ന അസംതുലിതാവസ്ഥ കുടുംബങ്ങളെ നിർജ്ജീവമാക്കിക്കൊണ്ടിരിക്കുന്നു. കത്തോലിക്കാ സഭയുടെ വ്യക്തിപര, വൈകാരിക പക്വതയെക്കുറിച്ചുള്ള പഠനങ്ങളുടെ വെളിച്ചത്തിൽ ഈ വെല്ലുവിളികളെ നേരിടുന്നതിന് സഭയുടെ കുടുംബപ്രേഷിതത്വത്തെ എങ്ങിനെ ശക്തിപ്പെടുത്താം എന്ന് ഈ അസംബ്ലി ഗൗരവമായി ചർച്ചചെയ്ത് തീരുമാനങ്ങളിലെത്തുമെന്ന് നമുക്ക് പ്രത്യാശിക്കാം. സഭയുടെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന സഭാമക്കൾക്ക് നമ്മുടെ ചെറുപ്പക്കാരായ ദമ്പതികളെ എങ്ങിനെ സഹഗമിക്കാം (accompany) എന്ന് തുടർചർച്ചകളിൽ വിശകലനം ചെയ്യപ്പെടണം.

മൂന്നാമത്തെ വിഷയമായ "പ്രവാസികളുടെ ദൗത്യം" സീറോമലബാർ കുടിയേറ്റങ്ങൾ നൽകുന്ന സാധ്യതകളും ഉയർത്തുന്ന

വെല്ലുവിളികളും ഏവയെന്ന് വിശകലനം ചെയ്യുന്നു. ഈയടുത്ത കാലത്തായി പ്രവാസകുടുംബങ്ങളിലെയും സമൂഹങ്ങളിലെയും മാറിവരുന്ന സാമൂഹിക, സാംസ്കാരിക, ഭാഷാപര സാഹചര്യങ്ങളിലുള്ള വിശ്വാസകൈമാറ്റം സീറോമലബാർ സഭ വളരെ ഗൗരമായ പരിചിന്തനത്തിന് വിഷയമാക്കി വരുന്നു. എങ്കിലും, നമ്മുടെ പ്രവാസസമൂഹങ്ങളെ ശക്തിപ്പെടുത്തുന്നതിനും ചിതറിപ്പാർക്കുന്ന സീറോമലബാർ വിശ്വാസികളെ വിശ്വാസം ജീവിക്കുന്നതിനും അവരവരുടെ സാഹചര്യങ്ങളിൽ സുവിശേഷപ്രഘോഷകരാക്കുന്നതിനുമുള്ള പ്രായോഗിക നടപടികളെക്കുറിച്ച് ഈ അസംബ്ലി ആഴത്തിൽ ചിന്തിക്കേണ്ടിയിരിക്കുന്നു. സീറോമലബാർ സഭ ഒരു ആഗോളസഭയായി രൂപാന്തരപ്പെടുന്നതിനുള്ള സുവർണാവസരങ്ങളാണ് കുടിയേറ്റങ്ങൾ. അതിനാവശ്യമായ ദിശാബോധം പ്രവാസസമൂഹങ്ങൾക്ക് നൽകുകയും കേരളത്തിലെ വിശ്വാസികളെ ഒരുക്കുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്.

ഈ വെല്ലുവിളികളെ സഭാമക്കളെല്ലാവരും സംഘാതമായി കൈകാര്യം ചെയ്യുന്നതിനു വേണ്ടിയാണ് ഈ ചർച്ചാസഹായി പ്രസിദ്ധീകരിച്ചിരിക്കുന്നത്. വ്യത്യസ്തങ്ങളായ നിരീക്ഷണങ്ങളിലേക്കും പ്രതികരണങ്ങളിലേക്കും അവലോകനങ്ങളിലേക്കും നയിക്കുവാൻ ഉപയുക്തമായ ഒരു മാർഗ്ഗരേഖ മാത്രമാണിത്. ഓരോ വിഷയത്തിന്റെയും അവസാനത്തിൽ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾ സഭയുടെ വിവിധതലങ്ങളിലെ - രൂപതകൾ, വൈദികകൂട്ടായ്മകൾ, ഇടവകകൾ, സന്യാസസമൂഹങ്ങൾ, പ്രവാസി സമൂഹങ്ങൾ, കുടുംബകൂട്ടായ്മകൾ, വ്യക്തിപരമായ വിചിന്തനങ്ങൾ - ചർച്ചകൾക്ക് വിധേയമാകണം. ഈ പ്രതികരണങ്ങൾ സീറോമലബാർ വിശ്വാസിസമൂഹത്തിന്റെ പൊതുവായ പ്രതികരണമായി കണക്കാക്കപ്പെടും. ഇവയാണ് അസംബ്ലിക്കു മുമ്പ് പുറപ്പെടുവിക്കുന്ന അസംബ്ലിയുടെ പ്രവർത്തന മാർഗ്ഗരേഖയുടെയും ചർച്ചകളുടെയും ഗതി നിയന്ത്രിക്കുന്നത്. അതിനാൽ, ഈ ചർച്ചാസഹായിയെ വളരെ ഗൗരവപൂർവകമായ പരിചിന്തനത്തിന് വിധേയമാക്കുവാൻ എല്ലാ സഭാവിശ്വാസികളെയും സീറോമലബാർ സിനഡ് ആഹ്വാനം ചെയ്യുന്നു.

# ABBREVIATIONS

| | | |
|---|---|---|
| AAS | : | *Acta Apostolicae Sedis* |
| AG | : | *Ad Gentes* |
| ANF | : | Ante-Nicene Fathers |
| CCC | : | Catechism of the Catholic Church |
| CCEO | : | *Codex Canonum Ecclesiarum Orientalium* |
| CD | : | *Christus Dominus* |
| CIC | : | *Codex Iuris Canonici* |
| EG | : | *Evangelii Gaudium* |
| EMCC | : | *Erga Migrantes Caritas Christi* |
| FC | : | *Familiaris Consortio* |
| GS | : | *Gaudium et Spes* |
| LF | : | *Lumen Fidei* |
| LG | : | *Lumen Gentium* |
| LS | : | *Laudato Si'* |
| MD | : | *Mulieris Dignitatem* |
| NPNF | : | Nicene and Post-Nicene Fathers |
| OE | : | *Orientalium Ecclesiarum* |
| PFS | : | Pope Francis' Speech |
| PL | : | *Patrologia Latina* |
| PP | : | *Populorum Progressio* |